Reg. No. C. 101, M 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മീനം 3 | ലക്കം 30

## ഫലപ്രദമായ പ്രതിവിധി

(ഡേവിഡ് മഹാപിള്ള)

പ്രകൃതിയും ക്രിസ്തുമതവും പഠിപ്പിക്കുന്ന ഒരു നിത്യസത്യമാണ്, "കരുണയുള്ളവർ ഭാഗ്യവാന്മാരാകുന്നു; അവർക്കു കരുണ ലഭിക്കും" എന്നുള്ളതു്. കാരുണ്യപ്രവൃത്തികളുടെ മാഹാത്മ്യം തെളിയിക്കുന്ന നിരവധി അനുഭവങ്ങൾ നമ്മുടെ ചുററിലും നാം കാണുന്നുണ്ടു്. മൺമറഞ്ഞുപോയ മഹാന്മാരുടേയും പുണ്യവാന്മാരുടേയും ജീവചരിത്രങ്ങൾ പരസ്നേഹപ്രവൃത്തികളുടെ അത്ഭുതകരമായ ഫലങ്ങൾക്കു സാക്ഷ്യം വഹിക്കുന്നുമുണ്ടു്. മനുഷ്യരേയും മനുഷ്യരേയും—തൊഴിലാളികളേയും മുതലാളികളേയും, ദരിദ്രരേയും സമ്പന്നരേയും, രോഗികളേയും സുഖിമാന്മാരേയും—പരസ്പരം ഹൃദയംഗമമായി ബന്ധിക്കുന്ന ഉരുക്കുചങ്ങലയത്രെ പരസ്നേഹപ്രവൃത്തികൾ. ഈ ശൃംഖലകൾ നിർമ്മിക്കുന്നതിനായി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിശ്വവ്യാപകമായ ഒരു സംഘടനയാണ് സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം.

ദരിദ്രർവഴി ദൈവത്തെ സ്വീകരിച്ചു് ദരിദ്രർവഴി ദൈവത്തെ ശുശ്രൂഷിക്കുകയാണ് ഈ സഖ്യത്തിൻെറ പരമമായ ആദർശം. "എൻെറ ഏററം എളിയ ഈ സഹോദരന്മാരിൽ ഒരുവനു ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാകുന്നു ചെയ്തതു്" എന്ന ക്രിസ്തുനാഥൻെറ വാക്കുകളാണ് ഈ സഖ്യത്തിൻെറ ആധാരം. സാധുക്കളുടെ സാമൂഹ്യവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധിയും അംഗങ്ങളുടെ ആത്മീയോന്നമനവുമാണ് ഈ സഖ്യത്തിൻെറ പരമലക്ഷ്യം. ദാരിദ്ര്യത്താൻ വലയുന്നവരും എന്നാൽ അഭിമാനംമൂലം പരസഹായം തേടുന്നതിനു നിവൃത്തിയില്ലാതെ വിഷമിക്കുന്നവരും, തൊഴിൽ ചെയ്യുവാൻ ശേഷിയില്ലാതെയും തൊഴിലില്ലാതെയും പട്ടിണിമൂലം കഷ്ടപ്പെടുന്നവരും നമ്മുടെയിടയിൽ ധാരാളമുണ്ടു്. ഇങ്ങനെയുള്ളവരാണ് സാക്ഷാൽ സഹായമർഹിക്കുന്നവർ. ഇങ്ങനെയുള്ളവരെ അന്വേഷിച്ചറിഞ്ഞു സഹായിക്കുകയും ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുത്തു അവരെ രക്ഷിക്കുകയുമാണ് ഈ സഖ്യത്തിൻെറ പ്രധാന പ്രവർത്തനപദ്ധതി.

നിസ്വാർത്ഥവും നിരന്തരവുമായ സാധുജനസേവനംകൊണ്ടു അനേകരെ ഉദ്ധരിച്ചു തലമുറതലമുറകളുടെ ആരാദ്ധ്യപാത്രമായിവിരാജിക്കുന്ന വിൻസെൻറു ഡി പോൾ പുണ്യവാനാണ് ഈ സഖ്യത്തിൻെറ പൊതുവായ സ്വർഗ്ഗീയമദ്ധ്യസ്ഥൻ. വിപ്ലവത്തിൻെറ അനന്തരഫലമായ അരാജകത്വവും കൊള്ളയും ഉഗ്രമായ വസന്തയും ക്ഷാമവുംമൂലം ഫ്റഞ്ചുജനത ദുരന്തദുരിതങ്ങളനുഭവിച്ചിരുന്നകാലത്തു ഈ പുണ്യദേഹം രാജ്യമൊട്ടുക്കു സഞ്ചരിച്ചു രോഗികളെ ശുശ്രൂഷിച്ചും ദരിദ്രരെ സഹായിച്ചും ശത്രുക്കളെ രമ്യപ്പെടുത്തിയും അനേകരെ ശാരീരികമായും ആത്മീയമായും രക്ഷിച്ചു. മഹനീയമായ ഈ മാതൃകയാൽ പ്രേരിതരായി പ്രഭുക്കന്മാരും സമ്പന്നന്മാരും ഉൾപ്പെട്ട അനേകർ ഇദ്ദേഹത്തിൻെറ അനുയായികളായിത്തീർന്നു. ഈ ധന്യാത്മാവിൻെറ പരസ്നേഹതീക്ഷ്ണതയുടേയും ദീർഘദൃഷ്ടിയുടേയും ഫലമായി ഇദ്ദേഹത്താൽ സ്ഥാപിക്കപ്പെട്ടതാണ് ഇന്നു ലോകമെങ്ങും ആതുരാലയങ്ങളിലും ആശുപത്രികളിലും സ്നേഹപൂർവ്വം രോഗികളെ പരിചരിച്ചുവരുന്ന, "ലാസറിസ്റ്റു വൈദികരു"ടേയും, "ഉപവിയുടെ സഹോദരികളു"ടേയും സന്യാസസഭകൾ. (ഉപവിയുടെ സഹോദരികളാണ് നമ്മുടെ ആശുപത്രികളിലും പ്രതിഫലമില്ലാതെ രോഗികളെ ശുശ്രൂഷിച്ചുവരുന്ന കന്യാസ്ത്രീകൾ). ഈ സ്ഥാപനങ്ങളോടൊപ്പം ഈ വിശുദ്ധൻെറ മഹനീയമാതൃകകളെ അനുകരിച്ചു വിൻസെൻറു് ഡി പോൾ സഖ്യവും സാധുജനസേവനം അനുഷ്ഠിച്ചുവരുന്നു.



ഫെബ്രുവരി 8-ാംനു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ കരങ്ങളിൽനിന്നും കർമ്മലസഭാവസ്ത്രം സ്വീകരിച്ച നവകന്യകകളും കർമ്മലസഭയിലെ പൊതുസംഘാംഗങ്ങളും

ഫ്റാൻസ്‌രാജ്യം വീണ്ടും വിപ്ലവങ്ങൾക്കും അക്രമങ്ങൾക്കും വിധേയമായി. മതവും സന്യാസസഭകളും ബഹിഷ്കരിക്കപ്പെട്ടു. ജനങ്ങളധഃപതിച്ചു. പഞ്ഞവും പകർച്ചവ്യാധികളും സർവ്വത്ര വ്യാപിച്ചു. ഇത്തരുണത്തിൽ സഭയേയും ജനങ്ങളേയും ഉദ്ധരിക്കുവാൻ പലരും അക്ഷീണയത്നം ചെയ്തു. "ദുരിതപ്പെടുന്നവർക്കുവേണ്ടി കത്തോലിക്കർ എന്തുചെയ്യുന്നു?" എന്ന ചോദ്യം ഈയവസരത്തിൽ ഇവർക്കെതിരായി ഉയർന്നുകൊണ്ടിരുന്നു. യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാൻ ഈ ചോദ്യം അന്നു പാരീസ് സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയായിരുന്ന ഫ്റെഡറിക്ക് ഓസ്സാനാമിനെ പ്രേരിപ്പിച്ചു. രോഗികളെ ശുശ്രൂഷിക്കുന്നതും ദരിദ്രരെ സഹായിക്കുന്നതും ആശുപത്രികളിലേയും ആതുരശാലകളിലേയും സന്യാസികൾക്കുമാത്രമുള്ളതല്ലെന്നും ജനമദ്ധ്യത്തിൽ വ്യാപരിക്കുന്ന അൽമേയരുടേയും അനുപേക്ഷണീയകർത്തവ്യമാണെന്നും ചിന്താശീലനായ ഓസ്സാനാമിനു ബോദ്ധ്യപ്പെട്ടു. തൽഫലമായി വിൻസെൻറ് ഡി പോൾ പുണ്യവാൻെറ മാതൃകകളെ ആദർശമാക്കി ഫ്റെഡറിക്ക് ഓസ്സാനാം സ്ഥാപിച്ചതാണ് സെൻറ് വിൻസെൻറു ഡി പോൾ സഖ്യം.

1833-ൽ ഫ്റെഡറിക്ക് ഓസ്സാനാം തൻെറ അഞ്ചു സഹപാഠികളോടുകൂടി ബെയിലി എന്ന പത്രാധിപരുടെ അദ്ധ്യക്ഷതയിൽ സമാരംഭിച്ച ഈ സഖ്യത്തിൻെറ ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ ശത്രുമിത്രഭേദമെന്യേ സകലരേയും ആകർഷിച്ചു. താമസംവിനാ ഫ്റാൻസിലെ ഇതരഭാഗങ്ങളിലും സമീപരാജ്യങ്ങളിലും അനവധി ശാഖകൾ സ്ഥാപിക്കപ്പെട്ടു. ക്രമേണ ഇതു വിശ്വമെങ്ങും വ്യാപിച്ചു. ഇങ്ങനെ 115 വർഷങ്ങൾക്കുമുൻപു് പാരിസിലെ ഒരു മൂലയിൽ ഓസ്സാനാം പാകിയ ആ കടുകുമണി മുളച്ചു്, തഴച്ചുവളർന്നു്, ശാഖോപശാഖകളായി പടർന്നു്, ഇന്നു ലോകമെങ്ങും തണൽ വിരി അനേകർക്കു് ആശ്വാസവും രക്ഷയുമേകിവരുന്നു.

മാർപ്പാപ്പാമാർ പ്രാരംഭംമുതലേ ഈ സഖ്യത്തെ അനുഗ്രഹിച്ചു നാനാതരത്തിലും പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനു പലവിധ ദണ്ഡവിമോചനങ്ങളും അനുവദിക്കപ്പെട്ടിട്ടുണ്ടു്. മാർപ്പാപ്പായാൽനിയോഗിക്കപ്പെടുന്നഒരു കർദ്ദിനാൾ ഈ സഖ്യത്തെ ആത്മീയമായി നയിക്കുന്നു. ലോകമെങ്ങുമുള്ള എല്ലാ ശാഖകളേയും ഓരോ രാജ്യത്തുമുള്ള സെൻട്രൽ കൗൺസിൽ വഴിയായി പാരിസിലുള്ള കേന്ദ്രസഭ (സുപ്പീരിയർ) കൗൺസിൽ നിയന്ത്രിച്ചുവരുന്നു. സഖ്യത്തിൻെറ പൊതുവായ മദ്ധ്യസ്ഥനുംപുറമെ ഓരോ ശാഖയ്ക്കും ഓരോ പ്രത്യേകമദ്ധ്യസ്ഥൻ ഉണ്ടായിരിക്കുന്നതും ഓരോ ശാഖയും ആ മദ്ധ്യസ്ഥൻെറ പേരിലുള്ള കോൺഫ്റൻസ് എന്നറിയപ്പെടുന്നതുമാണ്. ഈ സഖ്യത്തിനു പ്രവർത്തകാംഗങ്ങൾ, പ്രോത്സാഹകാംഗങ്ങൾ, വരിക്കാർ എന്നിങ്ങനെ മൂന്നുതരം അംഗങ്ങളുണ്ടു്. പ്രവർത്തകാംഗങ്ങൾ ഇതിൻെറജീവനാഡിയും മററംഗങ്ങൾ പോഷകഘടകങ്ങളുമത്രെ. ഓരോ ശാഖയുടെ(കോൺഫ്റൻസിൻെറ)യും പ്രവർത്തകാംഗങ്ങൾ പ്രതിവാരം യോഗം കൂടേണ്ടതും, അംഗങ്ങൾ അതാതാഴ്ചയിലെ പ്രവർത്തനവിവരങ്ങളും സഹായാഭ്യർത്ഥനകളുമടങ്ങിയ റിപ്പോർട്ടുകൾ യോഗത്തിൽ ഹാജരാക്കേണ്ടതുമാകുന്നു. ഈ റിപ്പോർട്ടുകളെ പരിഗണിച്ചു ആർക്കു്, എന്തെല്ലാം സഹായങ്ങൾ ചെയ്യണമെന്നു യോഗത്തിൽ നിശ്ചയിക്കുന്നു. സഹായം അർഹിക്കുന്നവർക്കു് ഭക്ഷണസാധനങ്ങൾ, വസ്ത്രം, മരുന്നു മുതലായവ വാങ്ങിക്കൊടുക്കുക, പുര കെട്ടിക്കുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനും തൊഴിൽ നടത്തുന്നതിനും മററും സഹായിക്കുക, രോഗികളെ അന്വേഷിക്കുക, നിസ്സഹായരുടെ ശവസംസ്കാരം നടത്തുക ആദിയായ എല്ലാവിധ സഹായങ്ങളും യഥാർഹം ഈ സഖ്യത്തിൽനിന്നു ചെയ്തുകൊടുക്കുന്നതാണ്. സഹായങ്ങൾ സാധനങ്ങളായിട്ടല്ലാതെ സാധാരണഗതിയിൽ പണമായിട്ടു കൊടുക്കുവാൻ പാടില്ല. യോഗത്തിൽ നിശ്ചയിക്കുന്ന സഹായങ്ങൾ അതിലേക്കു ചുമതലപ്പെട്ട അംഗങ്ങൾ സഹായാർത്ഥികൾക്കു എത്തിച്ചുകൊടുക്കണം. സഹായം അർഹിക്കുന്നവരുടെ ജാതിയോ, മതമോ, സ്വഭാവമോ മറേറതെങ്കിലും കാര്യങ്ങളോ പരിഗണനാർഹങ്ങളല്ല. രാഷ്ട്രീയമോ സാമൂഹ്യമോ ആയ കാര്യങ്ങൾ ഈ കോൺഫ്റൻസു യോഗങ്ങളിൽ സംവാദവിഷയങ്ങളാകുവാൻ പാടില്ല. പ്രവർത്തകാംഗങ്ങളിൽനിന്നു പ്രതിവാരയോഗങ്ങളിൽവച്ചു നടത്തുന്ന രഹസ്യപിരിവും പ്രോത്സാഹകാംഗങ്ങളുടേയുംമററും വരിസംഖ്യയും സന്മനസ്സുള്ളവരുടെ സംഭാവനകളുമാണ് ഈ സഖ്യത്തിൻെറ വരവിനങ്ങൾ. പ്രവർത്തകാംഗങ്ങളായി ചേർന്നു മേൽവിവരിച്ചിട്ടുള്ള ഗൗരവമേറിയ ചുമതലകൾ നിർവ്വഹിക്കുവാൻ സൗകര്യമില്ലാത്തവർ പ്രോത്സാഹകാംഗങ്ങളായി പണം, വസ്ത്രം, ആഹാരസാധനങ്ങൾ ആദിയായവ യഥാശക്തി സംഘത്തിലേക്കു നൽകി ഇതിൻെറ പ്രവർത്തനങ്ങളെ സഹായിക്കേണ്ടതാണ്.

മോഹനസുന്ദരമായ സാമ്പത്തികസമത്വത്തിൻെറ പേരിൽ പരിവർത്തനത്തിനും വിപ്ലവങ്ങൾക്കും വേണ്ടിയുള്ള പ്രക്ഷോഭണത്തിൻെറ കാലമാണല്ലോ ഇതു്. പട്ടിണിപ്പാവങ്ങളുടെ പേരിൽ നടത്തപ്പെടുന്ന ഈ സംരംഭങ്ങൾ സാധുക്കൾക്കു് ഗുണമോ ഉപകാരമോ അല്ല ഉളവാക്കുന്നതെന്നും, പ്രത്യുത ദോഷത്തിനും ദ്രോഹത്തിനുമാണുപകരിക്കുന്നതെന്നും ബുദ്ധിയും അനുഭവവും തെളിയിക്കുന്നുണ്ടു്. യുഗയുഗാന്തങ്ങളായി പരിപാലിക്കപ്പെട്ടുവരുന്ന ധാർമ്മികതത്വങ്ങളേയും സാന്മാർഗ്ഗിക നീതിബോധത്തേയും അവഗണിച്ചുകൊണ്ടുള്ള സാമ്പത്തികസമീകരണമെന്നല്ല, എന്തുതന്നെയും,



# ബാലരംഗം

## ഓററ്റിയിലെ ബാലരംഗം

"അരുമക്കിടാങ്ങളെയെന്നരികിൽ
വരുവാനനുവദിക്കേണംനിങ്ങൾ
ഇവരെപ്പോലുള്ളോരമലന്മാർതാ-
നമരത്വമാളുന്ന പുണ്യവാന്മാർ."

പ്രിയ കുഞ്ഞുങ്ങളേ,

ഒന്നാമത്തെ ലോകമഹായുദ്ധം വിജയപര്യവസാനത്തോളം നടത്തിക്കയും, വെർസേ ഉടമ്പടിവഴിയായി ജർമ്മനിയെ കുച്ചിക്കെട്ടുന്നതിൽ ഒരു സിംഹഭാഗം വഹിക്കയും ചെയ്ത ഫ്റഞ്ച് പ്രധാനമന്ത്രി മൊൺഷർ ക്ലെമെൻസോ ഫ്റാൻസിലെ കടുവാ എന്ന അപരനാമത്താലാണ് അറിയപ്പെടുന്നത്. അത്ര നിർദ്ദയനും കഠോരഹൃദയനുമായിരുന്നു അദ്ദേഹം. എങ്കിലും അദ്ദേഹം എഴുതിയിട്ടുള്ള ആത്മകഥാകഥനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഗതി ഇതിനു നേരെ വിപരീതമായി തോന്നിപ്പോകുന്നു. ചെറുപ്പത്തിൽ അദ്ദേഹം കുഞ്ഞുങ്ങളുണ്ടായിരുന്ന ചില തള്ളപ്പക്ഷികളെ വെടിവെച്ചു കൊല്ലാനിടയായതിൽ അനല്പമായ ഖേദം പ്രദർശിപ്പിച്ചിരിക്കുന്നു. ആ കുഞ്ഞുങ്ങൾ നിരാശ്രയരായിത്തീർന്നിട്ടുണ്ടായിരിക്കണമല്ലോ എന്നുള്ളതാണ് അദ്ദേഹത്തിന്റെ മനസ്താപകാരണം. ആ കടുവായ്ക്കുപോലും കുഞ്ഞുങ്ങൾക്കു തള്ളമാരെക്കൊണ്ടുള്ള ആവശ്യം ഗ്രഹിപ്പാൻ സാധിച്ചു.

ജോൺബോസ്കോഅച്ചന്റെ ഓററ്റിയിൽ ഒരു കുറവാണുണ്ടായിരുന്നതു്. കുട്ടികൾ ധാരാളമുണ്ടായിരുന്നെങ്കിലും അവർക്കു ഒരു അമ്മയുണ്ടായിരുന്നില്ല. മർഗ്ഗരീത്താമ്മയും ഓററ്റിയിൽ വന്നെത്തിയതോടെ ആ വലിയ കുറവും ഇതാ പരിഹരിക്കപ്പെട്ടിരിക്കുന്നു. ഓററ്റിയുടെ ഒരു നവീനാദ്ധ്യായം സമാരംഭിച്ചിരിക്കുന്നു. മർഗ്ഗരീത്താമ്മ ആ അനാഥക്കുട്ടികൾക്കെല്ലാം അമ്മയായി ഭവിച്ചിരിക്കുന്നു. "മമ്മാ മാർഗരററു്" എന്ന മധുരനാമത്താലാണ് കുട്ടികളെല്ലാം ആ ധന്യയെ വിളിച്ചിരുന്നതു്. അതിനാൽ ആ നാമധേയത്തിനു ഇന്നു സലേഷ്യൻ ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിരിക്കുന്നു. ഓററ്റിയിലെ ഒട്ടേറെ നാളത്തെ ബാലരംഗങ്ങളിൽ പ്രധാന കഥാപാത്രം മമ്മാ മാർഗരററു് തന്നെ.

ഇതാ ഭക്ഷണനേരമായി. ഭക്ഷണശാല ഇതേവരെ ഉണ്ടായിട്ടില്ല. അതിനാൽ മുററത്തും വരാന്തയിലും അവിടെയും ഇവിടെയുമായി കുട്ടികൾ സ്ഥലംപിടിച്ചിരിക്കുന്നു. മമ്മാ മാർഗരററു ഒരു മേൽവസ്ത്രവുംചുററി, കൈയിൽ ഒരു തവിയുമായി അവിടെ പ്രത്യക്ഷപ്പെട്ട് ഓരോരുത്തരുടേയും പാത്രങ്ങളിൽ സൂപ്പു വിളമ്പുന്നു. തള്ളപ്പക്ഷി തീററിയുമായി പറന്നെത്തുമ്പോൾ കുഞ്ഞുങ്ങൾ കാണിക്കുന്ന വെപ്രാളമെല്ലാം ഇവിടെയും ദൃശ്യമാകുന്നുണ്ട്. എങ്കിലും ശാന്തമായി മധുരമായി, ആ നല്ല തള്ള എല്ലാവരേയും തൃപ്തിപ്പെടുത്തുന്നു. അനന്തരം അപ്പം വിളമ്പുകയായി. "മമ്മാ, എനിക്കു", എനിക്കു" എന്നുള്ള ബഹളം അവിടെയും കേൾക്കാം. മെല്ലെ, മെല്ലെ, എല്ലാവർക്കും കൊടുത്തുകഴിഞ്ഞു. അപ്പോൾ ബോസ്കോഅച്ചൻ കുറേ ആപ്പിൾപഴങ്ങളുമായി ഇതാ പ്രത്യക്ഷപ്പെടുന്നു. ആനന്ദപ്രദമായ ആ തിക്കും തിരക്കും അവിടെയും കാണാം. അനന്തരം എല്ലാവരും ഇതാ കളിക്കാൻ പോകുന്നു.

നേരം സന്ധ്യയായി. കുട്ടികളുടെ കീറിയവസ്ത്രങ്ങൾ നന്നാക്കി എടുക്കുന്നതിൽ ബദ്ധശ്രദ്ധയായി മമ്മാ മാർഗരററു് ഒരു വിളക്കിനടുത്തിരിക്കുന്നു. ആ വിളക്കിനു തന്നെ ചുററുംകൂടി ചില കുട്ടികൾ വായിക്കുന്നു; ചിലർ എഴുതുന്നു. മുറിയുടെ വേറൊരു ഭാഗത്തു ഒരു കുട്ടി വീണ വായിക്കുന്നു. ബോസ്കോഅച്ചൻ ഒരു മൂലയിൽ ഇരുന്നു് കുട്ടികളുടെ ചെരിപ്പുകൾ നന്നാക്കുന്നു. വീണവായിക്കുന്ന കുട്ടി രാഗം തെററിക്കുന്നതുകേട്ടു അദ്ദേഹം അടുത്തുകിടന്നിരുന്ന ഒരു തവിയെടുത്തു താളം പിടിച്ചു് രാഗം ശരിയാക്കിക്കൊടുക്കുന്നു. വ്യവസായശാലകളിൽ ജോലിചെയ്യുന്ന കുട്ടികളെ മുതലാളിമാർ ചിലപ്പോൾ രാത്രി വളരെ ഇരുട്ടിയിട്ടേ വിടാറുള്ളു. ഭക്ഷണം ചൂടാറാതെ അവർക്കും കൊടുക്കണമെന്നു മാർഗരററിനു വളരെ നിർബന്ധമാണ്. അതിനാൽ അവർക്കുള്ള ഭക്ഷണസാധനങ്ങൾ വീണ്ടും തീകത്തിച്ചു് ഇതാ അവർ ചൂടാക്കിക്കൊണ്ടിരിക്കുന്നു.

ഒരു പയ്യൻ മമ്മായുടെ ചാരേ പററിക്കൂടുന്നു. "മമ്മാ! എനിക്കൊരു റൊട്ടി കിട്ടിയേകഴിയൂ." "ഇപ്പോൾ നീ ഭക്ഷണം കഴിച്ചതല്ലേ മകനേ?" "ഇന്നു വല്ലാത്ത വിശപ്പാണു മമ്മാ." "ആട്ടെ ഇതുകൊണ്ടുപോ. ആരോടും മിണ്ടിയേക്കരുതു്." എങ്ങനെയോ അതു മനസ്സിലാക്കി വേറെ കുസൃതികളും ഇതാ മമ്മയുടെ പക്കലെത്തിയിരിക്കുന്നു. ആരേയും വെറുംകൈയായി വിടാൻ മാർഗരററിനു നിവൃത്തിയില്ല.

ബോസ്കോ അച്ചനു ബറോളോ പ്രഭ്വിയുടെ ആതുരശാലയിലുണ്ടായിരുന്ന ഉദ്യോഗവും ഇപ്പോൾ നഷ്ടപ്പെട്ടിരിക്കയാണ്. അതിനാൽ ഉദാരമതികളുടെ ധർമ്മസഹായംകൊണ്ടുതന്നെ ഇതെല്ലാം നടക്കേണ്ടിയിരിക്കുന്നു. അമ്മയും മകനും പലപ്പോഴും വളരെ കുഴങ്ങി. ബോസ്കോഅച്ചന്റെ വീതത്തിൽ ഒരു ചെറിയ മുന്തിരിത്തോട്ടമുണ്ടായിരുന്നതു വിററു കാശുവാങ്ങി. മാർഗരററു നാല്പതു കൊല്ലത്തോളം പ്രാണതുല്യം സ്നേഹിച്ചു സൂക്ഷിച്ചുവന്ന തന്റെ വിവാഹവസ്ത്രവും വിവാഹാഭരണങ്ങളും വിൽക്കുന്നതിനും അവർ മടിച്ചില്ല. "അവയെ വിട്ടുപിരിയാൻ കൈയിലെടുത്തപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു; എന്നാൽ എന്റെ സ്വർഗ്ഗീയ മണവാളനെ ബഹുമാനിക്കയും, അവിടുത്തെ കുഞ്ഞുമക്കൾക്കു അന്നവസ്ത്രാദികൾ നൽകുകയും ചെയ്യുന്നതിനെക്കാൾ സൗഭാഗ്യകരമായ പ്രവൃത്തി എന്തുള്ളു എന്നോർത്തപ്പോൾ എന്റെ ദുഃഖം നീങ്ങിപ്പോയെന്നുമാത്രമല്ല, അവർണ്ണനീയമായ ഒരാനന്ദം ഞാൻ അനുഭവിക്കതന്നെ ചെയ്തു. എനിക്കു നൂറുവിവാഹവസ്ത്രങ്ങളുണ്ടായിരുന്നെങ്കിൽ അവയെല്ലാം യാതൊരു ആവലാതിയും കൂടാതെ ഞാൻ ദൈവത്തിനു കൊടുക്കുമായിരുന്നു."

പ്രിയ കുഞ്ഞുങ്ങളേ! മമ്മാമാർഗരററിന്റെ മാററു നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? കർത്താവിനുവേണ്ടി നിസ്സാരത്യാഗങ്ങൾപോലും അനുഷ്ഠിക്കുന്നതിൽ നാം എത്ര വിമുഖരാണെന്നോർത്തു ലജ്ജിക്കുക.

കത്തുകൾക്കു മറുപടി

147. കുഞ്ഞിലക്കുട്ടി.

"എല്ലാസത്യദീപവും ഞാൻ മുടങ്ങാതെ വായിക്കുന്നുണ്ട്. ബാലരംഗവും അതിലെ പ്രധാനഭാഗങ്ങളും 8 വയസ്സായ എന്റെ സഹോദരനേയും വായിച്ചു കേൾപ്പിക്കും. ജോൺബോസ്കോയെപ്പോലെ ഒരു വൈദികനായിത്തീരുന്നതിനു അവനു വളരെ ആഗ്രഹമാണ്. പണത്തിന്റെ കുറവുമൂലം പേടിക്കുന്നു. ബോസ്കോ കുടുംബക്കാർക്കും പറയത്തക്ക പണമൊന്നും ഉണ്ടായിരുന്നില്ലല്ലോ. ആകയാൽ ദൈവം തിരുമനസ്സായാൽ ഒക്കെ നടക്കും എന്നു ഞാൻ അവനോടു പറയും......വല്യച്ചൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണം."

പ്രിയ മകളേ, അളവററ സന്തോഷത്തോടുകൂടിയാണ് ആറു പെയ്ജുള്ള നിന്റെ എഴുത്തു ഞാൻ വായിച്ചതു്. സ്ഥലച്ചുരുക്കം നിമിത്തമല്ലെങ്കിൽ അതുമുഴുവൻ ഇവിടെ പകർത്തിയേനെ. കുഞ്ഞാപ്പായി ഉത്സാഹമായി പഠിക്കട്ടെ. ദൈവം അവന്റെ ആഗ്രഹം നിറവേററിക്കൊടുക്കാതിരിക്കയില്ല. പണച്ചുരുക്കത്തിന്റെ കാര്യംകൊണ്ടു പേടിക്കേണ്ട. വിശാഖപട്ടണംമുതൽ ആസാംവരെ ആളുകിട്ടാൻ കേരളത്തിലൂടെ ഓടിനടക്കുന്നതു കണ്ടില്ലേ. സ്കൂൾഫൈനലെങ്കിലും കഴിഞ്ഞ നല്ല കുട്ടികളെ കിട്ടിയാൽ സകല ചെലവുകളും ചെയ്തു പട്ടത്തിനു പഠിപ്പിക്കാൻ തയാറുള്ള മിഷൻകേന്ദ്രങ്ങൾ ഇന്നു ധാരാളമുണ്ട്. കുഞ്ഞാങ്ങളയുടെ ദൈവവിളി നഷ്ടപ്പെട്ടുപോകാതെ പെങ്ങൾ സൂക്ഷിച്ചുകൊണ്ടാൽമതി.

നിന്റെ കാര്യം സംബന്ധിച്ചു ആത്മപിതാവിന്റെ ആജ്ഞയനുസരിച്ചു പ്രവർത്തിച്ചുകൊണ്ടാൽ മാത്രം മതി. അതിനു ഒട്ടും സംശയിക്കേണ്ട. ദൈവഹിതം അറിയുന്നതിനു ഇതിൽകൂടുതൽ തെളിവുള്ള ഒരു മാർഗ്ഗം നമുക്കുണ്ടാകാനില്ല. കുടുംബത്തേക്കു ഇന്നു നിന്റെ സാന്നിദ്ധ്യം ഒഴിച്ചുകൂടാത്തതായുണ്ട്. അഞ്ചു സഹോദരങ്ങളുടേയും മാർഗ്ഗനിർദ്ദേശഭാരം നിനക്കായിട്ടാണു വന്നിരിക്കുന്നതു്. കർത്താവു അതിലേക്കുവേണ്ട വെളിവുകളെല്ലാം തരും. വല്യച്ചനും പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളാം.

കുഞ്ഞുമക്കളെല്ലാവർക്കും വിശിഷ്യ യൗസേപ്പുനാമധാരികൾക്കു നമ്മുടെ സ്നേഹപിതാവിന്റെ തിരുനാൾമംഗളം ആശംസിക്കുന്നു. യൗസേപ്പുപിതാവു നമ്മുടെ എല്ലാ കുടുംബങ്ങളേയും അനുഗ്രഹിക്കുമാറാകട്ടെ.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

1 അന്തോണി വർഷാവസാനപരീക്ഷയ്ക്കു നോക്കി എഴുതിയെന്നു വക്കിക്കു കൃത്യമായി അറിയാം. വക്കി അതു ചില കൂട്ടുകാരോടു പറഞ്ഞു. അതിൽ വല്ല തെററുമുണ്ടോ?

2 മേരിയുടെ അമ്മയ്ക്കു ഞായറാഴ്ച കാലത്തു സുഖമില്ലാഞ്ഞതുകൊണ്ടു് അവൾ അമ്മയെ ശുശ്രൂഷിക്കാനായി വീട്ടിൽ നിന്നു. അന്നു കുർബാന കണ്ടില്ല. അതു പാപമായോ?

3 ജോസ് മുമ്പിലത്തെ ഒപ്രുശുമ കൈക്കൊണ്ടപ്പോൾ അവൻ ചാവുദോഷത്തിലാണെന്നു അറിയാമായിരുന്നു. അവൻ വീണ്ടും ആ കൂദാശ സ്വീകരിക്കണമോ?

4 ജോണിനു് 21 വയസ്സു കഴിഞ്ഞിട്ടുണ്ട്. അടുത്ത വെള്ളിയാഴ്ച സക്കാർ പരീക്ഷയാണ്. ഉപവാസമനുഷ്ഠിക്കയാണെങ്കിൽ പരീക്ഷയ്ക്കു് എഴുതാൻ പ്രയാസമായിത്തീരും. അങ്ങനെയെങ്കിൽ ഉപവാസമനുഷ്ഠിക്കാൻ അവനു കടമയുണ്ടോ?

(ഉത്തരങ്ങൾ 11-ാം പേജിൽ)

---

ആപൽക്കരമായി പരിണമിക്കുകയേയുള്ളു. ഇന്നു ലോകത്തിലങ്ങുതൊട്ടിങ്ങോളം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കഷ്ടതകൾക്കും അസ്വസ്ഥതകൾക്കും കാരണം സാക്ഷാൽ ക്രിസ്തീയ ചൈതന്യത്തിന്റെ—സത്യം, നീതി, സഹോദരസ്നേഹം ആദിയായ ധാർമ്മികതത്വങ്ങളുടെ—അഭാവമാണ്. ഈ ക്രിസ്തീയ ചൈതന്യം പുനഃസ്ഥാപിക്കുന്നില്ലെങ്കിൽ വിപ്ലവാത്മകങ്ങളായ വിപത്തുകൾ ലോകത്തിനു സംഭവിക്കുകതന്നെ ചെയ്യും. മലവെള്ളം കണക്കെ ഇരമ്പിവരുന്ന സോഷ്യലിസം, കമ്മ്യൂണിസം മുതലായ വിപത്തുകളെ കേവലം പ്രസംഗങ്ങൾകൊണ്ടും പ്രസിദ്ധീകരണങ്ങൾകൊണ്ടും തടഞ്ഞുനിർത്താമെന്നുള്ളതു വെറും വ്യാമോഹമാണ്. ഇതിനുള്ള ഫലപ്രദമായ പ്രതിവിധി ക്രിസ്തുനാഥന്റെ ഉപദേശങ്ങളെ പ്രായോഗികമാക്കി കാണിച്ചിട്ടുള്ള ഫ്റാൻസിസ് അസീസി, വിൻസെൻറു ഡി പോൾ, ഫ്റെഡറിക്കു ഓസ്സാനാം ആദിയായ പുണ്യാത്മാക്കളുടെ മഹത്തായ മാതൃകകളെ അനുകരിക്കുകയത്രെ. ഇതിലേക്കു ഏററം സഹായിക്കുന്നതാണ് സെൻറു വിൻസെൻറു ഡി പോൾ സഖ്യത്തിന്റെ പ്രവർത്തനങ്ങൾ.

---

## ഞങ്ങളുടെ കത്തോലിക്കാപ്രവർത്തനം

(പുതുപ്പറമ്പിൽ കൊച്ചുത്രേസ്യാ)

"അണ്ണാൻകുഞ്ഞും തന്നാലായതു്" എന്ന പഴമൊഴിയെമാത്രം ആലംബമാക്കിയാണ് കത്തോലിക്കാപ്രവർത്തനത്തെപ്പററി എന്തെങ്കിലും അല്പം എഴുതുവാൻ ഈ ബാലിക ഉദ്യമിക്കുന്നതു്.

ആധുനികകാലത്തു് കത്തോലിക്കാപ്രവർത്തനത്തിന്റെ ആവശ്യകതയെപ്പററി പ്രത്യേകം പ്രസ്താവിക്കേണ്ടതില്ല. കമ്മ്യൂണിസം തുടങ്ങിയുള്ള നിരീശ്വരവാദങ്ങളും നിർമ്മതപ്രസ്ഥാനങ്ങളും തിരുസ്സഭയുടെ ദിവ്യപ്രബോധനങ്ങൾക്കെതിരായി ഉഗ്രസമരം തുടങ്ങിയിരിക്കയാണല്ലോ. ഹംഗേറിയൻ ഗവമ്മെണ്ടു് കർദ്ദിനാൾ മിൻസെൻറിയുടെ മേൽ നടത്തിയ അനീതിപരമായ ശിക്ഷ ഏതൊരു കത്തോലിക്കനെയാണ് സ്തബ്ധനാക്കാത്തതു്?

കത്തോലിക്കാപ്രവർത്തനസംഘടനകൾ നാടൊട്ടുക്കു് വിപുലമായ തോതിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകതയെ പ്രസ്തുത സംഭവം തന്നെ വ്യക്തമാക്കുന്നുണ്ടല്ലോ. സി. എ. സി., സൊഡാലിററി മുതലായ സംഘടനകൾ ഞങ്ങളുടെ ഇടവകയിലും സ്ഥാപിച്ചിട്ടുണ്ട്. കഴിയുന്നത്ര താല്പര്യത്തോടും ത്യാഗസന്നദ്ധതയോടും സന്മാർഗ്ഗനിഷ്ഠയോടുംകൂടെ ഞങ്ങൾ ഉത്സാഹിച്ചു പ്രവർത്തിച്ചുവരികയാണ്. നിരീശ്വരപ്രസ്ഥാനക്കാരോടു് സധീരം തൂലികാസമരം ചെയ്യുന്ന സത്യദീപത്തിന്റെ 50-ൽപ്പരം കോപ്പികൾ ഇവിടെയുണ്ട്. മാത്രമല്ല ഞങ്ങൾ വായിച്ചശേഷം പത്രം ഇല്ലാത്തവർക്കു കൊടുക്കയും ചെയ്യുന്നുണ്ട്. എല്ലാകുടുംബങ്ങളിലും അതിനു് പ്രവേശം ലഭിച്ചു് പ്രചരിക്കുവാൻ ഞങ്ങൾ കഴിയുന്നത്ര ശ്രമിക്കുന്നുണ്ട്. ഓരോലക്കവും വായിച്ചു് പ്രധാനസംഗതികൾ പഠിക്കുന്നതിനും ഞങ്ങൾക്കു വലിയ ഉത്സാഹമാണ്. ബാലരംഗമായിരിക്കും ആദ്യത്തെ പാരായണവിഷയം. ചെറുകഥകളും കവിതകളും വിനോദവീഥികളും ഞങ്ങൾ കൂട്ടംകൂടിയിരുന്നു് വായിച്ചുരസിക്കാറുണ്ട്.

ഞങ്ങളുടെ സെൻറ് ആൻറണീസ് വായനശാലയിൽ ഇപ്പോൾ 150-ൽപ്പരം പുസ്തകങ്ങളുണ്ട്. ബ: വൈദികരുടെ നിർദ്ദേശമനുസരിച്ചു് നല്ല പുസ്തകങ്ങൾ വാങ്ങുന്നതിനും ഞങ്ങൾ ഉത്സാഹിക്കുന്നുണ്ട്. വായനശാലകൾ സാന്മാർഗ്ഗികമായി അഭിവൃദ്ധിപ്പെടുത്തുവാൻ ഞങ്ങൾ കഴിയുന്നത്ര ഉത്സാഹിച്ചുകൊണ്ടിരിക്കുന്നു.

പ്രാർത്ഥനാമാർഗ്ഗേണയുള്ള കത്തോലിക്കാപ്രവർത്തനവും അതിപ്രധാനമാണല്ലോ. വി: കൊച്ചുത്രേസ്യാ ആശ്രമഭിത്തിക്കുള്ളിൽ മറഞ്ഞിരുന്നു എത്ര തീക്ഷ്ണമായ പ്രേഷിതവേലയാണ് നിർവ്വഹിച്ചിട്ടുള്ളതു്. ആ ചെറുപുഷ്പത്തിന്റെ മാദ്ധ്യസ്ഥം വഴിയായി ഭാരതമാനസാന്തരത്തിനും നിരീശ്വരപ്രസ്ഥാനങ്ങളുടെ നാശത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നുണ്ട്.

എസ്. എച്ച്. ലീഗ്, കത്തോലിക്കാകുടുംബം, കുടുംബദീപം, വേദപ്രചാരമദ്ധ്യസ്ഥൻ തുടങ്ങിയ മററു കത്തോലിക്കാപ്രസിദ്ധീകരണങ്ങളും ഞങ്ങളുടെ വായനശാലവഴി അകത്തോലിക്കരുടെ ഇടയിൽ വിതരണം ചെയ്തുവരുന്നു. പ്രായേണ അജ്ഞരായ അധഃകൃതർക്കും സത്യവിശ്വാസത്തെപ്പററി കഴിയുന്നത്ര ഉപദേശങ്ങൾ ചെയ്യുന്നതിലും ഞങ്ങൾ ശ്രദ്ധാലുക്കളാണ്.

## സംഭാവന

200 ടൺ മധുരനാരങ്ങ സ്പെയിൻ, ജർമ്മനിയിലെ കുട്ടികൾക്കു സംഭാവന ചെയ്തിരിക്കുന്നു.

## ചരമവാർഷികം

ഫെബ്രുവരി 10-ാംനു-, 11-ാം പീയൂസ് മാർപ്പാപ്പായുടെ പത്താമത്തെ ചരമവാർഷികം പ്രമാണിച്ചു് റോമിലെ സിസ്റ്റൈൻ ചാപ്പലിൽ തിരുക്കർമ്മങ്ങൾ നടത്തപ്പെട്ടു. അന്നേദിനം വത്തിക്കാൻ നഗരത്തിലെ ഓഫീസുകളെല്ലാം അടയ്ക്കുകയും പതാകകൾ താഴ്ത്തിക്കെട്ടുകയും ചെയ്തു.

“ആക്കല,പൂക്കല പന്തീരായിരം അമ്മയുടെ പിറകെ തുള്ളിവരുന്നു.” തൊമ്മിക്കുഞ്ഞു മിടുക്കനാണെങ്കിൽ ഈ കടം ഒന്നു പറ.”

“പറഞ്ഞാലെന്തു തരും?”

“നാടുതരാം, നഗരിതരാം, രാജകുമാരിയെ വേളിതരാം.”

“നിശ്ചയമാണോ?”

“അതെ.”

“എന്നാ കേട്ടോ—തലമുടി.”

“അമ്പേ! മിടുക്കൻ അതും പറഞ്ഞോ?”

“ഉം പന്തയം വേഗം തന്നേക്കു്. നാടും നഗരീം വേണ്ടെന്നുവച്ചേക്കാം. രാജകുമാരിയെ തന്നേയൊക്കൂ.”

“ഞാനിപ്പം എന്നാചെയ്യുന്നു, ഇവിടെങ്ങാണ്ടു രാജകുമാരീയിരിക്കുന്നോ?”

“ഇവിടെ ഉള്ളതിനെത്തന്നാൽമതി.” തൊമ്മിക്കുഞ്ഞു് ആ കടംപറച്ചിൽക്കാരിയുടെ കൈയ്ക്കു പിടികൂടി.

“ഞാനിപ്പം രാജകുമാരിയല്ല, എന്നെ വിട്ടേച്ചാൽ മതിയല്ലോ.” അവൾ പുലമ്പി.

“നീയാ എന്റെ രാജകുമാരി” അവൻ പിടിമുറുക്കി. അവൾ വളരെ പണിപ്പെട്ടു ആ രാജകുമാരിപദവിയിൽനിന്നു് ഒന്നു വിമുക്തിനേടുവാൻ. പക്ഷെ സാധിച്ചില്ല. ആ പന്തയക്കാരൻ രാജകുമാരിയെക്കൂടാതടങ്ങുകയില്ല.

“അയ്യോ-അയ്യോ!” ഗത്യന്തരമില്ലായ്കയാൽ അവൾ ഉറക്കെ നിലവിളിച്ചു.

“ഗ്രേസീ! എന്റെ തങ്കത്തിനെന്തുപററി?” മാതൃഹൃദയത്തിന്റെ സംഭ്രമബഹുലമായ ഉൽക്കണ്ഠ. അവളുടെ മാതാവു് ഞൊടിയിടയിൽ അവിടെ ഓടിയെത്തി. രണ്ടുമൂന്നു പ്രഹരങ്ങൾ പന്തയക്കാരന്റെ നേർക്കു് ആഞ്ഞുചെന്നു. പക്ഷെ തിരുനാൾക്കളികൾക്കും ഓട്ടത്തിനു് ഒന്നാംസമ്മാനം വാങ്ങിച്ച അവനുണ്ടോ അടികൊള്ളാതെ രക്ഷപെടുവാൻ പ്രയാസം?

ഗ്രേസിയുടെ മാതാവിന്റെ കോപാധിക്യം ശകാരവർഷമായി മാറി, വായുമണ്ഡലത്തിൽ അലതല്ലി. “എടാ തെണ്ടി, നീ എന്റെ കുഞ്ഞിന്റെ കൈയ്ക്കു കയറിപ്പിടിക്കാറായോ! ആട്ടെ കരുതിക്കോ.” അങ്ങനെ അവർ നിറുത്തി. മതിയായിട്ടല്ല; ആരും എതിരില്ലാഞ്ഞിട്ടു്.

അന്നാട്ടിലെ ഒരു പണക്കാരനാണു് ഗ്രേസിയുടെ പിതാവു മാമ്മച്ചൻ മുതലാളി. ലോകത്തിൽ ആർക്കും അയാളെക്കൊണ്ടു ഒരുപകാരവുമുണ്ടായിട്ടില്ലെന്നു പറഞ്ഞാൽ, ഗ്രേസിയും അവളുടെ മാതാവും എതിർത്തേക്കും. എന്നിരിക്കിലും ആളുകൾ അങ്ങാടിപ്പാട്ടായി അക്കാര്യം പറയുന്നുണ്ടു്.

സാധുക്കളെ ഒരുവിധത്തിലും സഹായിക്കരുതെന്നാണു് മുതലാളിയുടെ അഭിപ്രായം. അങ്ങനെ ചെയ്താൽ അവർ അലസന്മാരും, അഭിവൃദ്ധിയിൽ ആശയില്ലാത്തവരുമാകുമത്രെ. ധനതത്വശാസ്ത്രത്തിലെ ഈ “പുതിയ പ്രമാണം” നടപ്പിലാക്കാൻ അയാൾ ആത്മാർത്ഥമായി ശ്രമിച്ചിരുന്നു.

മുതലാളിയുടെ പറമ്പിൽ താമസിക്കുന്ന ഒരു പണിക്കാരനാണു് തൊമ്മിക്കുഞ്ഞിന്റെ പിതാവു്. കിടപ്പിടമില്ലാത്ത ഒരാൾക്കു സ്ഥലം കൊടുക്കുകയെന്നതിനെക്കാൾ തന്റെ വേലകൾ നടക്കുന്നതിനുള്ള ഒരെളുപ്പമാർഗ്ഗമായതുകൊണ്ടാണു് അയാൾക്കു് ഇത്തരം ഒരു “സൗമനസ്യം” തോന്നിയതു്. സാമ്പത്തികപരിഗണനകൾ അവരുടെ മദ്ധ്യത്തിൽ കെട്ടിയുയർത്തിയിരിക്കുന്നതു ഭീമമായ ഇരുമ്പുകോട്ടകളാണു്. എന്നാലും ഗ്രേസിയും തൊമ്മിക്കുഞ്ഞും നിത്യസഖാക്കളാണു്. അവർതമ്മിൽ ചിലപ്പോഴൊക്കെ പിണങ്ങാറുണ്ടു്. പക്ഷെ ആ പിണക്കത്തിലുമുണ്ടൊരാനന്ദം. തൊമ്മിക്കുഞ്ഞു തന്റെ കൂട്ടുകാരിയെ പലതും പറഞ്ഞു കരയിക്കും, വെറും വിനോദത്തിനായിട്ടുമാത്രം. പക്ഷെ, അനന്തരക്ഷണത്തിൽ അവർ ആത്മസുഹൃത്തുക്കളാണു്.

അവർ ഒരുമിച്ചാണു് പള്ളിക്കൂടത്തിൽ പോകുന്നതും വരുന്നതും. തൊമ്മിക്കുഞ്ഞു വഴിനീളെ നെല്ലിക്കായും, മാങ്ങായുമൊക്കെ പറിച്ചുകൊടുത്തു അവളെ സംതൃപ്തയാക്കും.

കടംപറച്ചിലിൽ ബഹുവിരുതനാണവൻ. അവനറിഞ്ഞുകൂടാത്ത കടംകഥയില്ല. അതിൽ മിക്കതും കണ്ടുപിടിക്കാൻ ഗ്രേസി അപ്രാപ്തയുമാണു്. അവൾ

ചെറുകഥ

# കടംകഥക്കാരൻ

(ജയിംസ് കെ. സി., മണിമല)

ആരോടെങ്കിലും ചോദിച്ചു് ഒരു പുതിയ കടംകഥയുമായിവന്നാൽ അവൻ നിഷ്പ്രയാസം അതിനുത്തരം പറയുകയും ചെയ്യും. അതിനാൽ ആ കൊച്ചുമിടുക്കനെ എങ്ങനെയെങ്കിലും അടിപണിയിക്കണമെന്നു കരുതിയാണു് അന്നു് ഒരു പുതിയ കടംകഥയുംകൊണ്ടു് അവൾ വന്നെത്തിയതു്. പക്ഷെ അതു പരാജയത്തിൽ മാത്രമല്ല, പരാധീനതയിൽക്കൂടെ കലാശിക്കുമെന്നായപ്പോഴാണു് അമ്മയുടെ സഹായം ആവശ്യമായി വന്നതു്.

ഗ്രേസിയുടെ മാതാപിതാക്കന്മാർ പലപ്പോഴും അവളെ ഉപദേശിക്കാറുണ്ടു്, “ആ പിച്ചൻ ചെറുക്കനുമായി കൂട്ടുകൂടരു”തെന്നു്. അവൾ മറുപടിയൊന്നും പറയാറില്ല. പിറേറദിവസം സൂര്യനുദിക്കുമെങ്കിൽ ഗ്രേസിയെ തൊമ്മിക്കുഞ്ഞിന്റെകൂടെ കാണാം. അതിനാൽ മകളെ ഈ കുസൃതിക്കൂട്ടിൽനിന്നു ഒന്നു പിന്തിരിക്കേണ്ടതു മുതലാളിയുടെ ഏററവും വലിയ ആവശ്യമായിത്തീർന്നു. പക്ഷെ അവൾക്കു അസ്വാസ്ഥ്യകരമായി എന്തെങ്കിലും പറയുന്നതിനു് അദ്ദേഹം ഒരുക്കമില്ല. അവളുടെ അഭീഷ്ടങ്ങൾക്കു വിരുദ്ധമായി വല്ലതും പ്രവർത്തിക്കുക സങ്കടകരവുമാണു്.

ii

തൊമ്മിക്കുഞ്ഞിന്റെ ഭവനം ഒരു “പറിച്ചു നടീലി”നു വിധേയമായി. മുതലാളിയുടെ വകയായി ഉത്തരമലബാറിലുള്ള സ്ഥലത്തേക്കു താമസംമാററിക്കൊള്ളണമെന്നു് അദ്ദേഹം തന്റെ പണിക്കാരനു് അന്ത്യശാസനം നൽകി. അവിടെ മലമ്പനിയുടെയും കാട്ടുമൃഗങ്ങളുടെയും ശല്യമൊക്കെയുണ്ടെങ്കിലും ഓദ്ധ്യാനശീലനു് ചേരിക്കൽ സ്ഥലങ്ങൾ എത്രകണ്ടു് ആകർഷകമല്ല? പോരെങ്കിൽ മുതലാളിയുടെ ആജ്ഞ അലംഘനീയവുമാണു്. അതിനാൽ ആ കൊച്ചു കുടുംബം മലബാറിലേക്കു ഭാണ്ഡം മുറുക്കി. അങ്ങനെ ഗ്രേസിയുടെ “ഒഴിയാക്കൂട്ടുകാരന്റെ ജീവിതം, അവളിൽനിന്നു് അനേകനാഴിക ദൂരത്തേക്കു നീങ്ങി. ശൈശവത്തിന്റെ നിർമ്മലബന്ധങ്ങൾപോലും സാമ്പത്തികപ്രാഭവത്തിന്റെ കരകവിഞ്ഞുള്ള പാച്ചിലിൽ തകർന്നുപോവുകയേയുള്ളൂ.

* * *

ഗ്രേസി ഇപ്പോൾ തൊമ്മിക്കുഞ്ഞിനെ കാണുന്നില്ലെങ്കിലും അവന്റെ പ്രവൃത്തികൾ എല്ലാം അവൾ ഓർക്കുന്നു. ഒരു വാനരത്താനെപ്പോലെ പറങ്കിമാവിന്റെ കൊമ്പുകളിൽ അവൻ ചാടിച്ചാടി നടക്കുന്നതും, മാങ്ങാക്കുലകൾ എറിഞ്ഞുവീഴ്ത്തുന്നതും, പൊയ്ക്കത്തോടുകൾ ചാടിക്കടക്കുന്നതുമെല്ലാം അവളുടെ സ്മരണയിൽ തെളിഞ്ഞുമിന്നുന്നു. അവൾ ചിലപ്പോൾ നനിശ്വാസം പറയാറുണ്ടു്, “തൊമ്മിക്കുഞ്ഞിനെക്കണ്ടിട്ടു് എത്രനാളായെന്നു്. അതു കേൾക്കുമ്പോൾ മുതലാളി അമർഷംകൊള്ളും. എങ്കിലും അയാൾ അവളോടു ദേഷ്യപ്പെട്ടു് ഒന്നും പറയുകയില്ല. “ഗ്രേസീ, എന്റെ മോളെന്തിനാ ആ തെണ്ടിച്ചെറുക്കന്റെ കാര്യം ഇങ്ങനെ പറയുന്നതു്? അവൻ എവിടെയെങ്കിലും പോയി തുലയട്ടെ.” അവന്റെ നേർക്കാണു അയാളുടെ കോപാവേശം കുതികൊള്ളുന്നതു്.

“അവൻ തുലയട്ടേന്നു്, തുലയണമെന്നു്,” അവൾ ചിന്തിച്ചു. “എന്തിനു്, അവനു ജീവിക്കാനവകാശമില്ലേ? എന്തുകൊണ്ടു്, ദരിദ്രനായി ജനിച്ചതുകൊണ്ടു്; ധനികസന്താനവുമായി കൂട്ടുകൂടിയതുകൊണ്ടു്!” ആ കൊച്ചുഹൃദയത്തിൽ സാമൂഹ്യവിപ്ലവത്തിന്റെ വികാരകിരണങ്ങൾ തലയുയർത്തി.

അന്നൊരു ക്രിസ്മസ് ദിനമാണു്. പാതിരാക്കുർബാനയ്ക്കുപള്ളിയിൽപ്പോയി വന്നു് മുതലാളി നിദ്രാസേവ തുടങ്ങിയിരിക്കുകയാണു്. എങ്ങുനിന്നോ ആ പൂമുഖത്തേക്കു ദാരിദ്ര്യം ഒരു വികൃതരൂപത്തെ കൊണ്ടുചെന്നുവിട്ടു. മലേറിയാ ആ ശരീരത്തെ ഞെക്കിപ്പിഴിഞ്ഞു ചോരയും നീരും ഈമ്പിക്കുടിച്ചുകളഞ്ഞു. വിളറിത്തളർന്ന മാംസപിണ്ഡങ്ങൾ അസ്ഥിപഞ്ജരത്തോടു് ഒട്ടിച്ചേർന്നിരുന്നതിനാൽ അതൊരു മനുഷ്യരൂപമാണെന്നറിയാമായിരുന്നു.

“മുതലാളീ! മുതലാളീ...”ആ മലമ്പനിക്കോലം ഞരങ്ങി.

“ഇതെന്തു ശല്യമെടാ, ഒന്നുറങ്ങാൻ സമ്മതിക്കയില്ലല്ലോ.” മുതലാളി ഉറക്കം തെളിയുന്നതിനിടയിൽ പറഞ്ഞു. അദ്ദേഹം എഴുന്നേററു സോഫായിൽ ചാരിയിരുന്നു. “നീ ആരു്, എന്തിനു വന്നു?” കാര്യവ്യഗ്രതയ്ക്കിടയിൽ നുഴഞ്ഞുകയറിയ ആ മാറാശല്യത്തോടു് ഒരു ചോദ്യം.

“അയ്യാ! എന്നെ അറികയില്ലേ? തൊമ്മിക്കുഞ്ഞിനെ?”

“ങും—തൊമ്മിക്കുഞ്ഞു്.” മുതലാളിയുടെ ദൃഷ്ടികൾ ആ വിരൂപശരീരത്തിൽ തുളഞ്ഞുകയറി. “എവിടെടാ നിന്റെ തന്ത? ആ നന്ദികെട്ട കഴുത. എടാ പത്തുപന്ത്രണ്ടേക്കർ സ്ഥലം വെട്ടിക്കിളച്ചിട്ടു് ഒരുപറ നെല്ലെങ്കിലും തന്നോടാ? ഇറങ്ങിക്കൊള്ളണം വേഗം എന്റെ സ്ഥലത്തുന്നു്.”

“അയ്യോ പൊന്നുമുതലാളി, കോപിക്കരുതേ. അപ്പച്ചൻ പനീയും നെഞ്ചുവേദനയും വന്നു മരിച്ചുപോയി. അമ്മ ചാകാറായി ആശുപത്രിയിൽ കിടക്കുന്നു”.

“തുലഞ്ഞോ അവൻ, തുലഞ്ഞോ ദൈവമെ! ഇനി ഞാൻ എങ്ങനെ എന്റെ വാരം വാങ്ങിക്കും?” മുതലാളി അമ്പരപ്പോടെ പറഞ്ഞു. അതെ, ഈ ഭക്ഷ്യക്ഷാമം കൊടുമ്പിരികൊണ്ടിരിക്കുമ്പോൾ, മുതലാളിയുടെ നിലത്തു കൃഷിയിറക്കിയിട്ടു ഒരിടങ്ങഴിപോലും കൊടുക്കാതെ മുഴുവൻ തട്ടിക്കൊണ്ടു പരലോകത്തേക്കു കടന്നുകളഞ്ഞ ആ “വഞ്ചക” നായ കൃഷിക്കാരനെ ഉടൻതന്നെ അറസ്റ്റുചെയ്തുകൊണ്ടുവരാൻ വല്ല മാർഗ്ഗവുമുണ്ടായിരുന്നെങ്കിൽ!!

“മുതലാളീ, ഇങ്ങനെ പറയരുതേ,” ആ ബാലൻ പിന്നെയും തുടർന്നു, “ഒരുമണി നെല്ലുപോലും ഞങ്ങൾക്കു കിട്ടീയില്ല. മുഴുവൻ കാട്ടുമൃഗങ്ങൾ നശിപ്പിച്ചു. ആനയെ ഓടിക്കാൻ പോയ വഴിക്കാണു അപ്പച്ചനു ദീനം പിടിപെട്ടതും.” മുതലാളി അവനെ തുറിച്ചുനോക്കിക്കൊണ്ടു നിശ്ചേഷ്ടനായിരുന്നു. ആ ഹൃദയശൂന്യന്റെ മുമ്പിൽ തന്റെ ആഗമനോദ്ദേശം അറിയിക്കാൻതന്നെ അവൻ മടിച്ചു.

“ഹും, നിന്റെ കോലം എന്തിനാ ഇങ്ങോട്ടെഴുന്നള്ളിച്ചതു്?” അപഹാസത്തിന്റേയും അവജ്ഞയുടേയും ഒരു വിജൃംഭണം.

“മുതലാളീ, ദയവായി ഒരു പതിനഞ്ചുരൂപാ തരണം; അമ്മയേയും കുഞ്ഞനുജന്മാരേയും ആ പനിക്കൂട്ടിൽനിന്നു് ഇങ്ങു കൊണ്ടുവന്നുകൊള്ളട്ടേ! എങ്ങനെയെങ്കിലും ഒരുമാസത്തിനകം ഞാൻ തിരിച്ചുതരാം. തെണ്ടിത്തിരഞ്ഞാണു് ഞാൻ ഇത്രടം വന്നുപററിയതു്.”

“ഹും...”മുതലാളിയുടെ ഭ്രൂക്കൾ വക്രിച്ചു. ഇനി രൂപായുംവേണം അല്ലേ? വാരംവകയിൽക്കൊള്ളിച്ചു പതിനഞ്ചുരൂപാ എടുത്തോ. ഒന്നിനു രണ്ടുമാസംകഴിഞ്ഞുതന്നേച്ചാൽമതി.” ഒരു പററിയ നിർദ്ദേശം. കാര്യസാദ്ധ്യത്തിനുള്ള എളുപ്പമാർഗ്ഗം!!

ആ ബാലൻ ഹൃദയഭാരത്തോടെ അവിടെ നിലകൊണ്ടു. അവന്റെ ഹൃദയമിടിപ്പുകൾ ആ മനോഹരമന്ദിരത്തിന്റെ മാർബിൾഭിത്തികളിൽപ്പോലും പാരുഷ്യമുളവാക്കിയിരിക്കണം. നെടുനിശ്വാസങ്ങൾ ആ അസ്ഥിപഞ്ജരത്തെ ചലിപ്പിച്ചില്ലായിരുന്നെങ്കിൽ അതൊരു പ്രതിമയാണെന്നേ തോന്നുമായിരുന്നുള്ളൂ.

“ഗ്രേസിക്കുട്ടി ഇവിടെയില്ലേ? ഏതാനും നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം അവൻ വീണ്ടും ചോദിച്ചു.

“ഉം...... എന്തു്?”ആ മുള്ളൽപോലെ നീണ്ട ഒരു ചോദ്യവും.

“കണ്ടിട്ടെത്രനാളായി. ഒന്നു കാണാനുള്ള കൊതികൊണ്ടാ.” അവൻ തന്റെ നിഷ്കാപട്യം പിന്നെയും വിശദീകരിച്ചു.

“നിന്റെ ചങ്ങാത്തവും സ്നേഹവുമൊന്നും അവൾക്കാവശ്യമില്ലെന്നു ഞാൻ പണ്ടേ പറഞ്ഞിട്ടില്ലേ?”

മുതലാളി ഉറക്കം പൂർത്തിയാക്കാൻ അകത്തെ മുറിയിലേക്കു പോയി. തൊമ്മിക്കുഞ്ഞു അടുക്കളവാതിൽക്കലേക്കു ചെന്നു, സ്വാമിനിയെ ഒന്നു സന്ദർശിക്കുവാൻ. അവർ ഉടൻതന്നെ അവനു ഭക്ഷണം കൊടുത്തു. വിശന്നുപൊരിയുന്ന കുഞ്ഞുങ്ങളുടെ മുമ്പിലേക്കു് ഏതൊരു മാതാവിന്റെ ഭക്ഷ്യഭാജനമാണു് നീളാത്തതു്?


അവൻ മൃഷ്ടാന്നഭോജനംകഴിഞ്ഞു സംതൃപ്തനായി. മുതലാളിയുടെ പരുഷഭാഷണങ്ങളെല്ലാം ആ കുടുംബിനിയുടെ ഔദാര്യത്തിൽ അല്പാല്പം ലയിച്ചുപോകുന്നതായി അവനു തോന്നി. തന്റെ മാതാവിന്റെയും ഇളയകുഞ്ഞുങ്ങളുടേയും ദയനീയസ്ഥിതി അവൻ അവരുടെ മുമ്പിൽ വിവരിച്ചുകേൾപ്പിച്ചു. ആ സ്ത്രീഹൃദയം ദയാവിവശമായി. നാടും വീടും വിട്ടു മലബാറിലെ കാട്ടുപ്രദേശത്തു രണ്ടുമൂന്നു പിഞ്ചുകുഞ്ഞുങ്ങളോടൊന്നിച്ചു മലമ്പനിയുടെ ഭീകരതയിൽ ഞെളിഞ്ഞുപിരിയുന്ന ഒരു ദരിദ്രസഹോദരിയെ അവരുടെ ഭാവന കാണുന്നുണ്ടു്. പക്ഷെ അവൾക്കായി എന്തെങ്കിലും സഹായം ചെയ്യാൻ ആ സമ്പന്നപത്നിക്കു നിവൃത്തിയില്ല, സ്വഭർത്താവിന്റെ ഹിതത്തിനെതിരായി എന്തെങ്കിലും പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യമോ സ്വാധീനതയോ അവർക്കില്ലായിരുന്നു.

“ഗ്രേസിക്കുട്ടിയെ ഒന്നു കണ്ടാൽ കൊള്ളാമായിരുന്നു.” തൊമ്മിക്കുഞ്ഞിന്റെ സൗഹാർദ്ദം പിന്നെയും ആ ഇടുങ്ങിയ സാമൂഹ്യ മതിൽക്കെട്ടുകൾക്കുമദ്ധ്യേ നുഴഞ്ഞുകയറി.

“അവൾ ഉറക്കമാണു്, വിളിച്ചുണർത്തിയാൽ മുതലാളി വഴക്കുപറയും.” പ്രശാന്തമായ പ്രത്യുത്തരം.

“ഞാൻ ഇവിടെ ഇരിക്കാം, ഉണരു

(ശേഷം 10-ാം പേജിൽ)



കൃത്രിമഹസ്തം

3, 16 ഇഞ്ചുവരെ വ്യാസമുള്ള ഏതു സാധനവും ഇതിലെ വിരലുകൾകൊണ്ടു് നിഷ്പ്രയാസം എടുക്കാൻ സാധിക്കും.

വിമർശനവീഥി

# കത്തോലിക്കാവിശ്വാസവും പരിണാമവാദവും

ഞങ്ങൾ വിമർശിച്ചുകൊണ്ടിരിക്കുന്ന ലേഖനത്തിൽ പരിണാമവാദത്തെപ്പററി ചെയ്തിട്ടുള്ള അബദ്ധങ്ങളും അസത്യങ്ങളുമായ പ്രസ്താവങ്ങളിൽ ചിലതെല്ലാം കഴിഞ്ഞതവണ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ആ വിഷയത്തെപ്പററിത്തന്നെ ഇത്തവണയും പ്രതിപാദിക്കേണ്ടിയിരിക്കുന്നു. അതു സംബന്ധിച്ചുള്ള ലേഖകന്റെ പ്രധാനമായ ഒരു പ്രസ്താവം ഇങ്ങനെയാണ്:

"വിശ്വാസങ്ങളെ അടിയുലച്ചുകൊണ്ടുള്ള പുരോഗതിയുടെ ചരിത്രത്തിൽ നിറപ്പകിട്ടു കലർന്നൊരദ്ധ്യായമാണ് പരിണാമസിദ്ധാന്തം."

മതവിശ്വാസങ്ങളെ അടിയുലയ്ക്കുവാൻ കഴിഞ്ഞിട്ടുള്ള ഒന്നാണ് പരിണാമസിദ്ധാന്തം എന്നാണല്ലോ ലേഖകൻ ഈ വാക്യത്തിൽ വിവക്ഷിക്കുന്നത്. കത്തോലിക്കാ മതവിശ്വാസങ്ങളെപ്പററി പറയുന്നപക്ഷം, ശാസ്ത്രം തെളിയിച്ചിട്ടുള്ള പരിണാമസിദ്ധാന്തം അവയെ അടിയുലയ്ക്കുന്നതു പോയിട്ട് സ്പർശിക്കുകപോലും ചെയ്തിട്ടില്ല. അടിയുലച്ചിട്ടുണ്ടെന്നു ലേഖകൻ സ്വപ്നം കാണുകയാണ്. അതിനു കാരണം, പരിണാമസിദ്ധാന്തത്തെയും കത്തോലിക്കാമതവിശ്വാസങ്ങളേയും കുറിച്ചുള്ള അദ്ദേഹത്തിന്റെ അജ്ഞതമാത്രമാണ്.

## പരിണാമസിദ്ധാന്തം എന്ത്?

പരിണാമം എന്ന പദത്തിന്റെ സാമാന്യമായ അർത്ഥം വളർച്ച, വികസനം എന്നൊക്കെയാണല്ലോ. ഈ അർത്ഥത്തിൽ ഒരു വൃക്ഷം വിത്തിന്റെ പരിണാമമാണ്; ഒരു പുരുഷൻ ശിശുവിന്റെ പരിണാമമാണ്. എന്നാൽ "പരിണാമസിദ്ധാന്തം" എന്ന പ്രയോഗത്തിൽ പ്രസ്തുത പദത്തിനു സങ്കുചിതമായ അർത്ഥമാണ് വിവക്ഷിക്കപ്പെടുന്നത്. ജീവിവർഗ്ഗങ്ങൾ ഒരു ഇനത്തിൽനിന്നു (Species) മറെറാരു ഇനത്തിലേക്കു ജനനം വഴിയായി കാലാന്തരത്തിൽ രൂപാന്തരപ്പെടുക എന്ന അർത്ഥമാണ് അതു്. ഈ സങ്കുചിതമായ അർത്ഥത്തിൽതന്നെയും "പരിണാമം" ആധുനികമായ ഒരു സിദ്ധാന്തമല്ല. ഒരു കഴുതയേയും ഒരു കുതിരയേയും കാണുന്ന ചിന്താശീലനായ ഏതൊരാൾക്കും അവ രണ്ടും തമ്മിലുള്ള സാമ്യം മനസ്സിലാക്കുവാനും, അതിൽനിന്ന് അവ രണ്ടിന്റേയും ഉത്ഭവം പൊതുവായ ഏതോ ഒരു പൂർവ്വജന്തുവിൽനിന്നാണെന്ന് ഊഹിക്കുവാനും കഴിയുന്നതാണല്ലോ. ഊഹം പിന്നേയും ഒരു പടി മുന്നോട്ടുപോയെന്നും വരാവുന്നതാണ്. കഴുതയ്ക്കും കുതിരയ്ക്കും തമ്മിലുള്ളതിനെക്കാൾ കുറവായ സാമ്യമുള്ള ജന്തുക്കളും പൊതുവായ ഒരു പൂർവ്വജനിൽനിന്നുത്ഭവിച്ചതാണെന്നും ഊഹിക്കുവാൻ പാടില്ലായ്കയില്ല. പ്രാചീന ലോകത്തിൽ ഇത്തരം ഊഹങ്ങൾ സാധാരണമായിരുന്നുതാനും. എന്നാൽ ഇവയിൽനിന്നെല്ലാം വ്യത്യസ്തമായ അർത്ഥത്തിലാണ് പരിണാമസിദ്ധാന്തം ആധുനികകാലത്തു പ്രാബല്യത്തിൽ എത്തിയിട്ടുള്ളത്. ഞങ്ങൾ കഴിഞ്ഞൊരു ലേഖനത്തിൽ പറഞ്ഞിരുന്നതുപോലെ, ആധുനിക പരിണാമസിദ്ധാന്തത്തിന്റെ ജനയിതാവായി ഗണിക്കപ്പെടേണ്ടതു് 1708-ൽ ജനിച്ച് 1788-ൽ മരിച്ച ബഫോൺ (Buffon) ആണ്. ജീവിവർഗ്ഗങ്ങളുടെ, ജന്തുക്കളുടെയും സസ്യങ്ങളുടേയും, സകല ഇനങ്ങളും ആദ്യത്തെ ഏതോ ഒരിനത്തിൽനിന്ന്, അല്പാല്പമായ ഭേദഗതികളോടുകൂടി, ജനനം വഴിയായി, കാലാന്തരത്തിൽ ഉത്ഭവിച്ചതാണെന്ന് ഊഹിക്കുന്നതിൽ അബദ്ധമുണ്ടായിരിക്കുകയില്ലെന്ന് ഈ ശാസ്ത്രജ്ഞൻ സങ്കല്പിക്കുകയുണ്ടായി.

## മേൽതരംപരിണാമവും കീഴ്തരംപരിണാമവും

പരിണാമസിദ്ധാന്തത്തെ രണ്ടുതരമായി തിരിക്കേണ്ടിയിരിക്കുന്നു. ഒന്നിനെ മേൽതരം (Major) എന്നും, മറേറതിനെ കീഴ്തരം (Minor) എന്നും വിളിക്കാം. കീഴ്തരം എന്നതു് കൂടുതൽ സാമ്യമുള്ള വിവിധ ജീവിവർഗ്ഗങ്ങളുടെ പരിണാമമാണ്; ഉദാഹരണമായി, കുതിരയുടെ ഇനത്തിൽപെട്ട Eohippus എന്ന വർഗ്ഗം ജനനംവഴിയായി Equus എന്ന വർഗ്ഗമായി പരിണമിച്ചെന്നു വാദം. ഇങ്ങനെയുള്ള കീഴ്തരം പരിണാമത്തിനു് ഒട്ടൊക്കെ തെളിവുണ്ടെന്ന് മിക്കവാറും ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നുണ്ട്. മേൽതരം പരിണാമത്തിനു് ഉദാഹരണം, ഇഴജന്തുവർഗ്ഗങ്ങൾ (Reptiles) പരിണമിച്ചു പക്ഷിവർഗ്ഗങ്ങൾ (Birds) ഉണ്ടായെന്ന വാദമാണ്. ഈ മേൽതരം പരിണാമത്തിനു് തെളിവുണ്ടെന്നു ശാസ്ത്രജ്ഞന്മാർ പൊതുവിൽ സമ്മതിക്കുന്നുണ്ടെന്നു പറയുന്നതു അവാസ്തവമാണ്. അത്തരം പരിണാമം നടന്നതായി തെളിവില്ലെന്നു ശക്തിയായി വാദിക്കുന്ന പല ശാസ്ത്രജ്ഞന്മാരുമുണ്ട്. ഡാർവിൻ കെട്ടിപ്പടുത്ത പ്രത്യേകതരം പരിണാമവാദത്തെതന്നെ അദ്ദേഹത്തെ ആശ്രയിക്കാതെ സ്വതന്ത്രമായി കെട്ടിപ്പടുത്ത ശാസ്ത്രജ്ഞനായ വാല്ലസ് (Wallace) ചെയ്തിട്ടുള്ള ഖണ്ഡിതമായ പ്രസ്താവം മുന്നൊരു ലക്കത്തിൽ ഞങ്ങൾ ഉദ്ധരിച്ചിരുന്നതുതന്നെ ഇതിനു തെളിവാണ്. "ജീവിലോകത്തിന്റെ വികസനത്തിൽ മൂന്നു ദശാസന്ധികൾ ഉണ്ടായിരിക്കുന്നു; ഓരോ സന്ധിയിലും ഏതോ നവമായ ഹേതു അഥവാ ശക്തി അവശ്യം പ്രവർത്തനം നടത്തിയിട്ടുണ്ടായിരിക്കണം. ഒന്നാമത്തേ സന്ധിയിൽ ആദ്യത്തെ ജീവാണു സൃഷ്ടിക്കപ്പെട്ടു; രണ്ടാമത്തേതിൽ ജന്തുവർഗ്ഗം സസ്യവർഗ്ഗത്തിൽനിന്നു വേർതിരിക്കപ്പെട്ടു; മൂന്നാമത്തേതിൽ മനുഷ്യർ സൃഷ്ടിക്കപ്പെട്ടു." ഈ പ്രസ്താവത്തിന്റെ വെളിച്ചത്തിൽ ലേഖകന്റെ താഴെ കാണുന്ന പ്രസ്താവം അയഥാർത്ഥമാകുന്നില്ലയോ? "ഒരിക്കൽ മാത്രമേ ജീവന്റെ ആവിർഭാവം ഭൂമിയിൽ ഉണ്ടായിട്ടുള്ളുവെന്നും, അനുകൂലമായ പരിതസ്ഥിതികളുടെ സാമീപ്യത്തിലാണതു സംഭവിച്ചതെന്നും, ഇന്നു കാണുന്ന വിഭിന്നവും, വ്യത്യസ്തവുമായ ജീവിവിശേഷങ്ങളുടെ ആവിർഭാവം മന്ദമെങ്കിലും അനുസ്യൂതമായ പരിവർത്തനങ്ങളിൽക്കൂടി ഉണ്ടായിട്ടുള്ളതാണെന്നും ശാസ്ത്രം തെളിയിച്ചുകഴിഞ്ഞു." ശാസ്ത്രം തെളിയിച്ചുകഴിയണമെങ്കിൽ ശാസ്ത്രജ്ഞന്മാർ മിക്കവാറുമെങ്കിലും ഏകകണ്ഠമായി സമ്മതിച്ചിരിക്കണമല്ലോ. മേലുദ്ധരിച്ച ശാസ്ത്രജ്ഞനെപ്പോലുള്ളവർ അതു സമ്മതിക്കാത്ത സ്ഥിതിക്കു് ലേഖകന്റെ പ്രസ്താവം അവാസ്തവമല്ലയോ? അമേരിക്കൻ ഐക്യരാഷ്ട്രങ്ങളിലെ Seton Hill കോളെജിൽ ജന്തുജീവശാസ്ത്രം പഠിപ്പിച്ചിരുന്ന സി. ബി. ഓട്ടൂൾ (O'Toole) എന്നശാസ്ത്രജ്ഞൻ "പരിണാമസിദ്ധാന്തത്തിനു് എതിരായ ന്യായങ്ങൾ" (The Case against Evolution) എന്ന തലക്കെട്ടിൽ ഒരു ഗ്രന്ഥം എഴുതിയിട്ടുണ്ട്. അതിൽ തനിക്കു പറയുവാനുള്ള ന്യായങ്ങളെല്ലാം വസ്തുതകളെ അടിസ്ഥാനപ്പെടുത്തി സവിസ്തരം അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. ലേഖകൻ പറയുന്ന തരത്തിലുള്ള പരിണാമസിദ്ധാന്തത്തിനു താങ്ങായി പ്രകൃതിയുടെ ചരിത്രത്തിൽ മതിയായ തെളിവില്ലെന്നാണ് അദ്ദേഹം സമർത്ഥിച്ചിട്ടുള്ളതു്. മഹാശാസ്ത്രജ്ഞനെന്ന് സമ്മതിക്കപ്പെട്ടിട്ടുള്ള ദെലാജ് (Delage) പറഞ്ഞിട്ടുള്ളതു്, പരിണാമസിദ്ധാന്തം ആളുകൾ സ്വീകരിക്കുന്നതു് അതിനു തെളിവുണ്ടായിട്ടല്ല, പ്രത്യുത അതു വിശ്വസിക്കുവാൻ തത്വപരമായി ആഗ്രഹമുള്ളതുകൊണ്ടാണെന്നത്രെ. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാലും: "ഒരുവൻ പരിണാമവാദി ആകുകയോ ആകാതിരിക്കുകയോ ചെയ്യുന്നതു്, പ്രകൃതിയുടെ ചരിത്രത്തിൽനിന്നു ലഭിക്കുന്ന ന്യായങ്ങളെ ആധാരമാക്കിയല്ല; പ്രത്യുത അവരവർ സ്വീകരിച്ചിട്ടുള്ള താത്വികമായ അഭിപ്രായങ്ങളുടെ പ്രേരണകളെ ആസ്പദമാക്കിയാണ്. ജീവിവർഗ്ഗങ്ങൾ പല ഇനങ്ങളിലായി കാണപ്പെടുന്നതിന്റെ കാരണം വിശദീകരിക്കുവാൻ പരിണാമസിദ്ധാന്തംകൂടാതെ ശാസ്ത്രീയമായ മറേറതെങ്കിലും ഒന്നുണ്ടായിരുന്നെങ്കിൽ, പരിണാമസിദ്ധാന്തം മതിയാവോളം തെളിയിക്കപ്പെട്ടിട്ടില്ലെന്നുപറഞ്ഞ് പല പരിണാമവാദികളും അവരുടെ നില പരിത്യജിക്കുമായിരുന്നു. വസ്തുതകളെ ആസ്പദമാക്കിമാത്രം ഒരുവൻ തന്റെ നില സ്വീകരിക്കുന്നപക്ഷം, ജീവിവർഗ്ഗങ്ങളുടെ ഒരിനം മറെറാരിനത്തിൽനിന്നു ഉത്ഭവിച്ചിട്ടുള്ളതാണെന്നുള്ള സംഗതി അശേഷം തെളിയിക്കപ്പെട്ടിട്ടില്ലെന്നു് സമ്മതിച്ചേ മതിയാവൂ."

## പരിണാമവാദികൾ പലതരം

പരിണാമസിദ്ധാന്തം ശാസ്ത്രദൃഷ്ട്യാ ഒരു വസ്തുതയാണെന്നു തെളിഞ്ഞിട്ടില്ലെങ്കിലും താത്വികമായ ആഗ്രഹങ്ങളുടെ പ്രേരണയാൽ അതിനെ ഒരു വസ്തുതയായി വിശ്വസിക്കുന്ന പരിണാമവാദികളിൽ പലതരക്കാരുണ്ട്. നിരീശ്വരന്മാരായ പരിണാമവാദികളാണ് ഒരു തരം. പ്രപഞ്ചം മുഴുവനും, അതിലുള്ള ജീവിവർഗ്ഗങ്ങൾ സമസ്തവും, മനുഷ്യനുൾപ്പെടെ, താനേ ഉണ്ടാവുകയും ഇന്നത്തെ നിലയിലേക്കു പരിവർത്തനം ചെയ്യുകയും ചെയ്തിട്ടുള്ളതാണെന്നു് അവർ വിശ്വസിക്കുന്നു. സ്രഷ്ടാവായ ദൈവത്തെ ഒഴിച്ചുനിർത്തുവാനുള്ള ഇവരുടെ ആഗ്രഹത്തിനു ശാസ്ത്രം താങ്ങുനൽകുന്നില്ല. ഒന്നാമതായി, ശാസ്ത്രത്തിന്റെ (സയൻസിന്റെ) ധർമ്മം പ്രപഞ്ചത്തിന്റെ വിവരണമാണ് (Description). പ്രപഞ്ചത്തിലുള്ള വസ്തുക്കളേതെല്ലാമെന്നും അവയുടെ പ്രവർത്തനസമ്പ്രദായങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിവരണമാണതു്. പരിണാമസിദ്ധാന്തം ഈ വിവരണത്തിലാണുൾപ്പെടുന്നതു്. എന്നാൽ പ്രപഞ്ചം താനേ ഉണ്ടായതാണോ, ദൈവത്തിന്റെ സൃഷ്ടിഫലമാണോ എന്ന പ്രശ്നം പ്രപഞ്ചത്തിന്റെ വ്യാഖ്യാനത്തിലാണ് (Interpretation) ഉൾപ്പെടുന്നതു്. ഇതു ശാസ്ത്രത്തിന്റെ പരിധിക്കപ്പുറമുള്ളതാണ്. ആകയാൽ ശാസ്ത്രത്തിന്റെ നാമത്തിൽ ദൈവത്തെ ഒഴിച്ചുനിർത്തുന്ന പരിണാമസിദ്ധാന്തത്തിനു യാതൊരുനിലയുമില്ല. ശാസ്ത്രകാരന്മാരിൽ വലിയൊരു ഭൂരിപക്ഷം സ്രഷ്ടാവായ ദൈവത്തിൽ വിശ്വസിക്കുന്നവരുമാണ്. ശാസ്ത്രം ആ വിഷയത്തിൽ നിഷേധകനിലയോ നിഷ്പക്ഷനിലയോ സ്വീകരിക്കുകയല്ല, പ്രത്യുത സമ്മതനില സ്വീകരിക്കുകയാണു വേണ്ടതെന്നു് അവർ പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി കഴിഞ്ഞ നൂററാണ്ടിലെ ഏററവും വലിയ ശാസ്ത്രജ്ഞനായി ഗണിക്കപ്പെടുന്ന കെൽവിൻ പ്രഭു (Lord Kelvin) ബ്രിട്ടീഷ് ശാസ്ത്രജ്ഞസംഘത്തിന്റെ ഒരു പൊതുയോഗത്തിൽ പ്രസ്താവിച്ചതിങ്ങനെയാണ്: "ജീവന്റെ ഉല്പത്തിയെപ്പററി ശാസ്ത്രം സമ്മതിച്ചോ നിഷേധിച്ചോ ഒന്നും പ്രസ്താവിക്കുന്നില്ലെന്നുള്ള അഭിപ്രായം എനിക്കു് സ്വീകരിക്കുവാൻ സാദ്ധ്യമല്ല. (ദൈവത്തിന്റെ) സൃഷ്ടിശക്തിയെ ശാസ്ത്രം ഖണ്ഡിതമായി സമ്മതിച്ചുപറയുന്നുണ്ട്; അതൊരു വിശ്വാസസത്യമായി സ്വീകരിക്കുവാൻ ശാസ്ത്രം നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നു."

പരിണാമവാദികളിൽ രണ്ടാമതൊരു തരക്കാരുണ്ട്. അവർ മനുഷ്യാത്മാവിൽ വിശ്വസിക്കാത്ത അനാത്മവാദികളാണ്. മനുഷ്യൻ മുഴുവനും പരിണാമഫലമായി ഉണ്ടായിട്ടുള്ളതാണെന്നാണ് അവരുടെ വിശ്വാസം. ഈ വിശ്വാസത്തിനും ശാസ്ത്രം താങ്ങു നില്ക്കുന്നില്ല. കാരണം, ആദ്ധ്യാത്മികമായ ആത്മാവുണ്ടോ ഇല്ലയോ എന്ന പ്രശ്നവും ശാസ്ത്രത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. ശാസ്ത്രം അതിന്റെ കണ്ടുപിടുത്തങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന മാർഗ്ഗങ്ങൾ അളന്നും തൂക്കിയും മററുമുള്ള നിരീക്ഷണപരീക്ഷണങ്ങളാണ്. ഭൂതാത്മകങ്ങളായ വസ്തുക്കൾ മാത്രമേ അവയ്ക്കു വിധേയങ്ങളാകുന്നുള്ളു. ആദ്ധ്യാത്മികവസ്തു അവയ്ക്കു വിധേയമല്ല. ആകയാൽ മനുഷ്യനു് ആത്മാവില്ലെന്നും തന്മൂലം അവൻ മുഴുവനും പരിണാമഫലമായി ഉണ്ടായിട്ടുള്ളതാണെന്നുമുള്ള ചില പരിണാമവാദികളുടെ വിശ്വാസത്തിനും യുക്തിയിൽ സ്ഥാനമില്ല.

## കത്തോലിക്കാവിശ്വാസത്തിനു എതിരല്ല

പരിണാമസിദ്ധാന്തത്തെ സ്പർശിക്കുന്ന കത്തോലിക്കാമതവിശ്വാസം എന്തൊക്കെയാണെന്നു് കഴിഞ്ഞൊരു ലക്കത്തിൽ ഞങ്ങൾ പ്രസ്താവിച്ചിരുന്നല്ലോ. പ്രപഞ്ചത്തിന്റെ ആവിർഭാവം ദൈവത്തിന്റെ സൃഷ്ടിഫലമാണെന്നും, ഓരോ മനുഷ്യാത്മാവും അവന്റെ ശരീരത്തിൽ നിക്ഷേപിക്കപ്പെടുന്നതു് ദൈവസൃഷ്ടിയാലാണെന്നുമുള്ള തത്വങ്ങൾ കത്തോലിക്കാമതവിശ്വാസത്തിൽ അവശ്യം ഉൾപ്പെടുന്നതാണ്. ആ രണ്ടു തത്വങ്ങളേയുമോ അവയിൽ ഒന്നിനേയുമോ നിഷേധിക്കുകയോ സംശയഗ്രസ്തമാക്കുകയോ ചെയ്യുന്ന പരിണാമസിദ്ധാന്തം മാത്രമേ കത്തോലിക്കാമതവിശ്വാസത്തെ അടിയുലയ്ക്കുകയുള്ളു. ശാസ്ത്രം തെളിയിക്കുന്ന പരിണാമസിദ്ധാന്തം പ്രസ്തുത രണ്ടു വിശ്വാസതത്വങ്ങളേയും സ്പർശിക്കുകപോലും ചെയ്യുന്നില്ലെന്നു മുകളിൽ ചൂണ്ടിക്കാണിച്ചുവല്ലോ. മനുഷ്യന്റെ ശരീരം ദൈവം നേരിട്ടു സൃഷ്ടിച്ചതാണെന്നും, ദൈവം സൃഷ്ടിച്ചിട്ടുള്ള മറേറതിന്റേയോ പരിണാമഫലമല്ലെന്നുമുള്ള അഭിപ്രായം ഒരു വിശ്വാസസത്യമായി കത്തോലിക്കാസഭ ഇതേവരെ പഠിപ്പിച്ചിട്ടില്ല. മുന്നൊരു ലക്കത്തിൽ ഞങ്ങൾ പറഞ്ഞിരുന്നതുപോലെ ശാസ്ത്രം ആ അഭിപ്രായം നിഷേധിക്കുവാൻ തക്ക തെളിവു് നൽകിയിട്ടില്ലാത്തതിനാലും വേദപുസ്തകത്തിലെ പ്രത്യക്ഷമായ ആശയം ആ അഭിപ്രായത്തോടു യോജിക്കുന്നതിനാലും അതിനെതിരായി ഔദ്യോഗികമായി പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ ചെയ്യരുതെന്നു നടപടിക്രമം അനുസരിച്ച് (Disciplinary) തിരുസ്സഭ ആജ്ഞാപിച്ചിട്ടുള്ളു. ശാസ്ത്രം പ്രസ്തുതാഭിപ്രായത്തിനു താങ്ങുനില്ക്കുന്നില്ലെന്നു മഹാശാസ്ത്രജ്ഞനായ Von Reincke ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുണ്ട്. "ശാസ്ത്രത്തിനു് അതിന്റെ അന്തസ്സിനു യോജിച്ചവിധം ചെയ്യാൻ കഴിയുന്ന ഏകപ്രസ്താവം, മനുഷ്യന്റെ ഉല്പത്തിയെപ്പററി അവൾക്കു യാതൊന്നും അറിഞ്ഞുകൂടെന്നാണ്."

ആകയാൽ ലേഖകന്റെ താഴെക്കാണുന്ന പ്രസ്താവങ്ങൾ അദ്ദേഹത്തിന്റെ അജ്ഞതയ്ക്കു സാക്ഷ്യംവഹിക്കുന്നവയാണ്. "വിശ്വാസങ്ങളെ അടിയുലച്ചുകൊണ്ടുള്ള പുരോഗതിയുടെ ചരിത്രത്തിൽ നിറപ്പകിട്ടു കലർന്നൊരദ്ധ്യായമാണ് പരിണാമസിദ്ധാന്തം......സൃഷ്ടിവാദത്തിന്റെ അർത്ഥശൂന്യത തെളിയിക്കപ്പെട്ടു കഴിഞ്ഞതിനുശേഷവും പരിണാമവാദം അംഗീകരിക്കുവാനുള്ള ഹൃദയവിശാലത വിശ്വാസികൾക്കുണ്ടായിരുന്നില്ല." ഈ വാക്കുകൾ വായിക്കുമ്പോൾ ഓർമ്മയിൽ വരുന്നതു് "അഞ്ജനമെന്നതു ഞാനറിയും, മഞ്ഞളുപോലെ വെളുത്തിരിക്കും" എന്ന പഴഞ്ചൊല്ലാണ്. അഞ്ജനമെന്തെന്നും മഞ്ഞളെന്തെന്നും അറിഞ്ഞുകൂടാത്തതുപോലെ, ലേഖകനു് പരിണാമസിദ്ധാന്തമെന്തെന്നും കത്തോലിക്കാമതവിശ്വാസമെന്തെന്നും അറിഞ്ഞുകൂടെന്നു സാരം.

---

# പാചകയോഗം

## മാങ്ങക്കറി

(കുടുംബിനി)

100 മാങ്ങയ്ക്കു് 2 നാഴി ഉപ്പ്, 1 റാത്തൽ കപ്പൽ മുളക്.

മാങ്ങ കഴുകി നാലായി പൂളി ഓരോ കഷണവും മൂന്നായി നുറുക്കി എടുക്കുക. മേൽപ്പറഞ്ഞ തോതനുസരിച്ചുള്ള കല്ലുപ്പ് വെള്ളത്തിൽ കലക്കി കാച്ചുമ്പോൾ മഞ്ഞൾപ്പൊടിയും ചേർത്ത് അടുപ്പത്തുവച്ചു തിളപ്പിക്കുക. പകുതി വെള്ളം വററിയാൽ ഇറക്കിവയ്ക്കണം. കുറെ കഴിയുമ്പോൾ മീതെ തെളിഞ്ഞുകാണുന്ന ഉപ്പുനീരു് വേറൊരു പാത്രത്തിൽ പകർന്നുവച്ച്, പാത്രത്തിൽ ഊറിയിട്ടുള്ള ഉപ്പിൽ കപ്പൽ മുളകു പൊടിയും മാങ്ങയും ചേർത്ത് ഇളക്കി ഒരു ഭരണിയിലാക്കുക. പിന്നീട് മാററിവച്ചിരിക്കുന്ന ഉപ്പുനീരും ഒഴിച്ച് ഒന്നുകൂടി ഇളക്കി ഭരണി മൂടിക്കെട്ടി സൂക്ഷിക്കുക. രണ്ടുമാസത്തിനുശേഷം എടുത്തുപയോഗിച്ചുതുടങ്ങാം. ഒരു കൊല്ലംവരെ യാതൊരു കേടും കൂടാതെ ഇരിക്കുന്നതാണ്.

# സത്വരശ്രദ്ധയ്ക്കു്

(ആൻറണി ജെ. മുക്കാടൻ)

നിർമ്മതത്വവും അസാന്മാർഗ്ഗികതയും പ്രവൃദ്ധമായിവരുന്ന ഒരു കാലമാണിതു്. അഭ്യസ്തവിദ്യരുടെ ഇടയിൽ ഒരു സാംക്രമികരോഗംപോലെ നിർമ്മതത്വം കടന്നുകൂടിയിരിക്കയാണു്. മതത്തിൽ വിശ്വസിക്കാത്തവനു് ഉറച്ച സാന്മാർഗ്ഗികതയും കാണുകയില്ല. "ഏകമതമേ ലോകത്തിനാവശ്യമുള്ളുവെന്നും ക്രിസ്തുമതവും ഹിന്ദുമതവും ഇസ്ലാമുമെല്ലാം നശിക്കണമെന്നും ചിലർ വാദിക്കുമ്പോൾ, എല്ലാ മതങ്ങളും മുക്തിദായകങ്ങളാണെന്നു് മററു ചിലർ വാദിക്കുന്നു. കത്തോലിക്കരിൽപ്പോലും പലരും ഈ ആദർശങ്ങളിൽ ചിലതെങ്കിലും ആഭ്യന്തരമായി വച്ചുപുലർത്തുന്നുണ്ടാകാം. ലോകത്തിൻെറ ആധുനികപുരോഗമനവും മതത്തിൻെറ ആധുനികസ്ഥിതിഗതികളുമായിരിക്കാം ഇതിനു അധികമാളുകളേയും പ്രേരിപ്പിച്ചിട്ടുള്ളതു്.

കത്തോലിക്കർ ഈദൃശമായ അനാസ്ഥ പ്രദർശിപ്പിക്കുവാൻ ഇടവരുന്നതു ബഹുവിധകാരണങ്ങൾ കൊണ്ടാണു്. നാം ബാല്യത്തിൽ വേദാഭ്യസനം നടത്താറുണ്ടെങ്കിലും കത്തോലിക്കാമതതത്വങ്ങളിൽ പലതും അവമാനഹേതുകമാംവണ്ണം അജ്ഞരാണു്. അനന്തരകാലത്തു് സഭാതത്വങ്ങൾ സുവ്യക്തമായി അഭ്യസിക്കുവാൻ മനസ്സില്ലാതെ പോകുന്നതുകൊണ്ടും പഠനംതന്നെ തുടന്നുപോകാൻ നിവൃത്തിയില്ലാതെ ഏകഭാഗം ജനങ്ങൾ ജീവിതത്തിലേക്കു ഇറങ്ങിതിരിക്കുന്നതുകൊണ്ടുമാണു് ഇങ്ങനെ സംഭവിക്കുന്നതു്. സഭാതത്വങ്ങളെക്കുറിച്ചുള്ള അജ്ഞത പലപ്പോഴും വഴിപിഴച്ച പ്രസ്ഥാനങ്ങളിലേക്കു നമ്മെ നയിക്കാറുണ്ടു്. സാമാന്യജനങ്ങളുടേയും അതിൽ ഉയന്നും താണും നില്ക്കുന്നവരുടേയും ആദ്ധ്യാത്മികജ്ഞാനം ഉയത്താനുള്ള ഉപാധി ആലോചിക്കണം. നാം സ്വയം സഭാതത്വങ്ങൾ വ്യാഖ്യാനിക്കുന്നതുകൊണ്ടു് അബദ്ധത്തിൽ അകപ്പെടാനാണു സാദ്ധ്യത. സഭാതത്വജ്ഞാനത്തിനും അതിൽ അഗാധജ്ഞാനമുള്ള ഒരാളെ സമീപിക്കേണ്ടിയിരിക്കുന്നു. സദാ ഇതു സാധിച്ചെന്നു വരികയില്ല. അതിനു നമുക്കു ഒരു പ്രതിവിധി ഉണ്ടാവണം.

ഞായറാഴ്ച ഉച്ചകഴിഞ്ഞു് പള്ളിപ്പരിസരങ്ങളിൽ എവിടെയെങ്കിലും യോഗം വിളിച്ചുകൂട്ടുക. ദൈവശാസ്ത്രവിദഗ്ദ്ധനായ ഒരാളെക്കൊണ്ടു പ്രസംഗിപ്പിക്കുക. പ്രസംഗം കേവലം ശബ്ദകോലാഹലം മാത്രമാവരുതു്. അതിൽ പഠനത്തിൻെറ ഒരു പ്രതീതികൂടി ലഭ്യമാവണം. കൂടുതൽ അപഗ്രഥിച്ചു കാണിക്കുമ്പോഴും, സാങ്കേതികങ്ങളും അസാധാരണങ്ങളുമായ പദങ്ങൾ ഉത്ഭവിക്കുമ്പോൾ എഴുതി കാണിക്കേണ്ട ആവശ്യം നേരിടുമ്പോഴും ഒരു ബ്ലാക്കു് ബോർഡു ഉപയോഗിക്കുക. എഴുതി കാണിക്കുന്നതു് ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതുപോലെയുള്ള ഒരുഫലം അനുവാചകരിൽ ഉളവാക്കും. ഇതിൻെറ കൂടെ പ്രസംഗവിഷയങ്ങൾ അധികരിച്ചുള്ള പടങ്ങളും പ്രദർശിപ്പിക്കുന്നതു് വളരെ ഉത്തമമായിരിക്കും.

പ്രസംഗരീതി ലളിതവും വിഷയം പരിമിതവുമായിരിക്കണം. ദീർഘമായ വിഷയത്തെ സംബന്ധിച്ചു് പ്രൗഢമായി പ്രസംഗിച്ചാൽ ശ്രോതാക്കൾക്കു് പലതും ഗ്രഹിക്കാൻ സാധിക്കാതെ പോകുന്നതാണു്. കൂടാതെ, സമ്മേളിക്കുന്നവരുടെ വിദ്യാമാനദണ്ഡം ഒന്നുപോലെ അല്ലാത്തതിനാൽ എപ്പോഴും ലളിതഭാഷ ഉപയോഗിക്കുകയാണു് സ്വീകാര്യം. ആദ്യമാദ്യം ദീർഘവിഷയങ്ങൾ ഉപേക്ഷിക്കുന്നതു നല്ലതാണു്. വേഗം ഗ്രഹിക്കാവുന്നതും സ്മരിക്കാവുന്നതുമായ വിഷയങ്ങൾ തെരഞ്ഞെടുത്തു് ശ്രോതാക്കളിൽ ഒരു "സ്വീകരണക്ഷമത" ഉളവാക്കുകയാണ് വേണ്ടത്. [illegible: "സ്വീകരണക്കളം" ഒരുക്കേണ്ടതാണു്.]

പ്രസംഗത്തിനു തെരഞ്ഞെടുക്കുന്ന വിഷയങ്ങൾ അവരുടെ ഗ്രഹണാടിസ്ഥാനത്തിനനുയോജ്യമായിരിക്കണം. ആദ്യം അറിഞ്ഞിരിക്കേണ്ടതു് ആദ്യവും, അവയെ ആധാരമാക്കി പുരോഗമിക്കേണ്ടതു് പിന്നീടും ആയിരിക്കണം. ദീർഘമായ വിഷയങ്ങൾ രണ്ടായി ഭേദിച്ചുപഠിപ്പിച്ചാൽ കൂടുതൽ കാര്യക്ഷമമായിരിക്കും.

പ്രസംഗവിഷയം സംഗ്രഹിച്ചു് ലഘുലേഖകൾപോലെ വിതരണം ചെയ്യുന്നതു് പ്രസംഗവിഷയം ഓർത്തിരിക്കാൻ സഹായിക്കുന്നതാണു്. അഭ്യസിക്കുന്നതു മുഴുവൻ ഓർത്തിരിക്കാൻ വിഷമമാണല്ലോ. ഒരിക്കൽ പഠിച്ചതു് പിന്നീടു വായിക്കുമ്പോൾ ശരിയായി മനസ്സിലാവാനും സംശയങ്ങൾ ആവിർഭവിക്കുമ്പോൾ പരിശോധിക്കാനും ലഘുലേഖകൾ അതീവം സഹായിക്കുന്നതാണു്. ലഘുലേഖകൾ സുഗ്രഹങ്ങളായിരിക്കണം. ഏകവീക്ഷണത്തിനുപോലും കാര്യങ്ങൾ ഗ്രഹിക്കത്തക്ക രീതിയിൽവേണം ലേഖകൾ അച്ചടിച്ചിരിക്കേണ്ടതു്.

ലഘുലേഖാനിർമ്മാണത്തിനു പണം അത്യന്താപേക്ഷിതമാണു്. ഉദാരമതികളുടെ സംഭാവനകൾ ഇതിനു ഉപകരിക്കും. ധനാഢ്യരായ കത്തോലിക്കർ ഇക്കാര്യത്തിനു ഒരു ചെറിയ തുക നല്കണം. സാധാരണ ഒരു ദിവസത്തെ കാപ്പികുടിയിൽ ചില അംശങ്ങൾ മുടക്കിയാൽ മതിയാവും ഇക്കാര്യത്തിനു സംഭാവനചെയ്യാൻ. ബീഡിയും മററും ഉപയോഗിക്കുന്നവർ അതിൻെറ സംഖ്യ അല്പം കുറച്ചാൽ അതിൽനിന്നും ലഭിക്കുന്ന ആദായം ഇതിനു പ്രയോജനപ്പെടുത്താം. ധനവാന്മാർ അജീർണ്ണം ബാധിക്കാതെ സൂക്ഷിച്ചാൽ അവിടെയും ഗണ്യമായ ഒരാദായം ഉണ്ടാകുന്നതാണു്. നിസ്സാരനായ ഒരു വ്യക്തിക്കു് നിസ്സാരമായ ഒരു തുക സംഭാവന ചെയ്യാൻ സാധിക്കും. ആഴ്ചയിൽ ഒരു ചക്രം (അരയണ) എടുക്കാൻ സാധാരണയിൽ താണവനെക്കൊണ്ടും സാധിക്കാതെവരികയില്ല. ഏതൽക്കാര്യസാദ്ധ്യത്തിനു വൈദികരും അവൈദികരും ഏകയോഗക്ഷേമമായി പ്രവത്തിക്കണം. ത്യാഗവും സഹനവും ഇക്കാര്യത്തിനു അത്യന്താപേക്ഷിതമാണു്.

പ്രസംഗത്തിനുമുൻപും ഇടയ്ക്കും പിൻപും ശ്രോതാക്കൾക്കു ബഹുവിധസംശയങ്ങൾ ജനിക്കുന്നതാണു്. പ്രസംഗത്തിനിടയ്ക്കു സംശയങ്ങൾ ചോദിച്ചാൽ എല്ലാവക്കും ഉത്തരം നല്കാൻ ഇടവന്നെന്നുവരികയില്ല. ഉത്തരം കിട്ടാത്തവർക്കു നൈരാശ്യം തോന്നാം. ചിലക്കു മററുള്ളവരൊക്കെ ഇരിക്കുമ്പോൾ സംശയം ചോദിക്കാൻ മടിയാണു്. സംശയം ചോദിക്കുക എന്നുവച്ചാൽ അറിവില്ലായ്മയുടെ ഒരു പ്രകടനമായി ഗണിക്കപ്പെട്ടേക്കാം. തങ്ങൾക്കു ആ കാര്യവും അറിഞ്ഞുകൂടാ എന്നു ബഹുജനസമക്ഷം പ്രദർശിപ്പിക്കാൻ പലക്കും മടിതോന്നും. ഇമ്മാതിരി ആളുകൾ ഒരുമാതിരി വിദ്യാഭ്യാസമുള്ളവരായിരിക്കും. അവർ സ്വയം മററുള്ളവരുടെ മുൻപിൽ താണുപോവാൻ സമ്മതിക്കുകയില്ല. തീരെ അറിവില്ലാത്തവക്കും ചോദ്യം ചോദിക്കാൻ മടിയുണ്ടാവും. തങ്ങൾ ചോദിക്കുന്നതു് അബദ്ധമാണോ എന്നുള്ള സംശയം. ഇതൊക്കെ സാധാരണവ്യവഹാരത്തിൽ നമുക്കു് അനുഭവപ്പെടുന്ന സംഗതികളാണു്.

ഇതിനു ഒരു പ്രതിവിധിയുണ്ടു്. ഒരു "പ്രശ്നപേടകം" നിർമ്മിച്ചു് സൗകര്യമായ ഒരു സ്ഥലത്തു വയ്ക്കുക. സംശയങ്ങൾ ഉള്ളവർ അതാതു സംശയങ്ങൾ ഒരു തുണ്ടുകടലാസിൽ എഴുതി പെട്ടിയിൽ കൊണ്ടുചെന്നിടണം. പ്രസംഗദിവസത്തിനുശേഷം രണ്ടു ദിവസംവരെ ഇതിനു അവധികൊടുക്കണം. ഇങ്ങനെയായാൽ സംശയക്കാർ എല്ലാം ചോദ്യങ്ങൾ എഴുതിയിടും. സാധാരണ അല്പമെങ്കിലും വിദ്യയുള്ളവർക്കായിരിക്കുമല്ലോ സംശയങ്ങൾതന്നെ ജനിക്കുക. മൂഢക്കു് അന്ധമായ വിശ്വാസമോ അവിശ്വാസമോ മാത്രമേ ഉണ്ടാവുകയുള്ളു. പ്രശ്നങ്ങൾ പ്രക്ഷേപിക്കുന്നതിനു് നിയന്ത്രണം പാടില്ല. പ്രശ്നകത്താക്കളെ ഒരു തരത്തിലും അലട്ടുകയുമരുതു്.

ഈ പ്രശ്നങ്ങൾക്കു് ഉത്തരം പറയേണ്ടതു് അടുത്ത ആഴ്ചയിലാണു്. യോഗങ്ങൾ എല്ലാ ഞായറാഴ്ചയും ഉണ്ടായിരിക്കണം. ഒരു മണിക്കൂർ പ്രസംഗത്തിനും ബാക്കി ഒരു മണിക്കൂറോ മറേറാ ഉത്തരങ്ങൾ നല്കുന്നതിനും വിനിയോഗിക്കണം. കഴിയുന്നതും ഉത്തരങ്ങൾ യഥാകാലംതന്നെ നല്കണം. ചിലപ്പോൾ പലർതന്നെ ഒരു സംശയം ചോദിച്ചെന്നുവരും. ചിലപ്പോൾ ഒരുത്തരംകൊണ്ടു പലതിനു സമാധാനം നല്കാനും സാധിക്കും.

പണ്ഡിതനായ ഒരു പുരോഹിതനായിരിക്കണം ഉത്തരം നൽകേണ്ടതു്. സർവ്വ ചോദ്യങ്ങളെ സംബന്ധിച്ചും പഠിക്കാൻ അദ്ദേഹത്തിനു് ആഴ്ചയിൽ 5 ദിവസം മതിയാവും. ചോദ്യങ്ങൾ പരസ്യമായി വായിച്ചിട്ടു വേണം അവയ്ക്കു ഉത്തരങ്ങൾ നൽകാൻ. ചോദ്യക്കടലാസിൽ പ്രശ്നകത്താവിൻെറ നാമം രേഖപ്പെടുത്തേണ്ടതില്ല. ചോദ്യങ്ങൾ പരസ്യമായി പാരായണം ചെയ്യുന്നതുകൊണ്ടും ഉത്തരങ്ങൾ എല്ലാവക്കുമായി പറയുന്നതുകൊണ്ടും ഒന്നിൻെറ പ്രയോജനം എല്ലാവക്കും ഒന്നുപോലെ അനുഭവിക്കാവുന്നതാണു്. രഹസ്യമായും ഉത്തരകത്താവിനെ സമീപിക്കാനുള്ള സൗകര്യം നൽകണം.


ഇങ്ങനെ നടക്കുകയാണെങ്കിൽ വാദപ്രതിവാദങ്ങൾക്കു് (Debate) ആവശ്യംകുറയും. വാദപ്രതിവാദകാരണങ്ങൾ പലതും ചോദ്യോത്തരരീതിയിൽ അവസാനിക്കും. ആവശ്യമുണ്ടെന്നു തോന്നുകയാണെങ്കിൽ അത്തരം "പഠനക്കളരികൾ" നടത്തുന്നതും നല്ലതാണു്.

ഇമ്മാതിരി യോഗങ്ങൾ അധികം നീണ്ടുപോകാതെ സൂക്ഷിക്കണം. യോഗത്തിൽ സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും സംബന്ധിക്കണം. സ്ത്രീകളുടെ ഗൃഹഭാരങ്ങൾക്കു് യോഗപ്പുടങ്ങുകൾ ബാധകമാവരുതു്. അങ്ങനെയൊക്കെ ഉപകരിക്കത്തക്ക ഒരു സമയം വേണം തെരഞ്ഞെടുക്കാൻ. ഉച്ചകഴിഞ്ഞു 3 മുതൽ 5 വരെ നല്ല സമയമാണെന്നു തോന്നുന്നു. മദ്ധ്യാഹ്നഭക്ഷണവും അല്പവിശ്രമവും കഴിഞ്ഞു് കാപ്പിയും തികത്തി വാങ്ങിയിട്ടു പള്ളിയിലേക്കുവന്നാൽ മതിയാവും. അതിനു ആക്കും അസൗകര്യമുണ്ടാവാൻ കാര്യമില്ല. 5 മണിക്കു തിരിച്ചുപോവാം. ഗൃഹത്തിൽചെന്നു അത്താഴത്തിനുള്ളവ ഒരുക്കുകയും കുട്ടികളെ കുളിപ്പിക്കയും മററു ഗൃഹജോലികൾ നോക്കുകയും ചെയ്യാൻ രാത്രിവരെ ധാരാളം സമയമുണ്ടു്. യോഗത്തിൽ സ്വല്പം അകലെയുള്ളവരും കാണുമല്ലോ. അവക്കും ഈ രീതി സൗകര്യപ്രദമായിരിക്കും. കളികൾ, വിനോദാദികൾ ഇവയ്ക്കും 5 മണിക്കുശേഷം സമയമുള്ളതുകൊണ്ടു അതിൽ താല്പര്യമുള്ളവക്കും അസൗകര്യമുണ്ടാകുകയില്ലല്ലോ.

പ്രസംഗങ്ങൾ ആഴ്ചയിലാഴ്ചയിൽ നടത്തണമെന്നു് മുൻപു പ്രസ്താവിച്ചിട്ടുണ്ടു്. യോഗങ്ങൾ കഴിയുന്നതും തുറസ്സായ സ്ഥലത്തായിരിക്കണം. വെയിലിൻെറ ഉപദ്രവം ഉണ്ടാകരുതു്. ദേവാലയപരിസരങ്ങളിലുള്ള ചോലമരങ്ങളുടെ ചുവട്ടിൽ ഇതിനു സൗകര്യം ഉണ്ടു്. ക്രിസ്തീയദേവാലയപരിസരങ്ങളിൽ ആലുകൾ വച്ചുപിടിപ്പിക്കുന്നതു നല്ലതാണു്. ആലിൽ തട്ടി വരുന്ന വായുവിനു വിശേഷഗുണമുണ്ടെന്നാണു് അഭിപ്രായം. ഇതു് മൂഢമായ വിശ്വാസങ്ങൾക്കു് ഇടയാക്കിയതുകൊണ്ടു് അതിനു് ഒരു ഹൈന്ദവച്ഛായ നാം കല്പിച്ചുപോയിട്ടുണ്ടു്. ഗുണമറിഞ്ഞു പെരുമാറാൻ നാമും പഠിക്കണമല്ലോ.

പ്രസംഗത്തിനു പലതും ശ്രദ്ധിക്കേണ്ടതുണ്ടു്. പലപ്പോഴും പണ്ഡിതന്മാരെ വേണം പ്രസംഗത്തിനു ക്ഷണിക്കാൻ. അദ്ദേഹത്തിൻെറ പ്രസംഗം ആക്കും അസുഖകരമാകാതിരിപ്പാനുള്ള സാഹചര്യങ്ങൾ ഉണ്ടായിരിക്കണം. പ്രാസംഗികൻ പുരോഹിതനായാലും, അൽമേനിയായാലും, കുറേ ത്യാഗങ്ങൾ സഹിച്ചേ ഒക്കൂ. ഇടവകക്കാക്കു അനാവശ്യ പണച്ചിലവിനു ഇടവരുത്തരുതു്. പ്രസംഗിക്കാൻ പോകണമെങ്കിൽ റിക്ഷായോ കാറോ വേണമെന്നു നിർബന്ധമുള്ളവരുണ്ടു്. അവർ ഇമ്മാതിരി സംരംഭങ്ങളെ നശിപ്പിക്കയേയുള്ളു. മുൻകൂട്ടി ഒരു തുക സമ്പാദിച്ചുകൊണ്ടു ഇമ്മാതിരികാര്യങ്ങൾ നടത്തേണ്ടതില്ല. അതിനു എപ്പോഴും സാദ്ധ്യവുമല്ല. അങ്ങനെയായാൽ ഈ രീതിയിലുള്ള പ്രസ്ഥാനങ്ങൾ ക്ഷണഭംഗുരങ്ങളാകുകയേയുള്ളു. പ്രാസംഗികൻെറ ആത്മാത്ഥതയാണു് ഇതിനൊക്കെ വിജയം ചൂടിക്കുന്നതു്. ഓരോ ഇടവകക്കാക്കും പ്രത്യേകം പരിപാടികൾ ഉണ്ടായിരിക്കണം. സാധിക്കുമെങ്കിൽ അതു മുൻകൂട്ടി നിശ്ചയിച്ചാൽ ഉത്തമം. അതുകൊണ്ടു അന്യോന്യം ഒരു സഹായമാണുണ്ടാവുന്നതു്. പ്രാസംഗികന്മാരെ നിശ്ചയിക്കാൻ പ്രയാസം കുറഞ്ഞിരിക്കും.

കത്തോലിക്കരുടേയും, ഇടവകവികാരിമാരുടേയും, കത്തോലിക്കാകോൺഗ്രസിൻേറയും സത്വരശ്രദ്ധക്കു് ഇതു സമപ്പിക്കുന്നു. ഒരു ഇടവകയിലുള്ള കത്തോലിക്കാശാഖാസംഘമോ സി. എ. സി. സംഘടനകളോ ഇതേറെറടുത്തു നടത്തിയാൽ വളരെ നന്നായിരിക്കും.



അങ്കമാലി ഫൊറോനാപ്പള്ളിയിൽ 1949 ഫെബ്രുവരി 22, 23, 24, തീയതികളിൽ നടത്തപ്പെട്ട നാല്പതുമണി ആരാധനയുടെയും, ദിവ്യകാരുണ്യകോൺഗ്രസ്സിൻെറയും അവസാനദിവസം നടത്തിയ ദിവ്യകാരുണ്യപ്രദക്ഷിണത്തിൻെറ ഒരു രംഗം. വിശുദ്ധ കുർബാന എഴുന്നള്ളിച്ചു കൊണ്ടുപോകുന്നതിനു് വിലപിടിച്ച പട്ടുവസ്ത്രങ്ങളാൽ കമനീയമായി അലങ്കരിച്ചിരിക്കുന്ന രഥം ചിത്രത്തിൽ കാണാം.

## മഠത്തിലേക്കു്

ജനറൽ ഡി ഗോളിൻെറ പ്രൈവററു് സിക്രട്ടറിയായിരുന്ന മിസ് എലിസബത്തു് ഡി മിറിബൽ പാരീസിനടുത്തുള്ള ഒരു കമ്മലീത്താമഠത്തിൽ ചേന്നിരിക്കുന്നു. പ്രസ്തുത യുവതി ഒരു ഫ്രഞ്ചു ജനറാലിൻെറ മകളും, ഒരിക്കൽ റിപ്പബ്ലിക്കിൻെറ പ്രസിഡണ്ടായിരുന്ന മാർഷൽ മാക്മാഹോൻെറ പ്രപൗത്രിയുമാണു്. ഡിഗോൾ സ്വതന്ത്രഫ്റാൻസിൻെറ അധിപനായിരുന്ന കാലത്തു് മിസ് എലിസബത്തു് അദ്ദേഹത്തിനു ഗണ്യമായ സഹായം നൽകിയിട്ടുണ്ടു്. 1940 ജൂൺ 18 ാംനു, ഫ്റാൻസ് യുദ്ധം തുടരുമെന്നു പ്രഖ്യാപനം ചെയ്തുകൊണ്ടു അദ്ദേഹം ലണ്ടനിൽനിന്നു പ്രസിദ്ധപ്പെടുത്തിയ പ്രസ്താവന ടൈപ്പുചെയ്തതു് ഈ മഹതിയാണു്.

## പാത്രിയർക്കീസ്

പരിശുദ്ധപിതാവു് പാദുവായിലെ ബിഷപ്പു് അഗൊസ്തീനിയെ വെനീസിലെ പാത്രിയർക്കീസായി നിയമിച്ചിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.

വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ

എം. എ, പി എച്ച്. ഡി., ഡി ഡി ; ഡി. സി. എൽ.

റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.


വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ),6 രൂപ 8 ണ. (തപാലിൽ)

Vol. 22 ‖ ERNAKULAM, MARCH 16, 1949 ‖ No 30

# തിരുനാൾമംഗളം

വരാപ്പുഴ മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി തിരുമനസ്സുകൊണ്ടു്, കൊച്ചിമെത്രാൻ നിതാന്തവന്ദ്യദിവ്യശ്രീ ഡോക്ടർ ജോസ് അൽവർനസ് തിരുമനസ്സുകൊണ്ടു്, തിരുവല്ലാമെത്രാൻ നിതാന്ത വന്ദ്യ ദിവ്യശ്രീ മാർ ജോസഫ് സെവേരിയോസ് തിരുമനസ്സുകൊണ്ടു്, എന്നീ മൂന്നു അഭിവന്ദ്യ വൈദികാദ്ധ്യക്ഷന്മാരുടെ നാമകാരണനായ വിശുദ്ധയൗസേപ്പിന്റെ മരണത്തിരുനാൾ ആഘോഷിക്കുന്നതു് അടുത്ത ശനിയാഴ്ചയാണല്ലോ. തിരുമേനിമാരുടെ അധീനതയിലുള്ള അജഗണങ്ങൾക്കു മാത്രമല്ല കേരളീയകത്തോലിക്കർക്കാകമാനം ആനന്ദദായകമായ ഒരുസുദിനമാണതെന്നുള്ളതിനു സംശയമില്ല. ഈ ശുഭാവസരത്തിൽ സത്യദീപവും പത്രനിർവ്വിശേഷമായ സ്നേഹാദരവുകളോടെ തിരുമേനിമാർക്കു സർവ്വവിധമംഗളങ്ങളുമാശംസിക്കുകയും വന്ദ്യപിതാക്കന്മാർ ആയുരാരോഗ്യവാന്മാരായി സഭാഭരണം നിർവ്വഹിച്ചുകൊണ്ടുപോകുന്നതിനു ജഗദീശൻ ഇടയാക്കട്ടെയെന്നു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.





വന്ദ്യ

താതർ

നീണാൾ

വാഴട്ടെ!!



# കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മതകാര്യപ്രസ്താവന

കമ്മ്യൂണിസ്റ്റു്പാർട്ടിയുടെ കേരളകമ്മററി "മതത്തിന്റെ കാര്യത്തിൽ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ നില" എന്ന തലക്കെട്ടിൽ പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവന ഒരു പത്രത്തിൽ കാണുകയുണ്ടായി. വസ്തുതകൾക്കും യുക്തിക്കും വിരുദ്ധമായ പലതും അതിലടങ്ങിയിട്ടുണ്ടു്. അവയിൽ ചിലതു് സംക്ഷേപമായി ചൂണ്ടിക്കാണിക്കാം.

## കമ്മ്യൂണിസം മതവിരുദ്ധമാണെന്നു സമ്മതം

തത്വപരമായി കമ്മ്യൂണിസം ഭൗതികവാദമാണെന്നും, ദൈവത്തിനും ആത്മാവിനും അതിൽ സ്ഥാനമില്ലെന്നും പ്രസ്താവനയിൽ തുറന്നു പറഞ്ഞിട്ടുള്ളതു സന്തോഷകരം തന്നെ. കമ്മ്യൂണിസത്തിന്റെ പുറകേപോകാൻ ഔൽസുക്യമുള്ള ചിലർ മതവിശ്വാസികളുടെ ഗണത്തിൽ ഇല്ലാതില്ല. കമ്മ്യൂണിസം കേവലം ഒരു സാമ്പത്തികസിദ്ധാന്തമാണെന്നുംമതവിഷയകമായി അതിനൊരു ബന്ധവുമില്ലെന്നും അവർ ധരിക്കുകയുംധരിപ്പിക്കുകയും ചെയ്യാറുണ്ടു്. അങ്ങനെയുള്ളവരുടെ കണ്ണുതുറപ്പിക്കുവാൻ പ്രസ്തുത പ്രസ്താവന തികച്ചും പര്യാപ്തമാണു്. "കമ്മ്യൂണിസ്റ്റു് തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരാൾക്കു മതത്തിലോ, മതപരമായ ചിന്താഗതിയുള്ളവർക്കു കമ്മ്യൂണിസത്തിലോ വിശ്വസിക്കുക സാദ്ധ്യമല്ല" എന്നും, തന്മൂലം കമ്മ്യൂണിസം "ആശയപരമായി മതത്തിന്റെ ആത്മീയതത്വശാസ്ത്രത്തോടും അതിന്റെ നാനാരൂപഭേദങ്ങളോടും സന്ധിയില്ലാത്ത സമരം നടത്തു"മെന്നും പ്രസ്താവനയിൽ ഖണ്ഡിതമായി സമ്മതിച്ചുപറയുന്നു.

## തത്വത്തിൽ സമരമെങ്കിൽ പ്രയോഗത്തിലും സമരംതന്നെ

എന്നുവരികിലും "പ്രായോഗികജീവിതത്തിൽ മതവിശ്വാസികളുമായി സന്ധിചെയ്യാനും സഹകരിച്ചുപ്രവർത്തിക്കാനും കമ്മ്യൂണിസം തയ്യാറാണു്" എന്നു പ്രസ്താവനയിൽ തുടർന്നുപറയുന്നു. ഈ പ്രസ്താവം യുക്തിക്കും വസ്തുതകൾക്കും വിപരീതമാകുന്നു. "പ്രായോഗികജീവിതം" എന്നതു മതവിശ്വാസികളെ സംബന്ധിച്ചിടത്തോളം അടങ്ങിയിരിക്കുന്നതു മതം വിശ്വസിക്കാനും, അനുഷ്ഠിക്കാനും, പ്രസംഗിക്കാനും, പ്രചരിപ്പിക്കുവാനും, മതപരിവർത്തനം നടത്തുവാനും, മതവിഭാഗപരമായ സ്കൂളുകൾ നടത്തുവാനും, മതവിരുദ്ധമായ എതിർപ്രചരണത്തിന്റെ ആക്രമണങ്ങളിൽ നിന്നു സംരക്ഷിക്കപ്പെടുവാനുമുള്ള ഏതൊരു പൗരന്റേയും ജന്മസിദ്ധമായ അവകാശത്തിനു ഭംഗം വരുത്തുന്ന യാതൊരു നടപടിയും ഔദ്യോഗികമായി സ്വീകരിക്കപ്പെടാതിരിക്കുന്നതിലാണല്ലോ. എന്നാൽ കമ്മ്യൂണിസം അധികാരത്തിലിരിക്കുന്ന റഷ്യയിലും, അവളുടെ പിടിയിലമർന്നിരിക്കുന്ന രാജ്യങ്ങളിലും ഈ അവകാശങ്ങൾ മതവിശ്വാസികൾക്കു നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നുമാത്രമല്ല, അവർ ഭയങ്കരമായ മർദ്ദനങ്ങൾക്കു വിധേയരാക്കപ്പെടുകയുമാണു ചെയ്യുന്നതെന്നുള്ളതു് ആർക്കാണു് നിഷേധിക്കുവാൻ സാധിക്കുക? "ആ രാജ്യങ്ങളിലെ മൗലികാവകാശപ്രഖ്യാപനങ്ങളുടെ കൂട്ടത്തിൽ ഓരോ പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കുവാനും ഒരു മതം സ്വീകരിക്കാതിരിക്കുവാനും ഉള്ള അവകാശം അംഗീകരിച്ചിട്ടുണ്ടു്" എന്നു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതിൽ അർദ്ധസത്യവും മുഴുവൻ അസത്യവും കൂട്ടിക്കലർത്തിയിരിക്കുകയാണു്. ഉദാഹരണമായി റഷ്യയിലെ ഇപ്പോഴത്തെ ഭരണഘടനയെടുക്കുക. അതിന്റെ 124-ാം വകുപ്പിലെ വ്യവസ്ഥ ഇങ്ങനെയാണു്: "മതസഭ (Church) രാഷ്ട്രത്തിൽനിന്നും വേർപെടുത്തപ്പെട്ടിരിക്കുന്നു. സ്കൂൾ മതസഭയിൽനിന്നും വേർപെടുത്തപ്പെട്ടിരിക്കുന്നു. സകല പൗരന്മാർക്കും മതാരാധനയ്ക്കുള്ള സ്വാതന്ത്ര്യവും, മതവിരുദ്ധമായ പ്രചരണത്തിനുള്ള സ്വാതന്ത്ര്യവും ഉണ്ടെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു." ഇതിന്റെ അർത്ഥമെന്താണു്? മതാരാധന നടത്തുവാനുള്ള സ്വാതന്ത്ര്യം ഒഴിച്ചു മററു മതസ്വാതന്ത്ര്യങ്ങളെല്ലാം നിഷേധിക്കുന്നുവെന്നല്ലയോ? മതസമൂഹങ്ങൾക്കു സ്വന്തം സ്കൂളുകൾ നടത്തുവാൻ അനുവാദമില്ലെന്നല്ലയോ? മതപ്രചരണാവകാശം നിഷേധിക്കുന്നുവെന്നും, മതത്തിനെതിരായ പ്രചരണാവകാശം അനുവദിക്കുന്നുവെന്നുമല്ലയോ? റഷ്യയിൽ ഗവമ്മെൻറിന്റെ സ്പഷ്ടമായ അംഗീകരണത്തോടുകൂടി 1926-ൽ "സമരസന്നദ്ധരായ നിരീശ്വരന്മാരുടെ യൂണിയൻ" സ്ഥാപിക്കപ്പെടുകയും, ലക്ഷക്കണക്കിനു് അതിൽ അംഗങ്ങളെ ചേർക്കുകയും, ശക്തിയായും വിപുലമായും അവർ പ്രചരണം നടത്തുകയും ചെയ്തിരുന്നു. 1923-ൽ സോവ്യററു് ഗവമ്മെൻറിൽനിന്നു പരസ്യപ്പെടുത്തിയ "മതവിരുദ്ധപ്രചരണത്തിന്റെ ഉദ്ദേശങ്ങളും പരിപാടികളും" എന്ന പ്രമാണരേഖയിൽ പറഞ്ഞിട്ടുള്ളതിങ്ങനെയാണു്: "സോവ്യററു് ഗവമ്മെൻറിന്റെ മതവിരുദ്ധമായ സമരപ്രസ്ഥാനം റഷ്യയിൽ ഒതുക്കിനിർത്തുവാൻ പാടുള്ളതല്ല. അതു ലോകമാസകലം നടത്തപ്പെടണം. ഈ സമരം ഒരേ ഉദ്ദേശത്തോടുകൂടിയും ഒരേ മാർഗ്ഗങ്ങൾ ഉപയോഗിച്ചും മുസ്ലീം രാജ്യങ്ങളിലേക്കും കത്തോലിക്കാരാജ്യങ്ങളിലേക്കും വ്യാപിപ്പിക്കപ്പെടണം." ആകയാൽ പ്രായോഗികജീവിതത്തിൽ മതവിശ്വാസികളുമായി സന്ധിക്കും സഹകരണത്തിനും കമ്മ്യൂണിസം തയ്യാറാണെന്നു പറയുന്നതു തികച്ചും അവാസ്തവം തന്നെ.

## പാർട്ടിപരിപാടിയാൽ സന്ധി അസാദ്ധ്യം

എന്നു മാത്രമല്ല, കമ്മ്യൂണിസ്റ്റു്പാർട്ടിയുടെ പ്രസ്താപിതമായ പരിപാടി പരിശോധിക്കുമ്പോൾ മതവിശ്വാസികളുമായി സന്ധിചെയ്യാനും സഹകരിക്കുവാനും കമ്മ്യൂണിസം തയ്യാറാണെന്നു പറയുന്നതു് തീരെ യുക്തിഹീനമാണെന്നും കാണാം. "മതവിശ്വാസികളായ തൊഴിലാളികളുടേയും കൃഷിക്കാരുടേയും മതപരമായ വികാരങ്ങളെ വേദനപ്പെടുത്താതെ, അവരെക്കൂടി ഉൾക്കൊള്ളിക്കുന്ന ബഹുജനപ്രസ്ഥാനം ഉയർത്തി സാമ്രാജ്യത്വ—നാടുവാഴി—ജന്മി—മുതലാളിത്തം പൊളിക്കുകയാണു പാർട്ടിയുടെ പ്രായോഗിക പരിപാടി" എന്നാണു് പ്രസ്തുത പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതു്. ഈ പരിപാടി യഥാർത്ഥമതവിശ്വാസികൾക്കു് സ്വീകരിക്കാവുന്നതല്ല. പരിപാടിയുടെ പിന്നിൽ കിടക്കുന്നതു് ഏതു മതവിശ്വാസത്തിനും കടകവിരുദ്ധമായ "വർഗ്ഗസിദ്ധാന്ത"മാണു്. നാടുവാഴികളും ജന്മികളും മുതലാളികളും മനുഷ്യരാണെന്നും, ആ നിലയിൽ അവർ ദൈവത്തിന്റെ മക്കളും മററു മനുഷ്യരുടെ സഹോദരന്മാരുമാണെന്നും, തന്മൂലം അവരെ സ്വസഹോദരന്മാരായി സ്നേഹത്തോടും ബഹുമാനത്തോടുംകൂടി ഗണിക്കേണ്ടതാണെന്നുമാണു് യഥാർത്ഥമായ ഏതു മതവിശ്വാസവും പഠിപ്പിക്കുന്നതു്. ആകയാൽ മനുഷ്യസമുദായത്തിന്റെ ശത്രുക്കളായി ഗണിച്ചു അവരെ സമൂലം നശിപ്പിക്കുവാൻ കമ്മ്യൂണിസം ഉയർത്തുന്ന ബഹുജനപ്രസ്ഥാനം മതവിശ്വാസികളായതൊഴിലാളികളുടേയും കൃഷിക്കാരുടേയും ഇടത്തരക്കാരുടേയും മതപരമായ വികാരങ്ങളെ അവശ്യം വേദനപ്പെടുത്തുകതന്നെ ചെയ്യും. നാടുവാഴികളേയും ജന്മികളേയും മുതലാളികളേയും അവരുടെ മേധാവിത്വത്തിന്റെ ചീത്തപ്പേരും പറഞ്ഞു്, സമൂലം നശിപ്പിക്കുകയാണു് കമ്മ്യൂണിസത്തിന്റെ നടപടിയെന്നു റഷ്യയിലേയും അതിന്റെ പിടിയിൽ അമർന്നിരിക്കുന്ന രാജ്യങ്ങളിലേയും അനുഭവം സ്പഷ്ടമായി തെളിയിച്ചിട്ടുമുണ്ടു്. ഈ നശീകരണപ്രസ്ഥാനത്തെ സാധൂകരിക്കാൻ പ്രസ്താവനയിൽ പറയുന്ന കാരണം "ഈ സ്ഥാപിത താല്പര്യക്കാരുടെ മർദ്ദനമാണു് ഇന്നാട്ടുകാരെ കഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്" എന്നാണു്. ഈ അഭിപ്രായവും യഥാർത്ഥമതവിശ്വാസികൾക്കു സ്വീകാര്യമല്ല. നാടുവാഴികളും ജന്മികളും മുതലാളിമാരും അവരുടെ കർത്തവ്യങ്ങൾ എല്ലായ്പോഴും എല്ലായിടത്തും വേണ്ടവിധം നിർവ്വഹിച്ചിട്ടില്ലെന്നു സമ്മതിക്കതന്നെ വേണം. അതിന്റെ ദുഷ്ഫലമാണു് ആധുനികകാലത്തിലെ സാമ്പത്തികകുഴപ്പത്തിന്റെ ഒരു വലിയ ഭാഗമെന്നും സമ്മതിക്കാം. എന്നാൽ അതിനു പ്രതിവിധി അവരുടെ ജീവനേയും മാനത്തേയും സ്വാതന്ത്ര്യത്തേയും വസ്തുവകകളേയും ആക്രമിച്ചു നശിപ്പിക്കുകയാണെന്നു യാതൊരു മതവിശ്വാസിക്കും സമ്മതിക്കാവുന്നതല്ല. അതു ധാർമ്മികമായി അപലപനീയവും, സാമ്പത്തികമായി ആപൽക്കരവുമാണെന്നാണു് ചിന്താശീലനായ ഏതു മതവിശ്വാസിയുടേയും ദൃഢമായ അഭിപ്രായം. "നിരീശ്വരനാണെങ്കിലും ജന്മി—മുതലാളി പക്ഷവാദിയായ ഒരാൾ ഞങ്ങളുടെ ശത്രുവാണു്; തൊഴിലാളി—കർഷക—ഇടത്തരക്കാർക്കുവേണ്ടി പോരാടുന്ന മതവിശ്വാസികൾ ഞങ്ങളുടെ ബന്ധുവും" എന്നു പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതിനു ഒരു യഥാർത്ഥമായ മതവിശ്വാസിയുടെ മറുപടി ഇങ്ങനെയായിരിക്കും: മതവിശ്വാസികളായ ഞങ്ങൾക്കു് ഒരാളും വ്യക്തിയെന്ന നിലയിൽ ശത്രുവല്ല; ജന്മി—മുതലാളിമാർ വ്യക്തികളെന്ന നിലയിൽ ഞങ്ങളുടെ ബന്ധുക്കളാണു്. എന്നാൽ വ്യക്തികളുടെ കർത്തവ്യവിലോപങ്ങളെ ഞങ്ങൾ വെറുക്കും. ആ നിലയിൽ ജന്മിമുതലാളിമാരുടെ ചൂഷണങ്ങളേയും ഞങ്ങൾ വെറുക്കുന്നു. അവയോടു ഞങ്ങൾ പോരാടുകയും ചെയ്യും. എന്നാൽ ആ പോരാട്ടം വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടിയായിരിക്കും. ദൈവനിയമങ്ങൾക്കും സന്മാർഗ്ഗതത്വങ്ങൾക്കും പൊതുജനസമാധാനത്തിനും ഭംഗംവരാത്തവിധത്തിൽ ഞങ്ങൾ പോരാട്ടം നടത്തും. അത്തരം പോരാട്ടം കമ്മ്യൂണിസം ആവിർഭവിക്കുന്നതിനു മുമ്പുതന്നെ നടന്നുപോന്നിരുന്നു. അതു ക്രമേണ ശക്തിയും വൈപുല്യവും പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി തൊഴിലാളികളുടേയും കർഷകരുടേയും ജീവിതസ്ഥിതി എത്രയോ വളരെ ഭേദപ്പെട്ടിരിക്കുന്നു! ഇംഗ്ലണ്ടു് അമേരിക്ക മുതലായ മുതലാളിത്തരാജ്യങ്ങളിൽ ഈ പോരാട്ടം അനുസ്യൂതം നടന്നുകൊണ്ടിരിക്കുകയാണു്. അവിടങ്ങളിൽ തൊഴിലാളി കർഷകരുടെ ജീവിതത്തോതു റഷ്യയിലേക്കാൾ എത്രയോ മടങ്ങു ഉയർന്നിരിക്കുന്നു! ആകയാൽ "മുതലാളി, ജന്മി, കരിഞ്ചന്തക്കാരൻ, രാജാവു, സാമ്രാജ്യവാദി എന്നിവരെനശിപ്പിക്കേണ്ടതാണെന്നു്" അവർ വിശ്വസിക്കുന്നില്ല. "നമുക്കതിനു സഹകരിച്ചു പ്രവർത്തിക്കാം" എന്നുള്ള കമ്മ്യൂണിസത്തിന്റെ ആഹ്വാനം സ്വീകരിക്കുവാൻ ഞങ്ങളുടെ മതവിശ്വാസം ഞങ്ങളെ അനുവദിക്കുന്നുമില്ല.

മാത്രമല്ല, കമ്മ്യൂണിസത്തിനു അധികാരം കൈവന്നിട്ടുള്ള സ്ഥലങ്ങളിൽ, പ്രത്യേകിച്ചും റഷ്യയിൽ, കമ്മ്യൂണിസ്റ്റു് പാർട്ടിഅംഗങ്ങൾ ഏററവുമധികം കൊള്ളയടിക്കുന്ന മുതലാളികളും ജന്മികളും കരിഞ്ചന്തക്കാരും സാമ്രാജ്യവാദികളുമായി രൂപാന്തരപ്പെട്ടിരിക്കുകയാണെന്നും ഞങ്ങൾക്കറിയാം. അതിലൊക്കെ ഏററവും മികച്ചു നില്ക്കുന്നതു കടുത്തസ്വേച്ഛാധിപതിയായ സ്റ്റാലിൻതന്നെ. റഷ്യയിലെ വിദേശവ്യാപാരവകുപ്പുമന്ത്രിയുടെ സഹകാരികളിൽ ഒരാളായിരുന്ന അലക്സാണ്ഡർ ബാർമയിൽ "റീഡേഴ്സു് ഡൈജസ്ററു്" എന്ന പത്രത്തിൽ 1940 മെയ്മാസത്തിൽ പറഞ്ഞിട്ടുള്ളതിങ്ങനെയാണു്:—

"തെക്കെ റഷ്യയിൽ ബ്ളാക്സീയുടെ തീരങ്ങൾക്കരികെ കൊട്ടാരതുല്യമായ നാലുവസതികൾ സ്റ്റാലിനുണ്ട്. മോസ്ക്കോയുടെ പരിസരപ്രദേശങ്ങളിൽ സുഖസൗകര്യങ്ങളോടുകൂടിയ അനേകം വേനൽക്കാലകൊട്ടാരങ്ങളും അദ്ദേഹത്തിനുണ്ട്. ഈ വസതികളെല്ലാം ബില്ലിയഡ്സ് കളിക്കാനുള്ള മുറികൾതുടങ്ങി, ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെടുവാനുള്ള ഹാളുകൾ വരെ, ആവശ്യകമായ സകല സജ്ജീകരണങ്ങളെക്കൊണ്ടും മോടിപിടിപ്പിക്കപ്പെട്ടിട്ടുണ്ട്. സ്റ്റാലിൻെറ എസ്റ്റേററുകളിൽ അനേകം ഭൃത്യന്മാരെ നിറുത്തിയിട്ടുണ്ട്. അവർ ആണ്ടുവട്ടം മുഴുവനും അവയിൽ കാവൽ നടത്തുകയും അദ്ദേഹത്തിൻെറ സന്ദർശനാവസരങ്ങളിൽ ഹാജർ കൊടുക്കുവാൻ സദാ തയ്യാറായിരിക്കുകയും ചെയ്യുന്നു."

മുതലാളിത്തവ്യവസ്ഥിതിയിൽ മുതലാളി ദുഷ്പ്രഭുക്കൾ തൊഴിലാളികളെ ചൂഷണം ചെയ്യുന്നെങ്കിൽ, കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ ഉദ്യോഗസ്ഥദുഷ്പ്രഭുക്കൾ തൊഴിലാളികളെ അതിലുമധികം ചൂഷണം ചെയ്യുന്നു. ഇതൊന്നും മനസ്സിലാക്കാതെ കേരളത്തിലെ കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങൾ ആത്മവഞ്ചിതരായി തീർന്നിരിക്കുന്നതു് ഏററവും പരിതാപകരമെന്നല്ലാതെ എന്തു പറയട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### ക്രിസ്തുവാണ് എൻെറ ജീവൻ

"യഥാർത്ഥത്തിൽ നമുക്കെന്താണ് ഭയപ്പെടാനുള്ളതു്? മരണമോ? എന്നെ സംബന്ധിച്ചിടത്തോളം ക്രിസ്തുവാണ് എൻെറ ജീവൻ; മരണം എനിക്കു ഒരു നേട്ടമേ ആയിരിക്കുന്നുള്ളു. പിന്നെ എന്താണ് നമുക്കു ഭയപ്പെടുവാനുള്ളതു്? നാടുകടത്തലോ? എന്നാൽ ലോകവും അതിലുള്ള സമസ്തവും ദൈവത്തിൻെറതാകുന്നു. പിന്നെ എന്താണു ഭയപ്പെടാനുള്ളതു്? നമ്മുടെ സമ്പത്തുകളുടെ നാശമോ? നാം ലോകത്തിലേക്കു വന്നപ്പോൾ നമ്മോടുകൂടി യാതൊന്നും കൊണ്ടുവന്നില്ല. ലോകം വിട്ടുപോകുമ്പോൾ നമ്മോടുകൂടി യാതൊന്നും കൊണ്ടുപോകുകയില്ലെന്നുള്ളതും തീർച്ചയാണ്." എന്നിങ്ങനെയാണ് ഹംഗാറിയിലെ പ്രൈമറ്റായ കർദ്ദിനാൾ മിൻസെൻറി തിരുമേനി അറസ്റ്റു ചെയ്യപ്പെടുന്നതിനല്പം മുമ്പ് സ്വജനങ്ങൾക്കയച്ച ഹൃദയസ്പൃക്കായ ഇടയലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്.

### ആകുലരാകേണ്ട

തിരുമേനി ഇപ്രകാരം തുടരുന്നു: "നാളത്തെപ്പററിയുള്ള ചിന്തയാൽ മനസ്സ് ആകുലമാകേണ്ടതില്ല. യാതൊന്നിനെപ്പററിയും നിങ്ങൾ ഉൽക്കണ്ഠാഭരിതരാകരുതു്. നമുക്കു മാതൃകയായിരിക്കേണ്ട അനേകം സംഗതികൾ സുവിശേഷങ്ങളിലും സഭാചരിത്രത്തിലും, നമ്മുടെ മാതൃഭൂമിയുടെയും ലോകത്തിൻെറയും ചരിത്രത്തിലുമുണ്ടു്. നമ്മുടെ ക്രിസ്തീയപുരോഗാമികളുടെയും മാഗിയാർ ജാതിയുടെയും ജീവിതം ഒരിക്കലും ആനന്ദപൂർണ്ണമായ ഒന്നായിരുന്നില്ല. കഷ്ടതകളുടെ മനുഷ്യനും ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട പാത്രവുമായ പൗലോസ് അപ്പസ്തോലൻ ആധുനിക കാലത്തിനു പററിയ ഒരു സന്ദേശമാണ് നമുക്കു നൽകിയിരിക്കുന്നതു്: "ഇതിനു മൻപു് എഴുതപ്പെട്ടിരിക്കുന്നതെല്ലാം നമ്മുടെ അറിവിനുവേണ്ടിയാണ് എഴുതപ്പെട്ടിരിക്കുന്നതു്. വേദപുസ്തകം നമുക്കു പ്രദാനം ചെയ്യുന്ന ക്ഷമയാലും ആശ്വാസത്താലും നാം പ്രത്യാശാഭരിതരാകുന്നതിനാണ് എഴുതപ്പെട്ടിരിക്കുന്നതു്."

### വിശുദ്ധ ജീവിതം

കന്യകാമാതാവിൻെറ നേർക്കുള്ള ഭക്തിയും വിശുദ്ധ ജീവിതവും വഴി പീഡകൾ സഹിക്കുന്നതിനുള്ള ധൈര്യവും സന്നദ്ധതയും കരസ്ഥമാക്കാമെന്നാണ് ഇടയലേഖനത്തിൻെറ അവസാനഭാഗത്തു തിരുമേനി ശക്തിയുക്തം ഉൽബോധിപ്പിച്ചിരിക്കുന്നതു്: "ഏററം പരിശുദ്ധയായ കന്യകാമറിയത്തിലുള്ള വിശ്വാസം, പ്രത്യേകിച്ചും ഫാത്തിമായിൽനിന്നുള്ള അവിടുത്തെ സന്ദേശത്തിലുള്ള വിശ്വാസം, വളരെ പ്രയോജനകരമാകുന്നു. എന്നാൽ എല്ലാററിലും പ്രധാനമായിട്ടുള്ളതു് വരപ്രസാദത്തോടുകൂടിയ ഒരു ആദ്ധ്യാത്മികജീവിതമാകുന്നു. കൂദാശകളാകുന്ന ഉപാധികളിൽ നിന്നാണ് അതുണ്ടാകുന്നതു്. ആകയാൽ നാം നിങ്ങളോടു പറയുന്നു: "നിങ്ങളെത്തന്നെ ശുദ്ധമാക്കുകയും ശുദ്ധരായിരിക്കുകയും ചെയ്യുവിൻ." അങ്ങനെ നിങ്ങൾ നമ്മുടെ കർത്താവായ ഈശോമിശിഹായെ ധരിക്കുവിൻ. അങ്ങയോടുകൂടിയും, അങ്ങയിലും, അങ്ങുവഴിയായും നിങ്ങൾ സിംഹങ്ങളെപ്പോലെ ധീരതയുള്ളവരായിത്തീരുവിൻ. വരപ്രസാദജീവിതത്തിനു എല്ലാററിലും ഉപരിയായി നമുക്കു വേണ്ടതു ഒരിക്കലും വിസ്മരിക്കരുതു്. പ്രലോഭനങ്ങൾ നമ്മെ വശപ്പെടുത്താതിരിക്കുവാനുള്ള ശക്തിയാണതു്. വരപ്രസാദത്തിൻെറ സഹായത്താൽ, ഈശോയുടെ നാമത്തെപ്രതി അപമാനം സഹിക്കുന്നതിൽ സന്തോഷിച്ച അപ്പസ്തോലന്മാരുടെ ഉന്നതപദവിയിലേക്കു നമ്മെത്തന്നെ ഉയർത്തുവാൻ നമുക്കു സാധിക്കുന്നതാണ്. അങ്ങനെ ഗിരിപ്രഭാഷണത്തിൻെറ സത്യവത്വം നാം കാണിച്ചുകൊടുക്കണം. "നീതിക്കുവേണ്ടി പീഡനം സഹിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. എൻെറ നാമത്തെപ്രതി ജനങ്ങൾ നിങ്ങളെ ആക്ഷേപിക്കുകയും പീഡിപ്പിക്കുകയും, നിങ്ങൾക്കെതിരായി തിന്മയായുള്ളതെല്ലാം സംസാരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു."

## അടുത്ത ആഴ്ചയിൽ

മാർച്ച്

20 ഞാ: നോമ്പു് 3-ാം ഞായർ
21 തി: ബനദിക്തോസ്
22 ചൊ: കത്രീന
23 ബു: വിക്ടോറിയൻ
24 വ്യാ: ഗബ്രിയേൽ
25 വെ: മംഗലവാർത്ത തിരുനാൾ
26 ശ: ലഡ്ജർ

## സഹായമെത്രാൻ

കൽക്കട്ടാ അതിരൂപതയുടെ വികാരി ജനറാൾ മോൺ. ജെ. ഫെർണാണ്ടസ് അവർകളെ കൽക്കട്ടാ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ എഫ്. പെരിയർ എസ്. ജെ. തിരുമനസ്സിലെ സഹായമെത്രാനായി പരിശുദ്ധ സിംഹാസനത്തിൽനിന്നു നിയമിച്ചിരിക്കുന്നു.

## മി. കെ. ഇ. ജോബിന്

ദേശഭാഷയുടെ സമുദ്ധാരണത്തെ ലക്ഷ്യമാക്കി മദിരാശി ഗവമ്മെൻറ് ഏർപ്പെടുത്തിയിട്ടുള്ള പാരിതോഷികങ്ങളിൽ ധനതത്വശാസ്ത്രവകുപ്പിൽപെട്ടതു മി. കെ. ഇ. ജോബ് എം. എ. എൽ. ടി. യുടെ "ധനതത്വപ്രവേശിക"ക്കു ലഭിച്ചിരിക്കുന്നു.

## കൊച്ചിവാർത്തകൾ

### ഗ്രന്ഥശാലാപ്രചരണയോഗം

തിരുവിതാംകൂർ കൊച്ചിസംസ്ഥാനങ്ങളിലെ ഗ്രന്ഥശാലാപ്രവർത്തനങ്ങൾക്ക് ഐകരൂപ്യമുണ്ടാക്കുന്നതിനും ഒരു കേന്ദ്രസംഘടനയുടെ കീഴിൽ പ്രവർത്തനം നടത്തുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചുപര്യാലോചിക്കുന്നതിനും തിരുവിതാംകൂർഗ്രന്ഥശാലാസംഘത്തിൻെറ പ്രചരണപരിപാടി വിശദീകരിക്കുന്നതിനുമായി എറണാകുളം പബ്ളിക്ലൈബ്രറിഹാളിൽവച്ചു് മാർച്ച് 12-ാംനു ഒരു പൊതുയോഗം കൂടിയിരിക്കുന്നു.

### ശ്രീ വി. പി. മേനോൻ കൊച്ചിയിൽ

കേന്ദ്രഗവമ്മെണ്ടിൻെറ നാട്ടുരാജ്യവകുപ്പുപദേഷ്ടാവു് ശ്രീ വി. പി. മേനോൻ കഴിഞ്ഞ വ്യാഴാഴ്ച തിരുവനന്തപുരത്തുനിന്നും എറണാകുളത്തെത്തി. അന്നു വൈകുന്നേരം അദ്ദേഹത്തിൻെറ ബഹുമാനാർത്ഥം പ്രധാനമന്ത്രി നൽകിയ ഉദ്യാനവിരുന്നിൽ എറണാകുളം, വരാപ്പുഴ മെത്രാപ്പോലീത്താമാരുൾപ്പെടെ അനേകം പ്രശസ്താതിഥികൾ സംബന്ധിച്ചിരുന്നു. തദനന്തരം ശ്രീ മേനോൻ നടത്തിയ പ്രസ് കോൺഫറൻസിൽ തിരുവിതാംകൂർ— കൊച്ചിസംയോജനത്തെ സംബന്ധിക്കുന്ന പലകാര്യങ്ങളെപ്പററിയും ചർച്ചനടന്നു. പിറെറദിവസം വൈകുന്നേരവും പ്രധാനമന്ത്രിയുടെ വസതിയിൽവച്ചു് പ്രസ് കോൺഫറൻസ് നടന്നു. ശനിയാഴ്ചനടത്തിയ അവസാനത്തെ കോൺഫറൻസിൽ ശ്രീ മേനോൻ തൻെറ സന്ദർശനഫലത്തെ പരാമർശിച്ചും ഇപ്രകാരം പ്രസ്താവിച്ചു: "ചില സർവ്വപ്രധാനമായ സംഗതികളിൽ ഏകകണ്ഠമായ തീരുമാനത്തിൽ എത്തിച്ചേരുവാൻ ഞങ്ങൾക്കു സാധിച്ചിരിക്കുന്നുവെന്നു പറയുവാൻ എനിക്കു സന്തോഷമുണ്ടു്. ഇരുരാജ്യങ്ങളും തമ്മിൽ സംയോജിക്കുക എന്ന തത്വം അംഗീകരിക്കപ്പെട്ടു. എന്നാൽ വിശദപരിപാടികളെപ്പററി യാതൊരു തീരുമാനവും ചെയ്തിട്ടില്ല. സംയോജനതത്വം ഇൻഡ്യാഗവമ്മെൻറു അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ ഞങ്ങൾ വീണ്ടും വിശദാംശങ്ങളെപ്പററി ചർച്ച തുടരുന്നതാണ്." ശ്രീ മേനോൻ തിങ്കളാഴ്ചകാലത്തു് എറണാകുളത്തുനിന്നും ഒററപ്പാലത്തേക്കു പോയി.

## തിരുവിതാംകൂർ വാർത്തകൾ

### മദ്ധ്യവേനൽ അവധി

മദ്ധ്യവേനൽ അവധി പ്രമാണിച്ചു് സംസ്ഥാനത്തെ കോടതികൾ മീനം 22-ാംനു അടയ്ക്കുന്നതാണ്. മുൻസിഫ് കോടതികൾ ഇടവം 1-ാംനുയും, ജില്ലാക്കോടതികളും ഹൈക്കോടതിയും ഇടവം 22-ാംനുയുമായിരിക്കും തുറക്കുന്നതു്.

### പൊതുയോഗങ്ങൾ നിരോധിച്ചു

ആലുവാ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് പരിസരങ്ങളിൽ പൊതുയോഗങ്ങൾ കൂടുന്നതിനെ ഗവമ്മെൻറിൽനിന്നും നിരോധിച്ചിരിക്കുന്നു.

### 2 ഹെഡ്മാസ്റ്റർമാർ ആവശ്യമില്ല

ഒരേ സ്കൂളിൽ വച്ചുതന്നെ നടത്തുന്ന പ്രൈമറി മിഡിൽ സ്കൂളുകൾക്കു് രണ്ടു ഹെഡ്മാസ്റ്റർമാർ ആവശ്യമില്ലെന്നു് ഗവമ്മെണ്ടു തീരുമാനിച്ചിരിക്കുന്നു.

### പുതിയ കോളെജ്

മാർ ഇവാനിയോസ് തിരുമനസ്സുകൊണ്ടു് പണികഴിപ്പിക്കുന്ന പുതിയ കോളെജിൽ അടുത്ത അദ്ധ്യയനവർഷം മുതൽ പഠനമാരംഭിക്കുന്നതാണ്. ഇൻറർമീഡിയററു്, ബി. എ., ബി. എസ് സി. ക്ലാസുകൾ അടുത്തവർഷം അവിടെ ഉണ്ടായിരിക്കും.

## ഇന്ത്യാവാർത്തകൾ

### തഫാൽനിരക്കിനെപ്പററി

കേന്ദ്രഗവമ്മെൻറു് അവതരിപ്പിച്ച ബഡ്ജററിൽ ചില മാററങ്ങൾ വരുത്തണമെന്നുള്ള കേന്ദ്രഅസംബ്ളികോൺഗ്രസ്പാർട്ടി അംഗങ്ങളുടെ വാദമനുസരിച്ചു് തഫാൽ ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ബഡ്ജററിലെ നിർദ്ദേശം ധനകാര്യമന്ത്രി പിൻവലിക്കാൻ ഇടയുള്ളതായറിയുന്നു.


# പാപ്പാക്കൊടി

ജൂബിലി ആഘോഷങ്ങളിൽ ഉപയോഗിക്കുവാൻ പററിയ കൊടികൾ തയ്യാർ. വില 100 ക്കു ക. 4—0—0 ഒന്നിനു 1 ണ. ഉടനെ ആവശ്യപ്പെടുക.

മാനേജർ

ചെറുപുഷ്പമുദ്രാലയം, മഞ്ഞുമ്മൽ


# സത്യദീപം വിശേഷാൽ പ്രതി

മാർപ്പാപ്പായുടെ ജൂബിലി പ്രമാണിച്ചു കൂടുതൽ പേജുകളോടും വിവിധബ്ളോക്കുകളോടും കൂടി സത്യദീപം വിശേഷാൽപ്രതി മാർച്ച് 30-ാംനു പുറപ്പെടുന്നതാണ്. വില 2 ണ. കൂടുതൽ കോപ്പികൾ ആവശ്യമുള്ള ഏജൻറുമാർ മാർച്ച് 23-ാംനു ക്കു മുമ്പായി ആപ്പീസിൽ ഏർപ്പാടു ചെയ്യേണ്ടതാണ്. പരസ്യങ്ങളും പ്രസ്തുത തിയ്യതിക്കുമുമ്പുതന്നെ ആപ്പീസിൽ കിട്ടിയിരിക്കണം.

മാനേജർ

### കമ്മ്യൂണിസ്റ്റ് ഭീഷണി തടയാൻ

കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളെ തടയുന്നതിനായി വിപുലമായ അധികാരങ്ങളോടുകൂടിയ ഒരു കേന്ദ്ര ആലോചനക്കമ്മിററി ശ്രീ വി. പി. മേനോൻെറ നേതൃത്വത്തിൽ ഇൻഡ്യാഗവമ്മെൻറു് രൂപവൽക്കരിക്കുന്നു.

### ഇൻഡ്യയിലെ ദരിദ്രർക്ക്

ഇൻഡ്യയിലെ ദരിദ്രരുടെ ഉപയോഗത്തിനായി അമേരിക്കൻ കത്തോലിക്കർ 100 ഗുളികകൾ വീതമുള്ള 11537 കുപ്പി അററാബ്രിൻ സംഭാവനയായി അയച്ചിരിക്കുന്നു. കഴിഞ്ഞ വർഷം 6 ലക്ഷം റാത്തൽ ഗോതമ്പും 180,000 റാത്തൽ മററു ധാന്യങ്ങളും 180,000 റാത്തൽ പാൽപ്പൊടിയും അവർ സംഭാവനചെയ്യുകയുണ്ടായി.

### ധർമ്മസ്ഥാപനങ്ങളെ ഒഴിവാക്കുന്നു

ധർമ്മസ്ഥാപനങ്ങളെ ആദായനികുതിയിൽനിന്നും ഒഴിവാക്കാൻ മദ്രാസ് ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

## മേരീമണാള കീർത്തനം

(ററി. വി. അഗസ്റ്റിൻ)

"ശ്രീശിവഷൺമുഖവേലനെ"മട്ടു്.

പാരിതിൽ പാവനജീവിതം
പാരത്രികസുഖകാരണം
നേരേനയിക്കുവാനാരിലും
വാരൊളിചേർക്കും മാർയൗസേപ്പേ (പാ

താവകപാദസംസേവനം
താപത്രയാപഹം പാവനം
താപസലോകൈകാദർശം നീ
പാപാന്ധന്മാർക്കാശാദീപവും. (പാ

ദാവീദുരാജവംശാംബുധി
താരേശ, താപസോത്തംസമേ,
താവകാനുഗ്രഹപ്പൊൻമലർ
ഭൂവിൽവിതറണേ! വിൺമയം. (പാ

കന്യകമാർമണിമാലയിൽ
മിന്നുംമികവെഴും വൈഡൂര്യം
വന്ദ്യമേരിതൻമണാളനീ
പുണ്യവാരിരാശേ,പാഹിമാം. (പാ

മൂലോകനാഥനാമുണ്ണിതൻ
ലോലാമലമേനി മാനിച്ചു
താലോലിച്ചുണ്ടായഭാഗ്യത്താൽ
നീ ലോകവന്ദ്യനായ് നിസ്തുലം.(പാ

വിണ്ണവർനാഥനെ പാലിച്ചു
വർണ്ണനാതീതംവളർത്തിയ
പുണ്യത്തികവിനാൽ നീ സദാ
വിണ്ണിലുംമന്നിലുംപൂജ്യനായ്. (പാ

ജീവിതസായാഹ്നവേളയിൽ
ഹാ! വരുംഘോരാന്ധകാരം,മേ
താവകകാരുണ്യപ്പൂംതിങ്കൾ-
ശ്രീ വെളിച്ചംനൽകി കാക്കണേ!
(പാ

ഇക്ഷിതിവാസികൾക്കായി നീ
രക്ഷകനോടിരന്നീടണേ!
സാക്ഷാൽസഭയ്ക്കേഴുംശത്രുവാം
രാക്ഷസന്മാരെത്തുരത്തണേ! (പ

# സഹനത്തിൻെറ സജീവമാതൃക

## ട്രോക്കോ മെത്രാൻെറ കഷ്ടാനുഭവങ്ങൾ

(ഫാദർ തോമസ് മണക്കാട്ട്)

ചെക്കോസ്ലോവാക്യായിലെ ഒരു കൃഷിവലൻെറ പുത്രനായി സ്റ്റീഫൻ ട്രോക്കോ ഭൂജാതം ചെയ്തു. ബാലനു് എട്ടു വയസ്സുള്ളപ്പോൾ പിതാവു് ഈലോകവാസം വെടിഞ്ഞു. ബാല്യഘട്ടം മാതൃസംരക്ഷണയിൽത്തന്നെ കഴിച്ചുകൂട്ടി. ദാരിദ്ര്യത്തിൻെറയും കഷ്ടപ്പാടുകളുടെയും കൊടുംയാതനകളിൽക്കൂടി ആ ചെറുകുടുംബം മുമ്പോട്ടുനീങ്ങി. എങ്കിലും അരുമസുതൻെറ അഭിലാഷങ്ങൾ ആ അംബിക ആവോളം നിവർത്തിച്ചു. ഒരു വൈദികനാകണമെന്നുള്ള അവൻെറ അഭിവാഞ്ഛ അവളെ ഏകാകിനിയാക്കുമെന്നിരുന്നിട്ടും പുത്രാഹിതത്തെ അവൾ പ്രതിബന്ധിച്ചില്ല. അവൻ ക്രോമറിലെ സലേഷ്യൻസഭയിൽ ചേർന്നു് വൈദികപഠനം ആരംഭിക്കയും ഏഴെട്ടു കൊല്ലത്തെ നിരന്തരപഠനങ്ങൾക്കുശേഷം വൈദികപട്ടം സ്വീകരിക്കയും ചെയ്തു. അക്കാലത്താണു് രണ്ടാമത്തെ ലോകമഹായുദ്ധം സമാരംഭിച്ചതു്. അചിരേണ ചെക്കോസ്ലാവാക്യായും അതിൻെറ പ്രത്യാഘാതങ്ങൾ അനുഭവിച്ചു. ആകസ്മികമായി നമ്മുടെ കഥാപുരുഷനായ ട്രോക്കോ വൈദികനും നാസികളുടെ രഹസ്യപ്പോലീസിനാൽ അറസ്റ്റു് ചെയ്യപ്പെട്ടു. അദ്ദേഹം നാസികൾക്കെതിരായി ഏതോ കൂട്ടുകെട്ടിലുൾപ്പെട്ടു എന്നുള്ളതായിരുന്നു ആരോപണം. പക്ഷെ കുററമൊന്നും തെളിയിക്കാൻ ശത്രുക്കളെക്കൊണ്ടു സാധിച്ചില്ല. എങ്കിലും നാസികൾ അദ്ദേഹത്തെ ത്രേസ്യൻസ്റ്റായിലുള്ള പബ്ളിക്കു് ജയിലിൽ പാർപ്പിച്ചു. ആഴ്ചതോറുമെന്നപോലെ അവർ അദ്ദേഹത്തെ പീഡിപ്പിക്കയും രക്തത്തിൽ കുളിക്കുന്നതുവരെ ശരീരം തല്ലിപ്പൊളിക്കയും ചെയ്തിരുന്നു. അദ്ദേഹമാകട്ടെ ക്രിസ്തുവിനെപ്രതി സമസ്തവും സന്തോഷത്തോടെ സഹിച്ചുപോന്നു.

ത്രേസ്യൻസ്റ്റായിലെ തൻെറ ജയിൽവാസത്തിൻെറ ആദ്യദിവസം താഴെ വിവരിക്കുന്ന ഒരു സംഭവം നടന്നു. നാസികൾ അന്നു് പ്രേഗിലെ മെത്രാപ്പോലീത്തായായ അഭിവന്ദ്യ ബേറാൻതിരുമേനിയെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. വൃദ്ധനായ ആ വന്ദ്യവൈദികനെ അറസ്റ്റു് ചെയ്തു പട്ടാളപ്പാളയത്തിലെ കക്കൂസ്‌വണ്ടി വലിപ്പിക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം. അതു സാദ്ധ്യമാകാതെ വരുന്ന പക്ഷം നമ്മുടെ കഥാനായകനെക്കൊണ്ടു ആ ജോലി ചെയ്യിക്കുവാൻ അവർ തീർച്ചയാക്കി. എന്നാൽ അതിനിടയിൽ അവർ എങ്ങനെയോ മെത്രാപ്പോലീത്തായെ കണ്ടുപിടിച്ചു് നികൃഷ്ടമായ നിർദ്ദിഷ്ടജോലി അദ്ദേഹത്തെ നിർബന്ധിച്ചു ചെയ്യിച്ചു. കേവലം അപമാനകരമായ പ്രസ്തുതകൃത്യം അഭിവന്ദ്യ മെത്രാപ്പോലീത്താ ചെയ്യുന്നതുകണ്ടു് മനസ്സലിഞ്ഞ നമ്മുടെ കഥാനായകൻ നിത്യേന എന്നപോലെ ആ ജോലിയിൽ അദ്ദേഹത്തെ ഉള്ളഴിഞ്ഞു സഹായിച്ചിരുന്നു.

കുറെ കഴിഞ്ഞപ്പോൾ നമ്മുടെ കഥാനായകനെ അവർ മാത്താസനിലുള്ള മറെറാരു ജയിലിലേക്കു മാററി. അവിടത്തെ തൻെറ അനുഭവങ്ങളെ അനുസ്മരിക്കാതിരിക്കയാണുത്തമമെന്നുപോലും അദ്ദേഹം പറയുന്നു. ദിവസംപ്രതി പ്രഭാതം മുതൽ പ്രദോഷംവരെ 180 പടികളുള്ള ഒരു കോവണിയിൽക്കൂടി ഭാരിച്ച ചുമടുമായി കയറുകയും ഇറങ്ങുകയും ചെയ്യേണ്ടിയിരുന്നു. ആ ജോലിയിൽ ആരെങ്കിലും തളരുകയോ, താഴെ വീഴുകയോ ചെയ്താൽ വെടിവച്ചുകൊല്ലണമെന്നായിരുന്നു അധികൃതാജ്ഞ. ഒരു ദിവസം നമ്മുടെ വന്ദ്യവൈദികൻ ക്ഷീണത്താലും ചുമടിൻെറ ഭാരത്താലും കോവണിപ്പടിയിൽനിന്നും താഴെവീഴുമെന്ന ദിക്കായി. ആയുസ്സിൻെറ അന്ത്യഘട്ടം സമീപിച്ചിരിക്കുന്നതായി അദ്ദേഹത്തിനു തോന്നി. എന്നാൽ ഭാഗ്യവശാൽ മോറോവായിൽവച്ചു് താൻ വിദ്യാഭ്യാസം ചെയ്യിച്ച ഒരു യുവാവു് ആ കൂട്ടത്തിലുണ്ടായിരുന്നു. അവൻ സ്വഗുരുവിനെ തിരിച്ചറിയുകയും അദ്ദേഹത്തെ അനുകമ്പാപൂർവ്വം താങ്ങിരക്ഷിക്കയും ചെയ്തു. മാത്രമല്ല, അദ്ദേഹത്തിൻെറ അനന്തരചുമടുകൾ കഴിവതും ലഘുവാക്കിക്കൊടുക്കയുമുണ്ടായി. അന്നുമുതൽ ആ യുവാവു് അദ്ദേഹത്തെ തൻെറ ആത്മപിതാവായി സ്വീകരിച്ചു് അദ്ദേഹത്തിൻെറ അടുക്കൽ രഹസ്യമായി പാപസങ്കീർത്തനം ചെയ്തുപോന്നു.

ഇങ്ങനെ കഠിനയാതനകൾ നിറഞ്ഞ ആ ദിവസങ്ങൾ നെടുവീർപ്പിട്ടുകൊണ്ടു് കടന്നുപോയി. ആ ദുർദ്ദശയുടെ നടുവിൽ അദ്ദേഹത്തിനു വീണ്ടും പ്രാണഹാനി സംഭവിച്ചേക്കുമെന്നമട്ടിലായി. സ്വപ്രാണരക്ഷകനായ യുവാവിനു് അദ്ദേഹം നൽകിയിരുന്ന ആത്മീയശാന്തിയുടെ രഹസ്യം എങ്ങിനെയോ ശത്രുക്കൾ ഗ്രഹിച്ചു. തങ്ങളുടെ അനുമതികൂടാതെ പ്രസ്തുത യുവാവിനു പാപസങ്കീർത്തനം നൽകിയതിൽ കോപിഷ്ഠരായ അവർ കനത്ത ചെമ്പുകമ്പികൊണ്ടു് അദ്ദേഹത്തിൻെറ മുഖത്തു് വിലങ്ങെ അടിച്ചു. മാത്രമല്ല പുതുസൈനികർക്കു ലാക്കു തെററാതെ വെടി പരിശീലിക്കുന്നതിനു് നിരത്തിനിറുത്തപ്പെട്ട കുററവാളികളുടെ കൂട്ടത്തിൽ അദ്ദേഹത്തെയും നിറുത്തി. വെടിയേററു എല്ലാവരും നിലം പതിച്ചു. ഭാഗ്യവശാൽ നമ്മുടെ വന്ദ്യവൈദികനു് കഠിന പരുക്കുകളേററതല്ലാതെ മരിക്കാനിടയായില്ല. ശത്രുക്കളുടെ വെടിയേററ സകലരേയും വണ്ടിയിൽ കയററി ചുടുകാട്ടിലേക്കു തള്ളി. നാലുചുററും ഭീകരപ്രാകാരങ്ങളാൽ വലയിതമായ ആ ചുടുകാടിൻെറ താക്കോലെടുക്കാൻ വണ്ടിക്കാർ മാറിയ തക്കം നോക്കി മൃതശരീരങ്ങളുടെ ഇടയിൽ നിന്നും അദ്ദേഹം ഇഴഞ്ഞിറങ്ങി രക്ഷപെട്ടു. വിനാവിളംബം ആ സ്ഥലം അമേരിക്കർ കൈവശമാക്കുകയാൽ അദ്ദേഹം സ്വതന്ത്രനായി സ്വമിഷൻരംഗത്തേക്കു മടങ്ങുകയും ചെയ്തു.

നമ്മുടെ കർത്താവിനെപ്രതി കഠിനയാതനകൾ അനുഭവിച്ചതിനു് അവിടുന്നു നൽകിയ സമ്മാനമൊ എന്നു തോന്നുമാറു് 1947 നവംബർ 16-ാംതീയതി അദ്ദേഹം മെത്രാനായി വാഴിക്കപ്പെട്ടു.

—

## ചോദ്യോത്തരപംക്തി

**ചോ:** ദൈവമാണു് ലോകത്തിലുള്ള സമസ്തത്തേയും ക്രമവൽക്കരിക്കയും നയിക്കയും ചെയ്യുന്നതെങ്കിൽ ലോകത്തിൽ ഇത്രയേറെ തിന്മകൾ—ആത്മീയതിന്മ, പാപം—ഉണ്ടായിരിക്കുന്നതിനു കാരണമെന്തു്? ദൈവം പാപത്തേയും ആഗ്രഹിക്കുന്നുണ്ടെന്നു വരുമോ?

**ഉ:** ഈ സ്ഥിതി വിശദീകരിക്കുന്നതിനു ഒട്ടുമിക്കവർക്കും സാധിക്കുന്നില്ലതന്നെ. ദൈവം നീതിമാനല്ലാതിരുന്നിട്ടാണു്; അല്ലെങ്കിൽ അവിടുന്നു് ആകാശത്തുനിന്നു ഇടിവാൾ വീഴ്ത്തി പാപിയെ ഉടൻ സംഹരിച്ചുകളയുമായിരുന്നു എന്നാണു് അവർ ദൈവത്തെ പഴിച്ചുകൊണ്ടു പറയുന്നതു്. പാപം സാക്ഷാൽ ഒരു വിഷമപ്രശ്നവും അതിഗഹനമായ ഒരു രഹസ്യവുമാണെന്നു സമ്മതിക്കുകതന്നെവേണം. ആരും അതെപ്പററി വാദിക്കുമെന്നു തോന്നുന്നില്ല. സ്വർഗ്ഗത്തിൽ പാപം ഇല്ല. വി. യോഹന്നാൻ അപ്പോസ്തോലൻ പറയുന്നു: "കളങ്കമായിട്ടുള്ള യാതൊന്നും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. ഹീനതയോ അസത്യമോ പുലർത്തുന്നവനും അവിടെ പ്രവേശിക്കുകയില്ല. പ്രത്യുത കുഞ്ഞാടിൻെറ ജീവൽപ്പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നവർ ആരോ അവർമാത്രം (പ്രവേശിക്കും)(വെളി 21, 27). എന്നാൽ ഈ കണ്ണീരിൻെറ ഉറവയിൽ, നമ്മുടെ ഈ തീർത്ഥസ്ഥലത്തു്, പാപമലകൾതന്നെ ഉണ്ടു്. ദൈവത്തിൻെറ സന്താനങ്ങൾ അതിൻെറ മരണകരമായ വിഷബാധയിൽ നിന്നു ഒരിക്കലും സുരക്ഷിതരല്ല. അതു് ഒരു ഭയാനകവസ്തുതയാണു്. ഈ പാപരഹസ്യത്തെ ആവരണം ചെയ്തിരിക്കുന്ന ആ മൂടുപടം തെല്ലൊന്നു തള്ളിമാററാമോ എന്നു നമുക്കു നോക്കുകതന്നെ.

ദൈവം പാപം ആഗ്രഹിക്കുകയോ മനസ്സാകുകയോ ചെയ്യുന്നുണ്ടോ? വിശുദ്ധലിഖിതങ്ങൾ ഇതിനുള്ള ഉത്തരം ആവർത്തിച്ചാവർത്തിച്ചും അസന്നിഗ്ദ്ധമായും നൽകുന്നുണ്ടു്. ദൈവത്തിൻെറ പ്രവാചകരിൽ ഒരുവനായ ഹബാക്കൂസു് പറയുന്നതു കേട്ടാലും: "അങ്ങയുടെ നയനങ്ങൾ തിന്മയെ ദർശിക്കുവാൻ വഹിയാത്തവണ്ണം അത്രയും പരിശുദ്ധങ്ങളാകുന്നു; (1, 13)അതായതു് അങ്ങേക്കു് തിന്മയേയും അനീതിയേയും അംഗീകരിക്കുക സാദ്ധ്യമല്ല." "സൈന്യങ്ങളുടെ ദൈവമായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" (ഇസ. 6, 3) എന്നാണു് അവിടുത്തെ ദൂതന്മാർ അനുസ്യൂതം വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നതു്. ദൈവം പരിശുദ്ധതതന്നെയാണു്. അതുകൊണ്ടു പാപത്തെ അവിടുന്നു വിലക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അവിടുന്നു് മനോഹരതയും ക്രമവുമാണു് സർവ്വത്ര ഏർപ്പെടുത്തിയിരിക്കുന്നതു്. പാപം ആ മനോഹരമായ ക്രമത്തെ ഭഞ്ജിക്കയും ഭർത്സിക്കുകയുമത്രെ ചെയ്യുന്നതു്. ദൈവം പ്രകാശമാകുന്നു; പാപമാകട്ടെ നിത്യാന്ധകാരമാകുന്നു. ദൈവം ജീവനാണു്; പാപം മരണമാകുന്നു. അതു മനുഷ്യനെ അവൻെറ ജീവൻെറ ഉറവയായ ദൈവത്തിൽനിന്നു വേർപെടുത്തുന്നു. പാപം അതുകൊണ്ടു മ്ലേച്ഛമാണു്. തന്നിമിത്തം, അതിനുവേണ്ടിത്തന്നെയോ, മററു വല്ലതിനുമായിട്ടോ പാപത്തെ ആഗ്രഹിക്കുവാൻ—മനസ്സാകുവാൻ—ദൈവത്തിനു സാദ്ധ്യമല്ല. വേദപുസ്തകം പറയുന്നു: "ആരോടും പാപം ചെയ്യുവാൻ അവിടുന്നു കല്പിച്ചിട്ടില്ല; പാപത്തിനുള്ള ലൈസൻസും അവിടുന്നു ആർക്കും കൊടുത്തിട്ടില്ല; എന്തുകൊണ്ടെന്നാൽ വിശ്വാസഹീനരും ഫലശൂന്യരുമായ ഒരു സന്താനവ്യൂഹത്തെ അവിടുന്നു ആഗ്രഹിക്കുന്നില്ല. (എക്ലെ. 15, 21) അതിൽനിന്നു നമുക്കു ലഭിക്കുന്ന അനുമാനം ഇതത്രെ: ദൈവം ധാർമ്മികതിന്മ—പാപം—മനസ്സാകുന്നില്ല; ആഗ്രഹിക്കുന്നുമില്ല.

(ഫാദർ സെറാഫിൻ ബനഡിക്റ്റ്)

—

## പ്രാദേശികവാർത്തകൾ

"ദി കാത്തലിക് സർവ്വീസ് ക്ലബ്ബ്" എന്ന നാമധേയത്തിൽ ഒരു ക്ലബ്ബ് നെട്ടൂർ സ്ഥാപിതമായി പ്രവർത്തനമാരംഭിച്ചിരിക്കുന്നു. അതിൻെറ ഉൽഘാടനം മാർച്ച് 5-ാംനു ശനിയാഴ്ച വെ. റവ. ഫാദർ ആൻറണി റിബേരോ നിർവ്വഹിച്ചു.

—അർപ്പൂക്കര കത്തോലിക്കാ കോൺഗ്രസിൻെറ ദ്വിതീയ വാർഷികം 1949 ഫെബ്രുവരി 20-ാംനു വെ. റവ. ഫാദർ റൊമെയോ തോമസ് എം. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. മി. വി. വി. സെബാസ്റ്റ്യൻ, മി. സി. എം. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗങ്ങൾ നടത്തി.

—ആലപ്പുഴ സെൻറ് ജോസഫ്സ് കാത്തലിക് യൂണിയൻെറ ആഭിമുഖ്യത്തിൽ ഒരു യോഗംകൂടി, ടി യൂണിയൻെറ സ്ഥിരം പ്രസിഡണ്ടായിരുന്ന വെ. റവ. ഫാദർ ആൻഡ്രു ഇഗോമസ് അവർകളുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിയിരിക്കുന്നു.

—മാർപ്പാപ്പാദിനം സംബന്ധിച്ചു് കറാനം മലങ്കര സിറിയൻ കാത്തലിക് കോൺഗ്രസ് ശാഖയുടെ ആഭിമുഖ്യത്തിൽ റവ. ഫാദർ ക്രിസോസ്റ്റോം ഒ. ഐ. സി അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയും തദവസരത്തിൽ റവ. ഫാദർ ജോസഫ് താഴത്തേവീട്ടിൽ ബി. എ. ബി. റ്റി., ശ്രീ പി. സി. കുര്യൻ ബി. എ. ബി. റ്റി. എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—പാപ്പാദിനം പ്രമാണിച്ചു് കാളിയാർ കത്തോലിക്കാ കോൺഗ്രസിൻെറ ആഭിമുഖ്യത്തിൽകൂടിയ പൊതുയോഗത്തിൽ ശ്രീ തൊമ്മൻ ജോസഫ് നമ്പ്യാപറമ്പിൽ ആദ്ധ്യക്ഷം വഹിക്കുകയും ശ്രീ ജെ. ജോസഫ് തോപ്പിൽ പ്രസംഗിക്കുകയും ചെയ്തു.

—മൂന്നു കൊല്ലം മുമ്പ് മർത്തോമാസഭയിൽനിന്നും കത്തോലിക്കാ സഭയിലേക്കു പ്രവേശിച്ച രാമൻചിറ ഇടവക മി. സി. എം. മാത്യു ചക്കാലമണ്ണിൽ ഫെബ്രുവരി 4-ാംനു നിര്യാതനായി. ശവസംസ്കാരം വികാരി ജനറാൾ എ. പെ. ബ. പീലിപ്പോസ് റമ്പാൻ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. പരേതൻ മലങ്കരസിറിയൻ കത്തോലിക്കാ കോൺഗ്രസിൻെറ പ്രസിഡണ്ടായിരുന്നു എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണു്.

—മാർച്ച് 6-ാംനു കത്തോലിക്കാ കോൺഗ്രസ് കാരക്കുന്നു ശാഖയുടെ ഒരു വിശേഷാൽ യോഗം ശ്രീ ജയിംസ് കണ്ടത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയിരിക്കുന്നു.

—മരിയാസഖ്യവാർഷികവും പാപ്പാദിനാഘോഷവും പ്രമാണിച്ചു് ഒരു പൊതുയോഗം കിഴക്കമ്പലം സെൻറ് ആൻറണീസ് സ്കൂൾഹാളിൽവച്ചു് റവ. ഫാദർ ഫ്രാൻസിസ് സാലസ് സി. ഡി. യുടെ അദ്ധ്യക്ഷതയിൽകൂടി. റവ. സിസ്റ്റർ ലിബർത്താ, മിസ് ആനീസ് ജോർജ്ജ്, മി. എൻ. എ. വക്കി എന്നിവർ പ്രസംഗിച്ചു.

—സെൻറ് വിൻസെൻറ് ഡി പോൾസഖ്യം അതിരമ്പുഴ പ്രാദേശിക കൗൺസിലിൻെറ ആഭിമുഖ്യത്തിൽ, സഖ്യാംഗങ്ങളെ പ്രത്യേകം ഉദ്ദേശിച്ചു്, ഒരു ഏകാന്തധ്യാനം, മാന്നാനം ആശ്രമദേവാലയത്തിൽവച്ചു് ഏപ്രിൽ 9-ാം തീയതി ശനിയാഴ്ച വൈകുന്നേരം ആരംഭിച്ചു് ഏപ്രിൽ 13-ാംനു പെസഹാബുധനാഴ്ച അവസാനിക്കത്തക്കവണ്ണം നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

—രാമപുരം "ഗോവണ്ണദോർ" നഗരിൽവച്ചു നടത്തുന്ന അഖിലകേരളകത്തോലിക്കാകോൺഗ്രസിൻെറ 24-ാമതു വാർഷികസമ്മേളനം സംബന്ധിച്ചുള്ള ടിക്കററ് വില്പനക്കായി ഭാരവാഹികൾ കേരളത്തിൻെറ നാനാഭാഗങ്ങളിലേക്കും പുറപ്പെട്ടിരിക്കുന്നു.

—എറണാകുളത്തിനടുത്തുള്ള എളങ്കുളം എന്ന സ്ഥലത്തു വി. ഫിലോമിനായുടെ നാമത്തിൽ പുതുതായി പണിചെയ്തിരിക്കുന്ന കപ്പേളയുടെ ആശീർവാദകർമ്മം മാർച്ച് 13-ാംനു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചിരിക്കുന്നു. തിരുമേനിക്കു് സ്ഥലംനിവാസികൾ ഹാർദ്ദമായ ഒരു സ്വീകരണം നൽകി. ആശീർവാദകർമ്മത്തിനുശേഷം മെത്രാപ്പോലീത്താതിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ വാഴ്വും "ലാക്ആലാഹ" എന്ന സ്തോത്രഗീതാലാപവും നടത്തപ്പെട്ടു. ഉടനെ റവ. ഡോക്ടർ മൂത്തേടൻ എം. എ. ഡി ഡി. അവിടെ ഒരു ദേവാലയം സ്ഥാപിക്കുന്നതിൻെറ ഔചിത്യത്തെ പുരസ്കരിച്ചു് ഉജ്ജ്വലത്തായ ഒരു പ്രസംഗംചെയ്തു. പുതിയ ദേവാലയത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിച്ചശേഷം മെത്രാപ്പോലീത്താതിരുമേനി മടങ്ങി. പിറേറദിവസം തിരുമേനിതന്നെയാണു് പുതിയ കപ്പേളയിൽ പ്രഥമപൂജാർപ്പണം നടത്തിയതു്. അന്നു വി. ഫിലോമിനായുടെ തിരുനാളും സാഘോഷം കൊണ്ടാടപ്പെട്ടു. ഡോക്ടർ ജോസഫ് പൈനുങ്കലാണു് തിരുനാൾപ്രസംഗം നടത്തിയതു്.

—വി. ഫ്രാൻസിസ് അസിസിയുടെ മിഷനറി സമൂഹത്തിൻെറ ജനറൽ ചാപ്റ്റർ അപ്പസ്തോലിക് ഇൻറർനൺഷ്യോയുടെ ആദ്ധ്യക്ഷത്തിൽ ബോംബെക്കുസമീപം ബോറിവലിയിലെ മൗണ്ട് പോയിൽസൂറിൽവച്ചു നടത്തുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. വെരി റവ. ബ്രദർ ലേനാർഡ് ആണു് പുതിയ സുപ്പീരിയർ ജനറൽ. സാധുക്കളുടെ സാമ്പത്തികവും സാമൂഹ്യവുമായ ഉദ്ധാരണാർത്ഥം വേലചെയ്യുന്ന ഒരു സന്യാസസമൂഹമാണു് വി. ഫ്രാൻസിസിൻെറ മിഷനറിബ്രദേഴ്സ്.

—കത്തോലിക്കാ യുവാക്കന്മാർക്കു് ജീവിതാന്തസ്സു് തിരഞ്ഞെടുക്കുന്നതിനു് സഹായകമായി തേവരകോളെജിൽ മദ്ധ്യവേനൽ ഒഴിവുകാലത്തു ഒരു ധ്യാനം നടത്തുന്നതാണു്. ഫാദർ മാത്യു മങ്കുഴിക്കരിയായിരിക്കും ധ്യാനപ്രസംഗകൻ.

—പാലാ ഇടവക കരളിനാട്ടിൽ കുര്യൻ കുര്യൻ എന്നയാൾ 71-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചിരിക്കുന്നു. R. I. P.

പ്രഭാഷണം

# ധനദേവൻ

"ആകയാൽ, പ്രിയപുത്രന്മാർ എന്നപോലെ നിങ്ങൾ ദൈവത്തോടു സദൃശരാകുവിൻ. മിശിഹാ തന്നെയും നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി തന്നെത്തന്നെ മാധുര്യമേറിയ സുഗന്ധമായിട്ടു കാഴ്ചയും ബലിയുമായി ദൈവത്തിനു സമർപ്പിക്കുകയും ചെയ്തതുപോലെ സ്നേഹത്തിൽ വ്യാപരിക്കുകയും ചെയ്യുവിൻ. വ്യഭിചാരവും യാതൊരു അശുദ്ധിയും അത്യാഗ്രഹവും, വിശുദ്ധന്മാർക്കു ചിതമായിരിക്കുന്നതുപോലെ നിങ്ങളുടെയിടയിൽ ഒരിക്കലും പേർ പറയപ്പെടുകപോലും ചെയ്യരുതു്. നിന്ദനങ്ങളും അരുതു്. ഭോഷത്തമൊ, പരിഹാസമൊ, കളിയൊ ആയിട്ടുള്ള വാക്കുകളും അരുതു്. ഇവ ആവശ്യമില്ലാത്തവയത്രെ. മറിച്ചു്, ഉപകാരസ്മരണം സ്തോത്രമാകുന്നു ആവശ്യം. വ്യഭിചാരിയൊ, അശുദ്ധനൊ, വിഗ്രഹങ്ങളുടെ ആരാധന തന്നെയാകുന്ന അത്യാഗ്രഹത്തിൽ കുടുങ്ങിയവനൊ ആയ ഏതു മനുഷ്യനും മിശിഹായുടെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നറിഞ്ഞുകൊൾവിൻ. വ്യർത്ഥവാക്കുകൾകൊണ്ടു് ആരും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. എന്തെന്നാൽ അനുസരണമില്ലാത്ത മക്കളുടെ മേൽ ദൈവത്തിന്റെ കോപം വന്നുകൂടുന്നതു് ഇവ നിമിത്തമാകുന്നു. അതുകൊണ്ടു നിങ്ങൾ അവരുടെ പങ്കുകാരാകരുതു്. മുമ്പേ നിങ്ങൾ ഇരുളായിരുന്നു. ഇപ്പോഴാകട്ടെ നമ്മുടെ കർത്താവിൽ നിങ്ങൾ വെളിച്ചമാകുന്നു. ആകയാൽ വെളിച്ചത്തിന്റെ മക്കൾ എങ്ങനെയൊ അങ്ങനെ വ്യാപരിക്കുവിൻ. വെളിച്ചത്തിന്റെ ഫലങ്ങൾ സകല നന്മകളിലും നീതിയിലും സത്യത്തിലുമാകുന്നു." (നോമ്പ് 3-ാം ഞായർ ലേഖനം. എഫേസ് v, 1—9).

കുറെ മാസങ്ങൾക്കു മുമ്പ് ഒരു പത്രത്തിൽ അർത്ഥസംപുഷ്ടമായ ഒരു ഹാസ്യചിത്രപരമ്പര പ്രസിദ്ധീകരിച്ചിരുന്നു. ഒന്നാമത്തെ ചിത്രത്തിൽ മദ്ധ്യവയസ്കനായ ഒരു അഭ്യസ്തവിദ്യൻ മൃഷ്ടാന്നഭോജനവും കഴിഞ്ഞു് ചാരുകസേരയിൽ കിടന്നു പത്രം വായിക്കുന്നു. "ഹംഗറിയിലെ കത്തോലിക്കാസഭ മർദ്ദിക്കപ്പെടുന്നു" എന്നുള്ള വെണ്ടയ്ക്കാക്ഷരങ്ങളിൽ അയാൾ ദത്തശ്രദ്ധനായിരിക്കുന്നു. എങ്കിലും യാതൊരു ഭാവഭേദവും അയാൾ പ്രദർശിപ്പിക്കുന്നില്ല. രണ്ടാമത്തെ ചിത്രത്തിൽ, പത്രത്തിന്റെ മറ്റൊരു പേജിൽ "റഷ്യക്കാർ ദൈവത്തെ പരിഹസിക്കുന്നു" എന്ന തലക്കെട്ടു് പ്രത്യക്ഷമാകുന്നു. അതു വായിച്ചുകൊണ്ടു് അലസമായി അയാൾ ഒന്നുകൂടി നീണ്ടുനിവന്നു കിടക്കുന്നു. മൂന്നാമത്തേതിൽ "ദേവാലയങ്ങൾ കുതിരാലയങ്ങളാക്കി" എന്നുള്ള വാർത്തയാണു് വലിയ അക്ഷരങ്ങളിൽ ചേർത്തുകാണുന്നതു്. അയാൾ സംതൃപ്തനായിട്ടെന്നതുപോലെ സിഗററിന്റെ ഒന്നുരണ്ടു ചുരുൾ പുക വിടുന്നു. നാലാമത്തെ ചിത്രത്തിൽ കാണപ്പെട്ട വാർത്താശകലം "ബാങ്കിലെ ഡിവിഡണ്ടു കുറഞ്ഞുപോയി" എന്നായിരുന്നു. ഉടനെ അയാൾ ചാടിഎഴുന്നേൽക്കുന്നു; കസേരകൾ തട്ടിമറിഞ്ഞു് വീഴുന്നു; പരിഭ്രമിച്ചു് അയാൾ തുള്ളിച്ചാടുവാൻ തുടങ്ങുന്നു.

നിരീശ്വരത്വം തഴച്ചു വളർന്നുകൊള്ളട്ടെ; ദൈവവും ദൈവികകാര്യങ്ങളും പരിഹാസവിഷയങ്ങളായിക്കൊള്ളട്ടെ; ദേവാലയങ്ങൾ അശുദ്ധമാക്കപ്പെടുകയൊ നശിപ്പിക്കപ്പെടുകയൊ ചെയ്യട്ടെ; ദൈവത്തിന്റെ സഭ മർദ്ദിക്കപ്പെട്ടുകൊള്ളട്ടെ;—ചില കത്തോലിക്കർ ഇതിലൊന്നും അല്പമെങ്കിലും മനോവേദനയൊ ക്ഷോഭമൊ പ്രദർശിപ്പിക്കുകയില്ല. എന്നാൽ ബാങ്കുകളിലെ ഡിവിഡണ്ടു് പോലെയുള്ള ധനാഗമമാർഗ്ഗങ്ങൾക്കു കോട്ടംതട്ടുകയൊ അല്ലെങ്കിൽ സ്വന്തം ധനത്തിനു് എന്തെങ്കിലും നാശമൊ നഷ്ടമൊ വന്നു ഭവിക്കുകയൊ ചെയ്യുമ്പോൾ അവർ പരിഭ്രമിക്കുന്നു, ആകുലചിത്തരാകുന്നു, ക്ഷോഭിക്കുന്നു, ഓടിനടക്കുന്നു. കാരണം അവരുടെ ദൈവം പണമാകുന്നു. ദ്രവ്യാഗ്രഹമാകുന്ന വിഗ്രഹത്തെയാണു് സ്വഹൃദയത്തിൽ അവർ പ്രതിഷ്ഠിച്ചിരിക്കുന്നതു്. അതിനെ അവർ പൂജിക്കയും ആരാധിക്കയും ചെയ്യുന്നു. ആ ദൈവത്തിന്റെ കാര്യത്തിൽ അതീവശ്രദ്ധയും അവർ പ്രദർശിപ്പിക്കുന്നു. തന്നിമിത്തം സാക്ഷാൽ ദൈവമായ ക്രിസ്തുവിനെ അവർ പുറംതള്ളിയിരിക്കുന്നു. ഇന്നത്തെ ലേഖനത്തിൽ ദ്രവ്യാഗ്രഹം ഒരു വിഗ്രഹാരാധനതന്നെയാണെന്നു വി. ശ്ലീഹാ പ്രത്യേകം എടുത്തു പറയുന്നുണ്ടു്.


"അന്നത്തിൻ തൂവൽ നിറച്ചുണ്ണിക്കട്ടിലിൽ മിന്നുന്ന പട്ടുകിടക്കയിന്മേൽ കിടന്നു ധനത്തിന്റെ മഞ്ജീരശിഞ്ജിതത്തിൽ രസംതേടുന്ന ധനവാന്മാർക്കു ഇന്നു ലോകത്തിൽ അസാദ്ധ്യമായിട്ടെന്താണുള്ളതു്? ലോകവും അതിലെ സമസ്ത വസ്തുക്കളും അവരുടെ പാദാന്തികത്തിൽ കിടക്കുന്നു. വിശിഷ്ടവിഭവങ്ങൾ, ഭക്ഷ്യപേയവൈവിധ്യങ്ങൾ, രമ്യഹർമ്മ്യങ്ങൾ, മണിമഞ്ചങ്ങൾ, യാത്രാസുഖങ്ങൾ, ചികിത്സാസൗകര്യങ്ങൾ, വിശിഷ്ടങ്ങളായ ആടയാഭരണങ്ങൾ, കളിവിനോദങ്ങൾ, ഇലക്ട്രിക് വിളക്കുകൾ, പങ്ക, റേഡിയൊ—ഇങ്ങനെ പോകുന്നു അവയുടെ ലിസ്റ്റ്. സ്തുതിപാഠകന്മാർ അനേകം; ആജ്ഞാവർത്തികൾ നിരവധി; മാസപ്പടി മുതൽ മന്ത്രിവരെ സകല ഉദ്യോഗസ്ഥന്മാരും കീശയിൽ. എന്തും ചെയ്യാം; എന്തും അനുഭവിക്കാം; അമ്പിളിയെ കളിക്കോപ്പാക്കുവാനൊ നക്ഷത്രങ്ങളെക്കൊണ്ടു അമ്മാനാട്ടുവാനൊ അവനു് കഴിഞ്ഞെന്നു വരാം......ഇതെല്ലാം കാണുമ്പോൾ ധനംതന്നെയാണു് സർവ്വശക്തൻ എന്നു് വ്യാമോഹിച്ചു് മനുഷ്യർ അതിനെ കരസ്ഥമാക്കുവാനും പ്രസാദിപ്പിക്കുവാനും പൂജിക്കുവാനും തുടങ്ങുന്നു. "പണമെന്നു കേട്ടാൽ പിണവും വായ്തുറക്കും", "പണത്തിൻ മീതെ പരുന്തും പറക്കുമൊ?" എന്നിങ്ങനെയുള്ള പഴഞ്ചൊല്ലുകളുടെ ഉൽപത്തിയും ഇതുതന്നെയാണു്.

സിംഹത്തിനു് മനുഷ്യരക്തം കുടിക്കുംതോറും രക്തതൃഷ്ണ കൂടിക്കൂടി വരുന്നതുപോലെ ധനം ലഭിക്കുംതോറും അതിനുള്ള ആഗ്രഹം കൂടിക്കൂടി വരുന്നതല്ലാതെ അചംഭാവം ഒരിക്കലും ഉണ്ടാകുന്നില്ല. ധനതൃഷ്ണ വർദ്ധിക്കുംതോറും ധനസമ്പാദനമാർഗ്ഗങ്ങളുടെ ധാർമ്മികവശത്തെപ്പറ്റി അയാൾ ചിന്തിക്കുന്നില്ല. ധനദേവനെ പ്രസാദിപ്പിക്കുവാൻ കടുത്ത അനീതികൾ പോലും അവർ പ്രവർത്തിച്ചുതുടങ്ങുന്നു. കൊടുംചതികളും കരിഞ്ചന്തയും അവനു തഴക്കമായിത്തീരുന്നു. "ഇതൊക്കെ ലോകത്തിൽ പതിവാണെ"ന്നുള്ള സമാധാനം അവന്റെ മനസ്സാക്ഷിയിൽ വെണ്ണപുരട്ടുന്നു. നിഷ്കപടരായ സാധുക്കളുടെയും അനാഥരുടെയും നിസ്സാരസമ്പാദ്യങ്ങൾ പോലും അപഹരിച്ചു് ധനദേവനു കുരുതികഴിക്കുവാൻ തക്ക ഹൃദയകാഠിന്യം അവനുണ്ടായിത്തീരുന്നു. കള്ളരേഖാനിർമ്മാണവും കള്ളവ്യവഹാരങ്ങളും അവനു ആനന്ദപ്രദമാണു്. മനസ്സാക്ഷിയാണെങ്കിൽ ഇന്ത്യാറബർപോലെ എങ്ങനെയും വലിച്ചുനീട്ടാം. ഇവരിൽ ചിലർ ധനത്തിന്റെ മദ്ധ്യേ സ്വയം പട്ടിണികിടക്കയും, അർദ്ധരാത്രിയുടെ നിഗൂഢനിശ്ശബ്ദതയിൽ പതുക്കെ പണപ്പെട്ടി തുറന്നു നോട്ടുകളും നാണയങ്ങളും തിരിച്ചും മറിച്ചും നോക്കി സംതൃപ്തിയടയുകയും ചെയ്യുന്നു. മരണവേളയിൽ പണപ്പെട്ടി തലയ്ക്കുസമീപെ വെക്കുകയും അതിനെ ചുംബിക്കയും നാണയങ്ങളുടെ കിലുകിലാരവത്തിൽ ആനന്ദിക്കയും ചെയ്യുന്നവരും ഇല്ലെന്നില്ല.

വി. ശ്ലീഹാ ദ്രവ്യാഗ്രഹികളെക്കുറിച്ചു് പറയുന്നു: "ധനികന്മാരാകുവാൻ ഇച്ഛിക്കുന്നവർ പിശാചിന്റെ പരീക്ഷകളിലും കണികളിലും, ബുദ്ധിശൂന്യങ്ങളും ഉപദ്രവകരങ്ങളും അധഃപതനത്തിലും നാശത്തിലും മനുഷ്യരെ മുക്കിക്കളയുന്നവയുമായ വളരെ ദുരാശകളിലും വീഴുന്നു. എന്തെന്നാൽ സകല തിന്മകളുടേയും മൂലം ദ്രവ്യാഗ്രഹമാകുന്നു. അതിനെ ആഗ്രഹിച്ചു് വിശ്വാസത്തിൽ നിന്നു് വഴിതെറ്റി വളരെ ക്ലേശങ്ങളിൽ സ്വയം കുടുങ്ങിയ ആളുകളുണ്ടു്. (1. Tim. vi, 9,10) മനുഷ്യന്റെ മനസ്സും സ്നേഹശക്തിയും വളരെ പരിമിതമാണു്. ഏതെങ്കിലും ഒരു കാര്യത്തിൽ മനസ്സും സ്നേഹവും അർപ്പിച്ചുകഴിഞ്ഞാൽ മററു കാര്യങ്ങളിലേക്കു വിനിയോഗിക്കുവാൻ അധികം ബാക്കിയുണ്ടാകുകയില്ല. ധനത്തിൽ മനസ്സു മുഴുകുകയും അതിനെ നിസ്സീമമായി സ്നേഹിക്കയും ചെയ്യുമ്പോൾ ഒരുവനിൽ ദൈവത്തിനു സ്ഥാനം ലഭിക്കുക കൂടുതൽ അസാദ്ധ്യമാണു്. "നിങ്ങൾക്കു രണ്ടു യജമാനന്മാരെ സേവിക്കുവാൻ കഴികയില്ല. നിങ്ങൾക്കു ദൈവത്തേയും മാമ്മോനേയും സേവിക്കുവാൻ സാദ്ധ്യമല്ല" എന്നു ദിവ്യഗുരു നമ്മെ പ്രബോധിപ്പിച്ചിട്ടുണ്ടു്. മനുഷ്യൻ ആനന്ദമനുഭവിക്കുവാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആ ആനന്ദം ദൈവത്തിൽ മാത്രമെ കണ്ടെത്തുകയുള്ളു. ദാഹിക്കുന്നവർ ദാഹശമനത്തിനായി നല്ല വെള്ളം കുടിക്കാതെ ഉപ്പുവെള്ളമാണു് കുടിക്കുന്നതെങ്കിൽ ദാഹം വർദ്ധിക്കുമല്ലൊ. അതുപോലെ, ആനന്ദലബ്ധിക്കുതകിയതല്ലാത്ത ദ്രവ്യാഗ്രഹത്തിൽ ആനന്ദമന്വേഷിക്കുന്നവൻ സംതൃപ്തി കൈവരാതാകുമ്പോൾ കൂടുതൽ ധനതൃഷ്ണയുള്ളവനായിത്തീരുന്നു.

ധനവാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുക പ്രയാസമാണെന്നു നിത്യസത്യം അരുളിച്ചെയ്തിട്ടുണ്ടല്ലൊ നമ്മുടെ ഹൃദയങ്ങളിൽ നാം ധനദേവനെ വെച്ചു പൂജിക്കുന്നുണ്ടോയെന്നു് എല്ലാവരും പരിശോധിച്ചുനോക്കട്ടെ. ധനാഢ്യരായ ക്രിസ്ത്യാനികൾ അധികപങ്കും ഭക്തന്മാരായി പ്രത്യക്ഷപ്പെടുന്നുണ്ടു്. കുമ്പസാരം, കുർബാന, കൊന്ത മുതലായവയെല്ലാം അവർ ചിട്ടയായി നടത്തുന്നുണ്ടായിരിക്കും. എന്നാൽ, സാക്ഷാൽ ദൈവമായ ക്രിസ്തുവിനെ സ്വീകരിക്കുന്ന ഹൃദയത്തിൽതന്നെ ധനദേവന്റെ വിഗ്രഹത്തേയും അവർ പ്രതിഷ്ഠിച്ചു് പ്രീണിപ്പിക്കുന്നുണ്ടൊ എന്നു അവർ പരിശോധിക്കട്ടെ. ദ്രവ്യാഗ്രഹികൾ സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ലെന്നു വി. ശ്ലീഹാ സംശയരഹിതമായി ഇന്നത്തെ ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ടു്. ധനതൃഷ്ണയുള്ള ഒരുവനു പ്രാർത്ഥിക്കുവാനൊ ധ്യാനിക്കുവാനൊ, സമാധാനത്തോടെ ദൈവികകാര്യങ്ങളെക്കുറിച്ചു് ഓർക്കുവാനൊ എങ്ങനെ സാധിക്കും! ആദായം, പലിശ, പ്രോനോട്ടുകൾ, പണയാധാരങ്ങൾ, ഡിവിഡെണ്ടു്, ബാങ്കു്, കച്ചവടം, നിലവാരങ്ങൾ, വ്യവഹാരങ്ങൾ ഇവയല്ലെ അയാളുടെ മനസ്സിൽ തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുക? വി. അന്തോണിസ് പുണ്യവാൻ ഒരു ധനാഢ്യന്റെ ചരമപ്രസംഗം നടത്തിയപ്പോൾ പരേതന്റെ ഹൃദയം അയാളുടെ പണപ്പെട്ടിയിൽ നോക്കിയാൽ കാണാമെന്നു പറയുകയും അതനുസരിച്ചു് ജനങ്ങൾ ചെന്നു നോക്കിയപ്പോൾ തുടിച്ചുകൊണ്ടിരുന്ന ഹൃദയത്തെ അയാളുടെ പണപ്പെട്ടിയിൽ കാണുകയും ചെയ്തുവത്രെ. കാരണം "നിന്റെ നിക്ഷേപം എവിടെയോ, അവിടെ നിന്റെ ഹൃദയവും ഉണ്ടായിരിക്കും."

(ജെ. ചെമ്മണ്ണൂർ)




എരനെല്ലൂർ വികാരിയായിരിക്കുമ്പോൾ, 19 3 ആഗസ്റ്റ് 17-ാംനു കോളറാ ബാധിതനായി നിര്യാണം പ്രാപിച്ച ഫാദർ വർഗീസ് മൂത്തേടന്റെ സ്മരണയെ നിലനിർത്തുന്നതിനായി അദ്ദേഹത്തിന്റെ സഹോദരപുത്രൻ ഫാദർ തോമസ് മൂത്തേടൻ അവർകളാൽ സ്ഥാപിതമായിരിക്കുന്ന സ്മാരകശില. 1949 മാർച്ച് 6-ാംനു റവ. ഫാദർ മാത്യു പാലയൂർ അതു് അനാച്ഛാദനം ചെയ്തു. തദനന്തരം എറണാകുളം മെത്രാപ്പോലീത്തൻപള്ളി വികാരി റവ. ഫാദർ കുര്യാക്കോസ് ചിറമേൽ ചെയ്ത പ്രസംഗത്തിൽ ഒരു ദിവസംതന്നെ 10 കോളറാരോഗികൾക്കു അന്ത്യകൂദാശകൾ നല്കിയ ശേഷം 11-ാമത്തെ രോഗിയായി, സേവനത്തിന്റെ ബലിപീഠത്തിൽ ജീവൻ അർപ്പിച്ച പ്രസ്തുത വൈദികന്റെ ഓർമ്മ വൈദികർക്കും അൽമായർക്കും ഒരുപോലെ ഉത്തേജകമാണെന്നു സമർത്ഥിച്ചു.

പുസ്തകാഭിപ്രായം

## ഫാത്തിമാമാതാവ്

(ഗ്രന്ഥകർത്താ: ഫാദർ ജോസഫ് തേക്കനാടി. പക്കം: 26൦. വില: ക. 1—12—0 സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം)

പോപ്പുരാജൻ, സ്റ്റെപ്പിനാക്ക മെത്രാപ്പോലീത്താ, ക്രിസ്തുമതവും സേർസി. പി.യും തുടങ്ങിയ പത്തു പുസ്തകങ്ങളുടെ രചയിതാവായ ഫാദർ ജോസഫ് തേക്കനാടിയാണു് "ഫാത്തിമാമാതാവു്" എന്ന ഗ്രന്ഥം വിരചിച്ചിട്ടുള്ളതു്. വിപ്ലവങ്ങളും സമരങ്ങളും നിമിത്തം അസ്വസ്ഥതയിലും അസമാധാനത്തിലും ആണ്ടുപോയിരിക്കുന്ന ആധുനിക ലോകത്തിനു ആകാശരാജ്ഞിയായ ദിവ്യാംബിക ആദാനം ചെയ്തിരിക്കുന്ന ദിവ്യസന്ദേശം മേരിരാജ്യമെന്നു് അഭിമാനിക്കുന്ന മലയാളത്തു പ്രചരിപ്പിക്കുവാൻ ചെയ്തിട്ടുള്ള ഒരു പരിശ്രമമാണു് ഈ ഗ്രന്ഥത്തിൽ കാണുന്നതു്. ഫാത്തിമായിൽ മൂന്നു കുട്ടികൾക്കുണ്ടായ ദിവ്യദർശനങ്ങളും അവർവഴി ലോകത്തിനു നൽകിയിരിക്കുന്ന സന്ദേശങ്ങളുമാണു പ്രതിപാദ്യവിഷയം.

ലോകസമാധാനത്തിനും റഷ്യയുടെ മാനസാന്തരത്തിനുമായി ലോകമഖിലത്തേയും പരിശുദ്ധയമ്മയുടെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കണമെന്നും ഭക്തിയോടുകൂടെ ജപമാല ചൊല്ലണമെന്നും പ്രായശ്ചിത്തം അനുഷ്ഠിക്കണമെന്നുമാണു ദിവ്യജനനി പഠിപ്പിച്ചിട്ടുള്ളതു്. ഈ ഉദ്ബോധനങ്ങൾ എല്ലാവരിലും എത്തിച്ചേരേണ്ടതാകയാൽ എത്രയും ആവശ്യമായ ഒരു പുസ്തകമാണു ഗ്രന്ഥകാരൻ മലയാളികൾക്കു പ്രദാനം ചെയ്തിട്ടുള്ളതു്. ഈ വിഷയത്തെ സംബന്ധിച്ചു മററു ഭാഷകളിൽ വളരെയധികം ഗ്രന്ഥങ്ങളുണ്ടായിട്ടുണ്ടെങ്കിലും കേരളത്തിൽ അധികമൊന്നും ഇതിനകം പ്രസാധനം ചെയ്തു കണ്ടിട്ടില്ല.

ഗ്രന്ഥത്തിൽ നിരൂപകനു് എത്രയും പ്രിയംകരമായിതോന്നുന്നതു ഗ്രന്ഥകാരന്റെ പ്രസ്താവനയാണു്. ജപമാല വീട്ടിൽ ചൊല്ലേണ്ട വിധമെങ്ങനെയെന്നു സമ്യക്കായി സൂചിപ്പിച്ചിട്ടുണ്ടു്. ഗാർഹികപ്രാർത്ഥനകൾ ദീർഘമായാലുള്ള ദോഷം വ്യക്തമാക്കിക്കൊണ്ടു്, ഓരോ വീട്ടിലും ചൊല്ലേണ്ടതായ പ്രാർത്ഥനകൾ ഇന്നതെന്നു കാണിച്ചിരിക്കുന്നു. മാതാവിന്റെ ലുത്തിനിയായിൽ ഒരു ഭാഗം "എത്ര നല്ലൊരു ശോനാഥാ" എന്ന മട്ടിൽ ഗാനമാക്കിയിട്ടുണ്ടു്.

ഭൂലോകദോഷങ്ങളെ
നീക്കുന്ന ദൈവത്തിന്റെ
ചെമ്മരിയാട്ടിൻകുട്ടീ
പാപങ്ങൾ പോക്കണമേ.

പ്രസ്താവനയിൽ ഗ്രന്ഥകാരൻ പറയുന്നു: "ഇതു് ഒരു സാഹിത്യകൃതിയായി പരിഗണിക്കപ്പെടണമെന്നു് ഞാൻ ആഗ്രഹിച്ചിട്ടില്ല. പ്രത്യുത സ്നേഹത്തിന്റെ ഒരു കൃതിയായിരുന്നാൽ കൊള്ളാമെന്നുണ്ടു്." ഗ്രന്ഥകാരന്റെ ആഗ്രഹം നിറവേറിയിട്ടുണ്ടെന്നാണു് തോന്നുന്നതു്. കന്യകാമറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തിയും ജപമാലയും പ്രചരിപ്പിക്കുവാൻ ഈ ഗ്രന്ഥം തികച്ചും പര്യാപ്തമാണു്. ദിവ്യാംബിക ഗ്രന്ഥകാരനേയും ഗ്രന്ഥത്തെയും അനുഗ്രഹിക്കട്ടെ.

T. M.

# സംഭവകഥകൾ

### ഞങ്ങളുടെ സ്നേഹിതനും സഹപ്രവർത്തകനും

ക്യൂബെക്കിലുള്ള ഒരു പ്രൊട്ടസ്റ്റൻറുകാരൻ തനിക്കായി ഒരു വ്യവസായശാല പണിയുന്നതിനു ഒരു കത്തോലിക്ക കൺട്രാക്ടരെ ഏല്പെടുത്തി. തിരുഹൃദയത്തോടു വളരെ ഭക്തിയുണ്ടായിരുന്ന ആ കൺട്രാക്ടർ നിശ്ചിതദിവസം രാവിലെ കുറെ വേലക്കാരോടുകൂടി സ്ഥലത്തുവന്നു. ആദ്യമായിത്തന്നെ സൗകര്യമായ ഒരു സ്ഥാനത്തു ഒരു പീഠമുണ്ടാക്കി താൻ കൂടെ കൊണ്ടുപോന്നിരുന്ന മനോഹരമായ ഒരു തിരുഹൃദയരൂപം അതിന്മേൽ സ്ഥാപിച്ചതിനുശേഷമാണു പണി ആരംഭിച്ചതു്. അന്നുച്ചകഴിഞ്ഞുമാത്രമെ ഉടമസ്ഥൻ സ്ഥലത്തു വന്നുള്ളു. അവിടെ വച്ചിരിക്കുന്ന രൂപം കണ്ടിട്ടു അയാൾക്കു അത്ര രസിച്ചില്ല.

"അതെന്താണു്?" അയാൾ ചോദിച്ചു.

"ഞങ്ങളുടെ സ്നേഹിതനും സഹപ്രവർത്തകനും. ഞങ്ങളുടെ വേലസമയത്തു അദ്ദേഹവുംകൂടി ഉണ്ടായിരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

"അതിവിടെ വച്ചുകൊണ്ടിരിക്കാൻ എനിക്കു സമ്മതമില്ല."

"അദ്ദേഹത്തിനു് ഇവിടെ സ്ഥാനമില്ലെങ്കിൽ ഞങ്ങൾക്കു ഈ ജോലിചെയ്യാൻ നിവൃത്തിയില്ല" എന്നുപറഞ്ഞുകൊണ്ടു് ഉടനെതന്നെ പണിനിറുത്തി ഭാണ്ഡവും മുറുക്കി അവർ യാത്രയായി.

ഉടമസ്ഥൻ ഇതുകണ്ടു് അത്ഭുതപ്പെട്ടു. ഏതാനും മണിക്കൂർനേരം അവർ ചെയ്ത ജോലി നോക്കിയിട്ടു അവർ സമർത്ഥന്മാരാണെന്നും അത്ര നല്ല വേലക്കാരെ വേറെ കിട്ടാൻ പ്രയാസമാണെന്നും മനസ്സിലാക്കി അവരുടെ പുറകെ ആളയച്ചു് സ്നേഹിതനോടുകൂടി വന്നു ജോലി തുടരുന്നതിനു അപേക്ഷിച്ചു.

അതനുസരിച്ചു് അവർ വന്നു. വ്യവസായശാലയുടെ പണി തീരുന്നതുവരേയും തിരുഹൃദയരൂപം പൂജ്യമായ ഒരു സ്ഥാനത്തു നിലകൊണ്ടിരുന്നു.

ബാഹ്യമായി സൗകര്യപ്പെടാത്തപക്ഷം ആന്തരികമായിട്ടെങ്കിലും ഈശോയുടെ സാന്നിദ്ധ്യത്തിലും സഹകരണത്തിലും നാം സകല ജോലികളും ചെയ്തിരുന്നെങ്കിൽ അതു എത്ര അനുഗ്രഹദായകമായിരുന്നേനെ! (M. S. H.)

### യാക്കോബു് പറഞ്ഞതുതന്നെ

വൃദ്ധനായ ആ സ്കോച്ചുകാരന്റെ ജോലി കടത്തിറക്കുകയായിരുന്നു. അയാളുടെ വള്ളത്തിന്റെ ഒരു തണ്ടിന്മേൽ "വിശ്വാസം" എന്നും മറേറ തണ്ടിന്മേൽ "പ്രവൃത്തി" എന്നും കൊത്തിയിരിക്കുന്നതിനെ മാന്യനായ ഒരു യാത്രക്കാരൻ കണ്ടിട്ടു് അതിന്റെ അർത്ഥമെന്തെന്നു ചോദിച്ചു. "ഞാൻ കാണിച്ചുതരാം." വൃദ്ധൻ മറുപടിപറഞ്ഞു. അയാൾ ഒരു തണ്ടു് നിത്താൻ പറഞ്ഞിട്ടു്, "പ്രവൃത്തി" എന്നു കൊത്തിയിരുന്ന മറേറതണ്ടുമാത്രം വലിച്ചു. അപ്പോൾ വള്ളം വൃത്തത്തിൽ കിടന്നു ചുററി. അനന്തരം ആ തണ്ടു് നിത്തിയിട്ടു് "വിശ്വാസം" എന്നു രേഖപ്പെടുത്തിയിരുന്ന തണ്ടുമാത്രം വലിച്ചു. അപ്പോഴും മുമ്പിലത്തെപ്പോലെ വള്ളം കിടന്നു ചുററിയതേയുള്ളു. പിന്നീടു് രണ്ടു തണ്ടും ഒരുമിച്ചു വലിച്ചപ്പോൾ വള്ളം അതിവേഗത്തിൽ മുന്നോട്ടുനീങ്ങി. അപ്പോൾ വൃദ്ധൻ ആ യാത്രക്കാരനോടു പറഞ്ഞു: "അതുകണ്ടോ? ക്രിസ്തീയജീവിതം ഇങ്ങനെയാണു്."

യാക്കോബുശ്ലീഹാ പറഞ്ഞിട്ടുള്ളതും അതുതന്നെ: "പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാകുന്നു."

### കുരിശുവരച്ചതിനാൽ

കുന്നംകുളംകാരനായ ഒരു മാന്യൻ 1948 നവംബറിലെ അമേരിക്കൻ കാത്തലിക് ഡൈജസ്റ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ജീവിതാനുഭവം താഴെ ചേർക്കുന്നു: "ഞാനൊരു കൊച്ചുകുട്ടിയായിരുന്നപ്പോൾ എന്നെ ടൈഫോയിഡ്പനി ബാധിച്ചു. അതിനുശേഷം ഭക്ഷണം കഴിക്കുന്നതിനോ സംസാരിക്കുന്നതിനോ എനിക്കു സാധിച്ചിരുന്നില്ല. ആകയാൽ മൂക്കുവഴി ആഹാരം കഴിപ്പിക്കണമെന്നു ഡോക്ടർ അഭിപ്രായപ്പെടുകയും, അതിനുവേണ്ട ഉപകരണങ്ങൾ ഒരുക്കുകയും ചെയ്തു. പാൽ, നാരങ്ങാനീരു്, കഞ്ഞിവെള്ളം, മരുന്നുകൾ ആദിയായി 36 ഔൺസ് വരുന്ന ഭക്ഷണസാധനങ്ങൾ ശരിപ്പെടുത്തിവച്ചു. അനന്തരം ട്യൂബ് മൂക്കിൽകൂടി കീഴോട്ടിറക്കുകയും കുഴലിൽ ഘടിപ്പിക്കുകയും ചെയ്തു. എല്ലാം ക്രമത്തിലാണോ എന്നു പരിശോധിച്ചശേഷം ഡോക്ടർ ഒരു കോപ്പ എടുത്തു അതിന്റെ അകത്തുണ്ടായിരുന്ന ദ്രാവകം കുഴലിലേക്കു് ഒഴിക്കാൻ ഭാവിക്കയായിരുന്നു. അപ്പോൾ "നിത്തു്" എന്നു് എന്റെ അപ്പൂപ്പൻ വിളിച്ചുപറഞ്ഞു. "ഞാൻ അവന്റെമേൽ കുരിശുവരയ്ക്കാൻ മറന്നുപോയി. അവൻ മരുന്നു കുടിക്കുമ്പോഴെല്ലാം ഞാനങ്ങനെ ചെയ്യാറുണ്ടു്." അപ്പൂപ്പൻ എന്റെമേൽ കുരിശടയാളം വരച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങളുടെ ബന്ധത്തിൽപ്പെട്ട ഒരു ഡോക്ടർ മുറിയിലേക്കു വരുന്നതിനും ഇടയായി. ജിജ്ഞാസയാൽ അദ്ദേഹം ആ സജ്ജീകരണങ്ങൾ പരിശോധിച്ചു. കുഴൽ ശ്വാസകോശങ്ങളിലേക്കു കടന്നിരിക്കുന്നതായി അദ്ദേഹം കണ്ടു. അദ്ദേഹം അതു കണ്ടുപിടിച്ചില്ലെങ്കിൽ എന്റെ ജീവൻ അപകടത്തിലായേനെ. മാത്രമല്ല ഞങ്ങളെ സന്ദർശിക്കുന്നതിനായി വരികയിൽ അജ്ഞാതമായ ഏതോ കാരണത്താൽ കാർ അതിവേഗത്തിലാണു് ഓടിച്ചുപോന്നതെന്നും അദ്ദേഹം പറഞ്ഞു."

### മരിച്ചവർക്കായുള്ള പ്രാർത്ഥന

1948 ഡിസംബർമാസത്തിലെ കാത്തലിക് ഡൈജസ്റ്റിൽ മിസിസ് ജി. എം. തന്റെ ഭർത്താവിന്റെ മാനസാന്തരത്തിനുള്ള കാരണം കുറിച്ചിരിക്കുന്നതു ഇങ്ങനെയാണു്: "അകത്തോലിക്കനായ എന്റെ ഭർത്താവു് കത്തോലിക്കർക്കു എതിരായുള്ള മുൻവിധികൾ നിറഞ്ഞ ഒരു ലോകത്തിലാണു് ജനിച്ചുവളർന്നതെങ്കിലും, അവസാനം എന്നോടുകൂടിവന്നു ഒരു കുർബാന കാണാൻ സമ്മതിച്ചു. വികാരിയച്ചൻ മരിച്ചുപോയ ഒരു ഇടവകാംഗത്തിനുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. തൽക്ഷണം എന്റെ ഭർത്താവു മുട്ടുകുത്തി, ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നതിനെ ഞാൻ കണ്ടു. വീട്ടിലേക്കു മടങ്ങുംവഴി, തന്റെ പിതാവു ചരമം പ്രാപിച്ചിട്ടു് 12 സംവത്സരങ്ങളായെന്നും, പരേതർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു് താൻ ആദ്യം കണ്ടതു ആ പള്ളിയിലാണെന്നും ഭർത്താവു എന്നോടു പറഞ്ഞു. ഇപ്പോൾ അദ്ദേഹം വേദകാര്യങ്ങൾ പഠിച്ചുവരികയാണു്. ഏതാദൃശമായ ഒരു സഭയുടെ അംഗമായിത്തീരുവാൻ ഭാഗ്യം ലഭിക്കുന്ന ആ സുദിനം ആകാംക്ഷയോടെ പാർത്തിരിക്കയും ചെയ്യുന്നു."

——

## കടംകഥക്കാരൻ

(3-ാംപേജ് തുടർച്ച)

മ്പോൾ ഇങ്ങോട്ടൊന്നു വരാൻ പറയണേ." അവൻ ആ വരാന്തയുടെ അരമതിലിൽ ചാരിയിരുന്നു. "മുതലാളിയെക്കാൾ നല്ലതു കൊച്ചമ്മയാ" എന്നുള്ള തന്റെ മുൻവിധി അവൻ ആവർത്തിച്ചാവർത്തിച്ചുറപ്പിച്ചു. ചാരിതാർത്ഥ്യത്തിന്റെ നേരിയനിഴൽപ്പാടുകൾ ആ വിളറിയമുഖത്തു് അല്പാല്പം പ്രതിഫലിക്കുന്നതു സൂക്ഷ്മദൃക്കുകൾക്കു കാണാമായിരുന്നു. ക്ഷീണാധിക്യത്താൽ അവൻ ആ ഇരിപ്പിൽ ഒട്ടൊന്നു മയങ്ങിപ്പോയി.

സിൽക്കുടുപ്പിന്റെ ഒരു വെട്ടിത്തിളങ്ങൽ തൊമ്മിക്കുഞ്ഞിനെ കണ്ണുതുറപ്പിച്ചു. അതാ ഗ്രേസി അവിടെ വന്നു നിലകൊള്ളുന്നു. മാമ്പഴത്തിനു മത്സരംപിടിച്ചു തന്റെ പിറകെ ഓടിനടന്ന ഒരു പെൺകുഞ്ഞിനെയല്ല, പഠിപ്പിലും വെടിപ്പിലും ഓജസ്സിലും ഔജ്ജ്വല്യത്തിലും അനുനിമിഷം വളരുന്ന ഒരു സുകുമാരബാലികയെയാണവൻ കണ്ടതു്.

"അല്ല, ഇതാരു ഗ്രേസിയോ?" അവൻ കുശലപ്രശ്നമാരംഭിച്ചു.

"തൊമ്മിക്കുഞ്ഞെപ്പോൾ വന്നു? മലബാറിലെ വിശേഷങ്ങളൊക്കെപ്പറയു; ഞാൻകൂടെ കേൾക്കട്ടെ." അവൾ തന്റെ കളിച്ചങ്ങാതിയുടെയടുക്കൽ തായിൽത്തന്നെ ഇരിപ്പുറപ്പിച്ചു. ആ കുബേരകുമാരിയുടെ ഔന്നത്യം മുഴുവൻ വെറുമൊരു പട്ടിണിപ്പാവത്തിന്റെ മുമ്പിൽ മുട്ടുമടക്കി.

തൊമ്മിക്കുഞ്ഞു തന്റെ സുദീർഘചരിത്രം ഒരിക്കൽക്കൂടെ ആവർത്തിച്ചു. ആ പതിനഞ്ചുരൂപയുടെ ആവശ്യം ഉന്നയിച്ചുകൊണ്ടാണു് ഇത്തവണയും അവൻ ആത്മകഥ ഉപസംഹരിച്ചതു്.

ഗ്രേസിയുടെ കൺകോണുകൾ നിറഞ്ഞു. സ്വപിതാവിന്റെ ഹൃദയകാഠിന്യത്തെ അവൾ മനസാ പഴിച്ചു. എങ്കിലും ആ വാത്സല്യവാരാശിയെ വെറുക്കുവാൻ അവൾക്കു സാദ്ധ്യമല്ല. ഒന്നും പറയാതെ അവൾ ഗോവണിപ്പടികൾ കയറി രണ്ടാംനിലയിലേക്കു പോയി; അധികം താമസിയാതെ തിരിച്ചുവന്നു.

"തൊമ്മിക്കുഞ്ഞേ!" ഒരു കടലാസുപൊതി അവന്റെ കൈയിൽ കൊടുത്തിട്ടു ഗ്രേസി പറഞ്ഞു, "പതിനഞ്ചുണ്ടെന്നു തോന്നുന്നില്ല. പന്ത്രണ്ടു ചില്വാനം കണ്ടേക്കും. മുഴുവൻ ചില്ലറയാണു്. അപ്പച്ചൻ എനിക്കു സ്വകാര്യച്ചെലവിനു തന്നിരുന്നതിൽനിന്നു ഞാൻ സൂക്ഷിച്ചുവച്ചിരുന്നതാണു്. തല്ക്കാലം ഇതു കൊണ്ടുപോകൂ."

"വളരെ ഉപകാരം, എന്റെ ഗ്രേസിക്കു നല്ലകാലം വരട്ടെ!" അതിലും വലിയ ഒരു കൃതജ്ഞതാവാക്യം ആ കുഴിഞ്ഞ കണ്ണുകളിൽ തെളിഞ്ഞു നിന്നിരുന്നു.

"തൊമ്മിക്കുഞ്ഞിന്നു പോകണ്ടാ, സിനിമാകാണാനുമൊക്കെ കൊതിയില്ലേ? ഇന്നു മാററിനിക്കു ഞങ്ങൾ പോകുമ്പോൾ കൊണ്ടുപോകാം. മൂന്നരക്കു കാർ വരുമ്പോൾ റോഡിലേക്കിറങ്ങിയേച്ചാൽ മതി." അത്രയും പറഞ്ഞിട്ടു് അവൾ വീണ്ടും അവിടെനിന്നു പോയി. (തുടരും)

——

ആരോഗ്യപംക്തി

## മസൂരി

(S. D.)

പകർച്ചവ്യാധികളിൽ ഏററവും അപകടകരമായ ഒന്നാണു് മസൂരി. ഈ രോഗം ആബാലവൃദ്ധം ആരേയും ബാധിക്കാവുന്നതാണു്. സാധാരണയായി കുത്തിവെപ്പുനടത്താത്ത ആളുകളുടെ ഇടയിലാണു് മസൂരി വ്യാപിക്കുന്നതു്. ഈ രോഗാണുക്കൾ വായുവഴിയായും സ്പർശനംവഴിയായും ദേഹത്തിൽ പ്രവേശിക്കുന്നു. കള്ളു്, ചാരായം മുതലായ ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നവരെ ഇതു ബാധിക്കുന്നപക്ഷം കൂടുതൽ അപായകരമാണു്. രോഗാണുക്കൾ ഒരുവനിൽ പ്രവേശിച്ചു് ഏതാണ്ടു് പത്തുപന്ത്രണ്ടു ദിവസങ്ങൾ കഴിയുമ്പോൾമാത്രമേ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുകയുള്ളു.

ആരംഭത്തിൽ ശക്തിയായ തലവേദനയും പുറംവേദനയും ഉണ്ടായിരിക്കുന്നതിനുംപുറമെ നല്ല പനിയും ഉണ്ടായിരിക്കും. സാധാരണ നാലാംദിവസത്തിനകം ദേഹമാസകലം ചെറിയ ചെറിയ കുരുക്കൾപോലെ തടിച്ചുപൊങ്ങുകയും പത്തു ദിവസത്തിനകം കുരുക്കൾക്കുള്ളിൽ ഉള്ള വെള്ളം ചലമായിത്തീന്നു് പൊററപിടിക്കുകയും ചെയ്യുന്നു. ഈ പൊററ (crusts) പൊളിഞ്ഞുപോകുന്നതിനു് വളരെ ദിവസങ്ങൾ വേണ്ടിവരും. രോഗത്തിന്റെ ആരംഭംമുതൽ അവസാനം പൊററകൂടി പൊളിഞ്ഞുപോകുന്നതുവരെ ഇതു വളരെ വേഗം മററുള്ളവരിൽ പകരുന്നതിനിടയുണ്ടു്. പൊററപൊളിഞ്ഞുപോയാൽ തന്നെയും അതിന്റെ പാടു് (Mark) വളരെ നാളത്തേക്കു ദേഹത്തിലുണ്ടായിരിക്കും.

പരിചരണത്തിൽ പ്രദർശിപ്പിക്കുന്ന ശ്രദ്ധയുടെ തോതനുസരിച്ചിരിക്കും ഒരുവന്റെ സുഖപ്രാപ്തിയും. ധാരാളം ശുദ്ധവായു ലഭിക്കത്തക്കവണ്ണമുള്ള ഒരു മുറിയിൽ മററുള്ളവരിൽനിന്നും വേർതിരിച്ചു് (Isolation) രോഗിയെ കിടത്തുക. തിളപ്പിച്ചാററിയ വെള്ളം ധാരാളം കുടിപ്പിക്കുന്നതു വളരെ നല്ലതാണു്. സ്വല്പം Soda bicarb ചേർത്ത ചൂടുവെള്ളത്തിൽ തുണി മുക്കി പിഴിഞ്ഞു് അതുകൊണ്ടു രോഗിയെ ദിവസവും തുടയ്ക്കുന്നതു സുഖപ്രദമായിരിക്കും. ദേഹത്തിൽ നല്ല കടിയുള്ളതിനാൽ മാന്തിപ്പൊട്ടിക്കാൻ ഒരിക്കലും അനുവദിക്കരുതു്. രോഗത്തിനിടയിൽ കണ്ണുകഴുകി വെടിപ്പാക്കാതിരുന്നാൽ കണ്ണു പഴുത്തു കാഴ്ചയില്ലാതായിത്തീരാനിടയുണ്ടു്. അതിനാൽ കുറഞ്ഞതു രണ്ടു പ്രാവശ്യമെങ്കിലും ദിവസത്തിൽ കണ്ണുകഴുകാൻ ശ്രദ്ധിക്കണം. ഇതിനായി സ്വല്പം ഉപ്പോ, ബോറിക്കു് ആസിഡ് (Boric acid) പൊടിയോ ചേർത്തു് തിളപ്പിച്ചാററിയ വെള്ളം ഉപയോഗിക്കാവുന്നതാണു്. ഭക്ഷണംകഴിക്കുന്ന ഓരോ പ്രാവശ്യവും വാ കഴുകി വെടിപ്പാക്കാൻ മറക്കരുതു്. രോഗം സുഖപ്പെട്ടുകഴിയുമ്പോൾ രോഗിയെ കുളിപ്പിക്കുന്ന വെള്ളത്തിൽ സ്വല്പം കാർബോളിക് ആസിഡ് (Carbolic acid) ചേർക്കുക. കൂടാതെ രോഗി ഉപയോഗിക്കുന്ന വസ്ത്രങ്ങൾ മുതലായവ ദഹിപ്പിച്ചുകളയുകയാണു് ഉത്തമം.

നമ്മുടെ നാട്ടിൽ സാധാരണചെയ്യാറുള്ളതുപോലെ ഈ രോഗം വന്നാൽ ആരേയും അറിയിക്കാതെ മറച്ചുവയ്ക്കുന്നതു ശരിയല്ല. അതു നാം സമുദായത്തോടു ചെയ്യുന്ന വലിയ ഒരപരാധമാണു്. ഏതെങ്കിലും ഒരു വ്യക്തിയെ രോഗം ബാധിച്ചാൽഉടൻതന്നെമുനിസിപ്പാലിററിയിൽ അറിവുകൊടുക്കണം. എന്നാൽ രോഗം പടർന്നുപിടിക്കാതിരിക്കത്തക്കവിധം അവർ വേണ്ടതു ചെയ്തുകൊള്ളും. രോഗിയെ മാററിത്താമസിപ്പിക്കുക, മലിനസാധനങ്ങൾ ദഹിപ്പിക്കുക (ear, nose & throat discharges) ഈച്ച മുതലായവ വന്നു് രോഗിയുടെ ദേഹത്തും പരിസരങ്ങളിലും ഇരിക്കാൻ സമ്മതിക്കാതിരിക്കുക, രോഗി ഉപയോഗിച്ച സാധനങ്ങൾ തിളപ്പിച്ചെടുക്കുകയോ, ദഹിപ്പിക്കുകയോ ചെയ്യുക ഇവയെല്ലാം രോഗം പരിചരിക്കുന്നവർ പ്രത്യേകം അറിഞ്ഞിരിക്കേണ്ട സംഗതികളാണു്. ഈ അവസരത്തിൽ പ്രധാനമായി നാം ചെയ്യേണ്ടതു് എല്ലാവരും വാക്സിനേഷൻ നടത്തുകയാണു്. ഒരു കുത്തിവെപ്പിന്റെ ഫലം 7 കൊല്ലത്തേക്കു് നീണ്ടുനില്ക്കുമെങ്കിലും എല്ലാകൊല്ലവും ഇതു ആവർത്തിക്കുന്നതാണു് ഉത്തമം.

——

എഴുത്തുപെട്ടി

## ആ പുരാതനരേഖയും മുൻവിധിയും

സർ,

സത്യദീപാധിപരവർകൾ സദയം അയച്ചുതന്ന ഫെബ്രുവരി 9-ലെ ലക്കത്തിൽ 4-ാം പുറത്തു് "പെരുമാലിൽ ആഗസ്തി"യുടെ ചോദ്യം കണ്ടു. 1948 ഫെബ്രുവരി 18-ാം തീയതി പാററനായിൽനിന്നു് എന്റെ ചിരകാലസ്നേഹിതൻ റവ. ഫാദർ എ. സി. പെരുമാലിൽ, എസ്. ജെ. എനിക്കയച്ച ഒരു മലയാളം കത്തിൽനിന്നു് മേല്പടി ആഗസ്തി അദ്ദേഹമാണെന്നറിഞ്ഞു.

(1) ഞാൻ പേരു പറയാതിരുന്ന ആ രേഖ ഏതാണു് എന്നാകുന്നു ചോദ്യം. അതിനെ ആധാരമാക്കി ഞാൻ "സത്യനാദ"ത്തിൽ 1948 ജൂൺ 5-ാംനു പറഞ്ഞതു് "അസത്യനാദം" ആണെന്നു്, ആ രേഖയുടെ പേരു ഞാൻ പറയുന്നതിനുമൻപുതന്നെ, അച്ചൻ വിധിച്ചു. അതു ന്യായമല്ലല്ലൊ.

(2) ചിലപ്പോഴൊക്കെ ഇങ്ങനെയുള്ള അസത്യനാദങ്ങൾ എന്റെ തൂലികപുറപ്പെടുവിക്കാറുണ്ടെന്നുള്ള അപരാധവും അച്ചൻ എന്നിൽ ആരോപിച്ചിരിക്കുന്നു.

(3) ആ അസത്യനാദങ്ങൾ ഏവയെന്നു് അച്ചൻ സത്യദീപത്തിൽ പ്രസ്താവിക്കണമെന്നപേക്ഷ.

(4) അതു കണ്ടിട്ടേ ആ പുരാതന രേഖയുടെ പേരു സത്യദീപത്തിൽ പറവാൻ എനിക്കു മനസ്സുവരു.

Trivandrum, 26—2—49 പി. കെ. ജോസഫ്

——

## മൊളോട്ടോവ്

സോവ്യററു് വിദേശകാര്യമന്ത്രിയായ മി. എം. മൊളോട്ടോവിനെ സോവ്യററു് സുപ്രീംകൗൺസിൽ മന്ത്രിസ്ഥാനത്തുനിന്നു മാററിയിരിക്കുന്നു. അദ്ദേഹത്തിനുപകരം ഐക്യരാഷ്ട്രസമിതിയിലെ റഷ്യൻപ്രതിനിധിസംഘത്തിന്റെ നേതാവായിരുന്ന മി. എം. വിഷിൻസ്കിയാണു് വിദേശകാര്യമന്ത്രിയായി നിയമിതനായിരിക്കുന്നതു്.

# ക്രിസ്ത്യാനികളുടെ ശില്പസംവിധാനം *

(എടമരം വി. സെബാസ്റ്റ്യൻ, വിദ്വാൻ)

(തുടർച്ച)

### ഗോത്തിക്ക് രീതി

ഗോത്ത് വർഗ്ഗക്കാരിൽനിന്നു സംജാതമായതുകൊണ്ടല്ല നിർദ്ദിഷ്ടരീതിക്ക് ഈ പേർ സിദ്ധിച്ചതു്. ശില്പകലയുടെ മുൻപ്രസ്താവിച്ച പരിവർത്തനപ്രസ്ഥാനം യൂറോപ്പിൽ പൂർണ്ണമായിപ്പരക്കുകയും തൽസ്ഥാനം നിലയുറയ്ക്കുകയും ചെയ്തശേഷം ഇററലിയിൽ കണ്ടുപിടിക്കപ്പെട്ട ഒരു സംജ്ഞയായിരുന്നു അതു്. അപരിഷ്കൃത ജാതിക്കാർക്കു മാത്രം പററിയതെന്നു വിചാരിക്കപ്പെട്ട മദ്ധ്യകാലകലയുടെ ഹാസ്യപര്യായമായിട്ടാണു് ഈ ശബ്ദം ആദ്യം പ്രചരിക്കാൻ തുടങ്ങിയതു്. അനന്തരം പരിവർത്തനരീതിയിൽനിന്നുള്ള മെച്ചംമൂലം പ്രസ്തുതകല സാക്ഷാൽ ഉൽകൃഷ്ടമെന്ന ഗണനയ്ക്കു് അർഹമാവുകയും തന്നിമിത്തം (Classic) മുഖ്യതരമെന്നു് വിളിക്കപ്പെടുകയും ചെയ്തു. എന്നാൽ ഒന്നുകിൽ അതിനു് (Pointed style) അശ്രുവൽകൃതരീതിയെന്നോ അല്ലെങ്കിൽ (Vertical style) ഉൽക്ഷിപ്തരീതിയെന്നോ അഥവാ ചരിത്രസ്ഥിതമായ സ്ഥാനം പുരസ്കരിച്ചു് (Medieval style) മാദ്ധ്യന്ദശരീതിയെന്നോ അന്യഥാ വളർച്ചയ്ക്കാധാരമായ പ്രധാനസരണിയെ ആസ്പദമാക്കി (Teutonic style) റ്യൂട്ടോണിക്ക് രീതിയെന്നോ പറയുന്നതായിരിക്കും അധികം യുക്തമായ നാമം.

### പണിയുടെ പ്രമാണങ്ങൾ

ശൂലരൂപമായ ആർച്ചിന്റെ ഉൽപാദനം, റോമൻസ്ക്യൂ ശില്പത്തിന്റെ ക്ഷയത്തിനും തൽസ്ഥാനത്തു് ഗോത്തിക്ക് ശില്പം ആരൂഢമാകുന്നതിനും കാരണമായെന്നു് മുൻപു് പ്രസ്താവിച്ചുവല്ലോ. തൽസംബന്ധമായി ചില സംഗതികൾ ആ ഘട്ടത്തിൽത്തന്നെ സൂചിപ്പിച്ചെങ്കിലും ഒരു ആർച്ചിന്റെ വളവിൽ വരുത്തിയ വെറും ഭേദഗതികൊണ്ടുമാത്രം താദൃശമായ മഹാപരിണാമം എങ്ങനെ സംഭവിച്ചുവെന്നു വിശദമാക്കാൻ അവ പൂർണ്ണപര്യാപ്തമല്ല. ആകയാൽ കാര്യം ഒട്ടൊക്കെ സാങ്കേതികവും ഗഹനവുമാണെങ്കിലും കുറെക്കൂടി സ്പഷ്ടമാക്കാൻ ശ്രമിക്കാം. വൃത്തത്തിനുപകരം കൂർത്തതായ ആർച്ചിന്റെ ഉപയോഗം, ആ മാററത്തിനു ആസ്പദമായ ഭവനവിഭാഗത്തിന്റെ ഉയരം വർദ്ധിക്കാൻ പ്രകൃത്യാ ഹേതുവായിത്തീരുന്നു. ആദ്യം ഈ മാററം മന്ദിരത്തിന്റെ അടിനിലയിലാണു് ചെയ്യപ്പെടുന്നതെങ്കിൽ അനന്തരം മുകളിലും ഒടുവിൽ മേൽക്കൂട്ടിലും അവശ്യം ആവർത്തിച്ചു് ആകെക്കൂടി ഉയരത്തിന്റെ വ്യത്യാസം അസാമാന്യമായി ചമയുമെന്നു് വ്യക്തമാണല്ലോ. എന്നാൽ അതു് ഗോത്തിക്ക് സംവിധാനത്തിന്റെ സാക്ഷാത്തായ ഉന്നമ്രസ്വഭാവമായി കരുതാൻ പാടില്ല. പിമ്പേ തുടങ്ങുന്ന പണിയുടെ വ്യത്യാസത്തേയും വിശേഷിച്ചു് മേൽക്കൂട്ടുമായുള്ള ബന്ധത്തേയും ആശ്രയിച്ചു് അപ്രകാരം സംഭവിക്കുന്നുവെന്നേയുള്ളു.

വൃത്താകാരമായ ആർച്ചുകൊണ്ടുണ്ടാകുന്ന വെൺമാടത്തിൽ ഒരു സമചതുരഖണ്ഡം സ്ഥലം ഒതുങ്ങുന്നു. എന്നാൽ പകരം കൂർത്ത ആർച്ചു കെട്ടുന്നപക്ഷം വീതിയെക്കാൾ അർദ്ധാംശംകൂടി നീളമുള്ള ഒരു ഖണ്ഡം അതുകൊണ്ടാവരണം ചെയ്യാവുന്നതാണു്. ഒരു ക്ലിപ്തമായ ആയാമത്തിൽ ആർച്ചിന്റെ ഇടകളുടെ സംഖ്യ പെട്ടെന്നു് ഇരട്ടിക്കുന്നു. ഓരോ ഇടയിലും കോടിക്കഴുക്കോലുപോലെ ആർച്ചു് മേലോട്ടുപോകുന്നു. ഒരു വിഭജനരേഖയായി സ്ഥിതിചെയ്യുന്നതിനാൽ കൂർത്ത ആർച്ചു് കെട്ടിമേഞ്ഞ മന്ദിരത്തിൽ ഈരണ്ടായി അനവധി താദൃശരേഖകൾ കാണാവുന്നതാണു്. കൂടാതെ ഭാരം മുഴുവൻ ഭിത്തികളിൽ നെടുനീളം നിക്ഷേപിച്ചുകൊണ്ടു അവയിന്മേൽ വിശ്രമിക്കുന്നതാണു് വളപുരപോലുള്ള ആർച്ചുകളുടെ സ്വഭാവം. നേരെമറിച്ചു്, കോണോടു കോണു് കുരിശാകൃതിയിൽ കെട്ടുന്ന ആർച്ചിന്റെ ഭാരം നാലുമൂലകളിലുമുള്ള സ്തംഭാഗ്രങ്ങൾമാത്രം താങ്ങുന്നു. തദ്ഫലം മന്ദിരത്തിനകത്തു് തൂണുകളും പുറത്തു കാലുകളും നിരപ്പെ നിർമ്മിക്കപ്പെടുന്നു. ബലിഷ്ഠങ്ങളായി ശോഷിച്ചു് ഉയർന്നു നില്ക്കുന്ന ഈ ശിലാരേഖകൾ ഭവനത്തെ അടിമുതൽ മുടിവരെ പലചതുരശ്രഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്നതുപോലെ തോന്നും. തന്നിമിത്തം റോമൻസ്ക്യൂ ദേവാലയത്തിൽ ഒരാറം മുതൽ മറെറ അററംവരെ കാണുന്ന അനാവേദ്ധ്യമായ കനത്ത ഭിത്തികൾക്കുപകരം ഗോത്തിക്ക് വിഹാരം ഇടകളിൽ നേരിയ വല്ല മറകളോടോ കണ്ണാടികളോടോകൂടിമാത്രം കൂർത്ത ആർച്ചുകൊണ്ടുള്ള മേൽക്കൂട്ടു താങ്ങുന്ന നീണ്ടുയർന്ന സ്തംഭങ്ങളുടെ ഒരു ചട്ടക്കൂടായി പരിണമിച്ചിരിക്കുന്നു. വാസ്തവത്തിൽ ഒരു ഗോത്തിക്ക് പള്ളിയുടെ പണിപ്പാടു നോക്കിയാൽ അതു് ഒരുതരം (Green house) സസ്യസംരക്ഷണശാലയാണെന്നു പറയാം. രണ്ടു ജാതി മന്ദിരങ്ങളിലും കല്ലിന്റെയും കുമ്മായത്തിന്റെയും അളവെല്ലാം ഏകദേശം തുല്യംതന്നെ. വ്യത്യാസം സ്ഥിതിചെയ്യുന്നതു അവയുടെ വിനിയോഗത്തിലാകുന്നു. ഒരു ഗ്രന്ഥകാരൻ പ്രസ്താവിച്ചിട്ടുള്ളതു് റോമൻസ്ക്യൂഭിത്തികൾ ഖണ്ഡശ: ഭേദിച്ചു് പാടുമാററിവെച്ചാൽ ഗോത്തിക്ക് വിഹാരത്തിന്റെ പുറങ്കാലുകളായെന്നാണു്.

ആർച്ചിന്റെ പുറത്തേക്കുള്ള തള്ളൽമൂലം അകത്തുള്ള കാലുകൾക്കു് ഉലച്ചിൽ തട്ടാതിരിക്കാൻവേണ്ടിയാണു് പുറങ്കാലുകൾ താങ്ങായി പണിചെയ്യപ്പെടുന്നതു്. അവ പാർശ്വങ്ങളിലെ വെൺമാടങ്ങൾ മുറിച്ചു് മേലോട്ടുകടന്നു് ആപാദാഗ്രം ഒന്നായി സ്ഥിതിചെയ്യുന്നു. ഇടയ്ക്കും മുകളിലും ഭംഗിമാത്രമല്ല, ഘനവും ഉറപ്പുംകൂടി നൽകുന്ന കൂർത്തകിരീടങ്ങൾ നിർമ്മിച്ചു് കാലുകളുടെ അഗ്രം അലങ്കരിക്കുന്നതിനാൽ കെട്ടിടത്തിന്റെ ഉയരം വേറെ വിധത്തിലും വർദ്ധിക്കയാണു് ചെയ്യുന്നതു്. മേൽവിവരിച്ച സംഗതികളിൽനിന്നു് കൂർത്ത ആർച്ചിന്റെ പണി വൃത്തമായ വെൺമാടത്തിന്റെ വെറും ഒരു ഭേദഗതി മാത്രമല്ലെന്നും പ്രത്യുത, തൽസന്നിവേശം നിർദ്ദിഷ്ടരീതിയുടെ പ്രസിദ്ധമായ ഉന്നമ്രപ്രകൃതിക്കു് യുക്തിപൂർവ്വം സഹായിക്കുന്നതിനാൽ പ്രശസ്തമായ ഒരു പ്രസ്ഥാനംതന്നെയെന്നും ഉള്ളതിനു സംശയമില്ല. ഒരിടത്തു പണിയുടെ പ്രധാനാംശങ്ങളിൽ ഉയരം കൂട്ടാനുള്ള വാസന ആവിർഭവിച്ചാൽ മേച്ചിലിന്റെ കൂർച്ചം, കാലുകളുടെ നെടുക്കം ആദിയായി മററു കാര്യങ്ങളിലും സർവ്വത്ര അതു പകർന്നു് വ്യാപിക്കുന്നതു അനുസന്ധാനത്തിന്റെ ഒരു സാമാന്യഗതിമാത്രമാകുന്നു.

### നേപഥ്യാഭിവൃദ്ധി

പണിയുടെ സമ്പ്രദായത്തിലും വാസനയിലും വന്ന പ്രസ്തുതമാററത്തോടുകൂടി നേപഥ്യവിധാനത്തിലും തദനുരൂപമായ ഒരു പരിണാമം ഉണ്ടാകാതിരുന്നില്ല. ബ്രഹ്മാണ്ഡസദൃശമായ ആകൃതിയും പ്രതാപസൂചകമായ പ്രകൃതിയും വെടിഞ്ഞു് മനോമോഹനതയും ഉത്ഥാനചൈതന്യവുമായിരുന്നു നിർദ്ദിഷ്ടശില്പം സ്വീകരിച്ച അലങ്കാരാദർശം. ചില ഗോത്തിക്ക് ദേവാലയങ്ങളിൽ കടന്നാൽ നിരനിരന്നു നൃത്തംചെയ്യുന്ന അനവധി ചരണങ്ങൾപോലെയുള്ള സ്തംഭപംക്തികൾ കണ്ടു് പ്രേക്ഷകന്മാർ അത്യധികം വിസ്മയിക്കാതിരിക്കയില്ല. ലളിതമായ ഈ സൗകുമാര്യത്തിന്റെ പിന്തുടർച്ചയിൽ പണ്ടത്തെ പരന്ന ഒഴുക്കൻഭിത്തികൾ കാററും വെളിച്ചവും സമൃദ്ധമായി കടക്കുന്ന അനേകം തുറപ്പുകൾക്കു് സ്ഥാനം നൽകി. വൃത്തം, ചതുരം, ത്രികോണം മുതലായ അരസികങ്ങളായ പഴയക്ഷേത്രഗണിതമാതൃകകളുടെ സ്ഥാനത്തു് പിരികൾ, മുനകൾ, നേർവരകൾ എന്നിവ സ്ഥലംപിടിച്ചു. മുഖവാരങ്ങളും മററു് പ്രധാനവിഭാഗങ്ങളും വിശേഷ് "ശിലാരാമ"ങ്ങളായിത്തീരത്തക്കവണ്ണം സ്വാഭാവികാകൃതികളുടെ അനുകരണത്തിനുവേണ്ടി പണ്ടത്തെ കൃത്രിമചിത്രവേലകളെല്ലാം മന്ദിരത്തിൽനിന്നു് നിരാകൃതമായി. ഈ നവീനവിധാനം കുറെക്കൂടി വളർന്നു് ചിലേടത്തു് തൂണുകളിൽ തുരന്നുണ്ടാക്കിയ കൂടുകളിലും വേറെ ചിലേടത്തു് ഭവനത്തിന്റെ നിസ്സരണം, കാലുകളിന്മേലുള്ള മകുടങ്ങൾ എന്നിവയിലും മററു ചിലേടത്തു മേച്ചിലിൽ ഉന്തിനില്ക്കുന്ന മുഖപ്പുകളിലും അനേകം പുണ്യവാന്മാരുടെയും ദൈവദൂതന്മാരുടെയും പ്രതിമകൾ നിരനിരയായി നിർമ്മിക്കപ്പെട്ടു. അങ്ങനെ ഭവനനിർമ്മാണാർത്ഥമുള്ള സാങ്കേതികയത്നങ്ങളുടെ തോതു് നിരന്തരം പുഷ്ടിപ്പെട്ടുകൊണ്ടിരുന്നതിനു പുറമെ നേപഥ്യപരമായ പരിശ്രമങ്ങളും ഇടവിടാതെ പുരോഗമിച്ചുവന്നു. വാതായനങ്ങളുടെ വിപുലീഭാവംകൂടി ഈ അഭിവൃദ്ധിക്കു് വലിയ സഹായമായിത്തീർന്നിട്ടുണ്ടു്. എങ്ങനെയെന്നാൽ അതിമാത്രം വിസ്തീർണ്ണമായ അത്തരം പഴുതുകൾ വിഭജിക്കപ്പെടേണ്ടതു് അവശ്യം ആവശ്യമാണു്. തദ്ഫലം ക്ഷേത്രഗണിതസിദ്ധാന്തങ്ങൾ അനുസരിച്ചു് എല്ലാത്തരം കല്ലുകൊണ്ടുമുള്ള സ്തംഭങ്ങളുടെയും വളവുകളുടെയും പണിയിൽ പ്രത്യക്ഷീഭൂതമായിട്ടുള്ള ബുദ്ധിചാതുര്യം ആരെയും ഹഠാദാകർഷിക്കാതിരിക്കയില്ല.

* പകർപ്പവകാശം ലേഖകനു്

— —




ഈയിടെ ഖദർ ജൂബാ ധരിച്ച ഒരു "ജനകീയമന്ത്രി"യും ചുവന്നനിറത്തിലുള്ള വില്ലു ധരിച്ച ഒരു ശിപായിയും കൂടി കാറിൽ "പ്രാദേശികാവശ്യങ്ങൾ നേരിട്ടറിയുന്നതിനായി" ഒരു ഗ്രാമത്തിൽ ചെന്നു. മന്ത്രിയുടെ ആഗമനവൃത്താന്തം നേരത്തേക്കൂട്ടി അറിഞ്ഞിരുന്നതിനാൽ അദ്ദേഹത്തെ യഥായോഗ്യം സ്വീകരിക്കുന്നതിനു ഗ്രാമീണർ സന്നിഹിതരായിരുന്നു. പക്ഷെ കാറുനിറുത്തിയപ്പോൾ അവർ ഹാരമണിയിച്ചതു ശിപായിയെയാണു്. സാധുക്കൾക്കു ഇപ്രകാരമുള്ള അബദ്ധങ്ങൾ പററാതിരിപ്പാൻവേണ്ടി മേലാൽ മന്ത്രിമാർ വില്ലായും ശിപായിമാർ ഖദർജൂബായും ധരിച്ചാൽ കൊള്ളാമെന്നു് അഭിപ്രായപ്പെടുന്നു.

*   *   *

ഡോക്ടർ: ഈ മരുന്നു് കൊണ്ടുപോയി ഭക്ഷണത്തിനുശേഷം സേവിക്കുക.

രോഗി: ഭക്ഷണം നേരത്തെ കൊടുത്തയച്ചിട്ടുണ്ടോ?

*   *   *

സഖാവു്: ഞാൻ പറഞ്ഞതനുസരിച്ചു പണിമുടക്കീട്ടു് നിങ്ങളുടെ മുതലാളി എന്തെങ്കിലും ആനുകൂല്യം ചെയ്തുതന്നോ?

തൊഴിലാളി: തീർച്ചയായും. സാറു ഞങ്ങളോടു പറഞ്ഞതു് രണ്ടു ദിവസം പണിയെടുക്കേണ്ടെന്നല്ലേ? എന്നാൽ മുതലാളി പറഞ്ഞിരിക്കുന്നു, ഞങ്ങൾ ഇനി പണി എടുക്കുകയേ വേണ്ടെന്നു്.

*   *   *

"ഡോക്ടറേ, എന്റെ പല്ലെല്ലാം കൊഴിഞ്ഞുപോകുന്നല്ലോ. അതിനു വല്ല പ്രതിവിധിയുമുണ്ടോ?"

"ഞാനൊരു ചെപ്പുതരാം."

## വിശുദ്ധവത്സര പരിപാടികൾ

വിശുദ്ധവർഷത്തിന്റെ ഉൽഘാടനം മെയ് 28-ാംനു- നിർവ്വഹിക്കപ്പെടുന്നതാണു്. മാർപ്പാപ്പാതിരുമേനിയുടെ സന്ദേശവായനയായിരിക്കും ആദ്യമായി നടത്തപ്പെടുന്നതു്. അടുത്ത ക്രിസ്മസിന്റെ തലേരാത്രി തുറക്കപ്പെടുന്ന വിശുദ്ധവാതിൽ 1950 ക്രിസ്മസിന്റെ തലേരാത്രി അടയ്ക്കുന്നതായിരിക്കും. പരിശുദ്ധപിതാവു് മാസത്തിലൊരിക്കൽ തീർത്ഥയാത്രക്കാരെ ഉദ്ദേശിച്ചു സെൻറ് പീറേറഴ്സിൽ ദിവ്യപൂജ അർപ്പിക്കുന്നതായിരിക്കും. അവിടുന്നു ജൂൺ 8-ാംനു-യിലെ ദിവ്യകാരുണ്യഘോഷയാത്രയിൽ പങ്കെടുക്കുന്നതാണു്.

## GLEANINGS

The best argument against Communism is Communism itself. Its chief objective is to destroy, not to build. It has no plans and specifications to remake what it has destroyed. It would disunite national units so to break them and leave them broken. It has no programme of social security, no plan through which more opportunities will be afforded to a greater number of people. It baptizes autocratic evidences with democratic names. It u es "democracy," "uplift of the masses," "people s goveri ment," "equity" and "equality" in a language of make-believe. *The Ave Maria*

*   *

In Leipzig, where about one-third of all street names have been changed since the Russian occupation, trolley conductors are required to call out the old as well as the new names to make it easier for visitors to find their way. The other day the conductor of a car passing through the centre of the city made the required announcement: "Karl Marx Square, formerly Augustus Square."

A passenger about to alight, shouted back, "Auf wiedersehen (goodbye), formerly Heil Hitler."

*The Savior's Call*

*   *

Why, then, should you think of death as something gloomy, something to be feared? Our Lord never speaks of bodily death as something dreadful; what He warns us against is the eternal death which sin can cause. When He speaks of bodily death He refers to it as His coming. "Watch" He says, "for you know not what hour your Lord will come" (Matt). "Watch for you know not what hour the Master of the house is coming" (Mark). In the Gospel of St. Luke Our Lord refers to death as the coming of the Son of Man (XII, 39). St. John closes the Apocalypse with the beautiful aspiration: "Come, Lord Jesus." St. Paul mocks at bodily death. "You have it within your power never to die". St. Augustine exclaims: "If you fear death, love life. Your life is God, your life is Christ, your life is the Holy Ghost." St. Francis of Assisi sings of death:

Be praised my Lord for sister
Death—
And happy those who find themselves within Thy will,
On them the second death can
work no harm.

Sister Elizabeth, a Carmelite nun who died a few years ago in the odour of sanctity, breathes confidence and joy in the face of death. "In two days," she writes, "I shall probably be in the bosom of my Three. Is not that joy enough? '*Laetatus sum in his quae dicta sunt mihi.*' It is Our Lady, full of light, pure with divine purity, who will take me by the hand and lead me to Heaven —I am going to light, to love, to life." *The Ave Maria*

*   *

Whatever is not growing, wears out. *Elliot Paul*

*   *

You are educated if you can do what you ought, whether you want to do it or not.

## നിങ്ങൾക്കറിയാമോ?

(രണ്ടാംപേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 ഉണ്ടു്. വക്കി അപവാദം പറയുക എന്ന തെററിൽ ഉൾപ്പെട്ടു.

2 ഇല്ല. മേരി ചെയ്തതു് ഉചിതമായി.

3 വേണ്ട. മുമ്പിലത്തെ ഒപ്പുശുമ ഒരിക്കൽ മാത്രമേ സ്വീകരിക്കാൻ പാടുള്ളു. ജോസ് മനസ്താപപ്പെട്ടു കുമ്പസാരിക്കുമ്പോൾ അവനു മുമ്പിലത്തെ ഒപ്പുശുമയുടെ വരപ്രസാദങ്ങൾ ലഭിക്കുന്നതാണു്. 4 ഇല്ല.

# Sathya Deepam

Vol. 22 Ernakulam March 16, 1949 No. 30


## വസ്തു വില്പാനുണ്ട്

എറണാകുളം ബാനർജിറോഡിനു സമീപം ഹൗസ് ഓഫ് പ്രോവിഡൻസ് റോഡിൻെറ പടിഞ്ഞാറരികിലും കണ്ണംകുന്നത്തുപള്ളിക്കു കിഴക്കുമായി സ്ഥിതിചെയ്യുന്ന പള്ളത്താനംപറമ്പിൽപെട്ട ഉദ്ദേശം രണ്ടേക്കർ സ്ഥലം ഒന്നായിട്ടോ ചെറിയ ബ്ളോക്കുകളായിട്ടോ വില്പാനുണ്ട്. ആവശ്യക്കാർ ഉടനെ അപേക്ഷിക്കുക :

എറണാകുളം,
20—7—24

റവ.ഫാദർ കരിയാക്കോസ് ചിറമേൽ,
എറണാകുളം മെത്രാപ്പോലീത്തൻപള്ളി വികാരി

## FREE INDIA BANK LIMITED

**H. O. Kottayam, Travancore**

(Incorporated under Travancore Companies Act—
Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam | Ramapuram | Ullala |

**FIXED DEPOSITS** received at rates varying from 4%—6% interest per annum.

**6% CASH CERTIFICATES** issued.

**CHEQUES, DRAFTS & BILLS** accepted

All interests payable Half Yearly.

**BANKING BUSINESS OF ALL KINDS UNDERTAKEN.**

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |

## ഏജൻറുമാരുടെ പ്രത്യേകശ്രദ്ധയ്ക്കു്

പത്രവില മുൻകൂർ കിട്ടാതെ പത്രക്കെട്ടുകൾ അയക്കുന്നതല്ലെന്നുള്ള വിവരം പലതവണയും അറിയിച്ചിട്ടുള്ളതാണല്ലോ. എന്നാൽ ചിലരെ സംബന്ധിച്ചിടത്തോളം പണം താമസിച്ചുകിട്ടുന്നതുകൊണ്ടു പത്രക്കെട്ടു അയച്ചുകൊടുക്കുന്നതിനു താമസം നേരിടുന്നുണ്ട്. ആകയാൽ പത്രം പ്രസിദ്ധപ്പെടുത്തുന്നതിനു ഒരാഴ്ച മുമ്പു ആപ്പീസിൽ പണം കിട്ടാത്തപക്ഷം അങ്ങനെയുള്ള ഏജൻറുമാർക്കുള്ള പത്രത്തിൻെറ പ്രതികൾ അടിക്കുന്നതല്ലെന്നു അറിയിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം

പഞ്ചഭൂതാത്മകമായ ദേഹത്തിൽ

## അഗ്നി, വായു, ആകാശം

എന്നീ ഭൂതാംശങ്ങൾ വർദ്ധിക്കുമ്പോൾ ധാതുക്കൾ ക്ഷയിക്കുന്നതിനാൽ ഓജഃക്ഷയസംബന്ധമായ ഏങ്ങൽ, മൂലക്കുരു, ഗ്യാസ്ട്രബ്ൾ, നേരിയപനി, നെഞ്ച് പള്ള വേദന, ഉറക്കമില്ലായ്മ, ശോധനക്കുറവ്, നീർവീഴ്ച, കഴുത്തുപുറം കഴപ്പ്, ഇടസ്സു ചുമ തുടങ്ങിയ ക്ഷയരോഗചിഹ്നങ്ങൾ തുടങ്ങുന്നു. പഞ്ചഭൂതങ്ങളുടെ ക്രമക്കേടിനെ തീർക്കുക മാത്രമേ ഇവിടെ വേണ്ടൂ. ഈ ലക്ഷ്യത്തിനു വിപരീതമായ ഔഷധപ്രയോഗങ്ങൾ മൂലവും ധാരാളംപേർ ക്ഷയരോഗികളായി തീരുന്നുണ്ട്.

ഏങ്ങൽ തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർക്കു മേൽകാണിച്ച തത്വത്തെ അടിസ്ഥാനമാക്കിയ ഔഷധങ്ങൾ ലഭിക്കുന്നില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അസാദ്ധ്യതയെ പ്രാപിക്കുംമുമ്പായി **നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാദിതൈലം** ഉപയോഗിച്ച് പഞ്ചഭൂതങ്ങളുടേയും അതുമൂലം ധാതുക്കളുടേയും സാമ്യതയെ പ്രാപിക്കാവുന്നതാണ്. ഉപയോഗക്രമം തുടങ്ങിയ വിവരങ്ങളുള്ള ബുക്ക് മരുന്നോടുകൂടി കിട്ടുന്നതാകുന്നു.

14 ദിവസത്തെ 3 മരുന്നുകൾക്കുംകൂടി വില 6-8-0 മാത്രം

തൃശ്ശൂർ, എറണാകുളം, കൊച്ചി, തൃപ്പൂണിത്തുറ, ചാലക്കുടി, ഇരിങ്ങാലക്കുട, കാട്ടൂർ, ഒല്ലൂർ ഈ സ്ഥലങ്ങളിലെ മെഡിക്കൽഷാപ്പുകളിൽ അന്വേഷിക്കുക: വി. പി. യായി വേണ്ടവർ 2 ക. അഡ്വാൻസയക്കണം.

Prop: കാളത്തു് പാവുണ്ണി ഔസേപ്പു വൈദ്യൻ,
കാളൻ ആയുർവ്വേദിക്ക് ഫാർമസി, നെല്ലായി P. O., പുതുക്കാട് A. O.

## ജയഭാരതം

### ഒരു പുതിയ ദ്വൈമാസികം

മലയാളഭാഷയിൽ

**New Review, Modern Review Indian Review**

എന്നീ മാസികകളുടെ രീതിയിൽ

വരിസംഖ്യ: ആണ്ടിൽ 4 രൂപ

ആവശ്യപ്പെടേണ്ടും മേൽവിലാസം—

ഷെവ. സി. ജെ. വർക്കി, എം. എ.
"ജയഭാരതം" മാനേജിംഗ് പത്രാധിപർ
തേവര അഞ്ചൽ (എറണാകുളം)

## വിശുദ്ധ വാരത്തിലെ തിരുകർമ്മങ്ങൾ

By ഫാദർ മാത്യു പുതിയിടം

വലിയ ആഴ്ചയിലെ തിരുകർമ്മങ്ങളിൽ സംബന്ധിക്കുന്ന ഓരോരുത്തരുടെയും കയ്യിൽ ഈ തർജ്ജിമ ഉണ്ടായിരിക്കേണ്ടതാണ്. വില 3 ണ. മാത്രം.

എൽത്തുരുത്തു പ്രസ് സൂപ്രണ്ട്
കൊച്ചിൻ സ്റ്റേററ്

ഈശോയുടെ തിരുഹൃദയം
വിജയിപ്പൂതാക!



ഈശോനാഥാ, അവിടുന്നു ഞങ്ങൾക്കു് നൽകിയ നിരവധി വലിയ അനുഗ്രഹങ്ങൾക്കു് സ്തുതി.

പാപികളായ ഞങ്ങളെ അനുഗ്രഹിച്ചാലും! ബ: സിസ്റ്റർ അൽഫോൻസാമ്മയ്ക്കും ഞങ്ങളുടെ കൃതജ്ഞത.

ടി. യു. പൗലോസ്

## കൊററമത്തിപള്ളിയിൽ

### നാല്പതുമണി ആരാധനയും— ദിവ്യകാരുണ്യ മഹായോഗങ്ങളും

**1949 മാർച്ച് 22,23,24 (ചൊവ്വാ, ബുധൻ, വ്യാഴം) എന്നീതിയതികളിൽ**

തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടും കോട്ടയം സഹായമെത്രാൻ തിരുമനസ്സുകൊണ്ടും എറണാകുളം വികാരിജനറാൾ അവർകളും തിരുകർമ്മങ്ങളിൽ പ്രധാനകാർമ്മികത്വം വഹിക്കുകയും പൊതുയോഗങ്ങളിൽ അദ്ധ്യക്ഷപദം അലങ്കരിക്കുകയും ചെയ്യുന്നതാണ്.

വികാരി

## രാജിവച്ചു

ചൈനീസ് പ്രധാനമന്ത്രി ഡോക്ടർ സൺഫോ രാജിവച്ചിരിക്കുന്നു.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam